# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പറ്റ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യ്യ.വൈ.ഡി-എം3-183/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

തീയ്യതി: 19/03/2024

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൽപ്പറ്റ മുനിസിപ്പാലിറ്റി

സർ,

**വിഷയം : കൽപറ്റ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1,1-22,1-52 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്(ഉ.പ.സ)
ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ്,വയനാട്.
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ഡബ്യ.വൈ.ഡി-എം3-183/2024 തീയ്യതി: 19/03/2024

## വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 11-02-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വസന്ത.പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-02-2024 | 21-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-02-2024 | 21-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.ഷൈജു മാത്യു.ഓഡിറ്റ് ഓഫീസർ
2. ശ്രീ.സക്കീർ ഹുസൈൻ.പി.ഓഡിറ്റ് ഓഫീസർ,
3. ശ്രീ.കെ.ശശീന്ദ്രൻ,ഓഡിറ്റ് ഓഫീസർ
4. ശ്രീ.നവാസ്.കെ.എം.അസി.ഓഡിറ്റ് ഓഫീസർ
5. ശ്രീ.ബിന്ദു.കെ.കെ അസി.ഓഡിറ്റ് ഓഫീസർ
6. ശ്രീ.ഡേവിഡ്.കെ.വി.അസി.ഓഡിറ്റ് ഓഫീസർ
7. ശ്രീ.അലി.അക്ബർ.കെ,അസി.ഓഡിറ്റ് ഓഫീസർ
8. ശ്രീ.സമീർ.എം.അസി.ഓഡിറ്റ് ഓഫീസർ
9. ശ്രീ.അനിൽ ജോസ് ഡൊമിനിക്,ഓഡിറ്റർ
10. ശ്രീ,വിപിൻ ചന്ദ്രൻ,ഓഡിറ്റർ
11. ശ്രീ.അപർണ്ണ ശശിധരൻ,ഓഡിറ്റർ
12. ശ്രീ.അർജ്ജുൻ മാത്യു.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുജീബ് കേയംതൊടി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.ജി.രവീന്ദ്രൻ | സെക്രട്ടറി | 01-04-2022 | 31-08-2022 |
| ശ്രീ.ബിജു.വി.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2022 | 17-11-2022 |
| ശ്രീ.അലി അസ്ഹർ എൻ കെ | സെക്രട്ടറി | 18-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ജി രവീന്ദ്രൻ | സെക്രട്ടറി | 01-04-2022 | 31-08-2022 |
| ശ്രീ.ബിജു.വി.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2022 | 17-11-2022 |
| ശ്രീ.അലി അസ്ഹർ എൻ കെ | സെക്രട്ടറി | 18-11-2022 | 31-03-2023 |
| ശ്രീ.ബിജു.വി.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.സത്യൻ | ഹെൽത്ത് ഓഫീസർ | 01-04-2022 | 16-02-2023 |
| ശ്രീ.വിൻസെന്റ്.കെ.വി | ഹെൽത്ത് ഓഫീസർ | 17-02-2023 | 31-03-2023 |
| ശ്രീ.അഖിൽ.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സജീവൻ.പി.ടി | പ്രിൻസിപ്പാൾ | 01-04-2022 | 31-03-2023 |
| ഡോ.ജയരാജ്.കെ | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഷീബ മുല്ലപ്പള്ളി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീകുമാർ മുകുന്ദൻ | സൂപ്രണ്ട്, ജനറൽ ആശുപത്രി | 01-04-2022 | 31-03-2023 |
| ശ്രീമതി.ശാന്തമ്മ.കെ | ഐ.സിഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ആഷിഖ് ബാബു.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബാബുരാജൻ എൻ.എം | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 12-09-2022 |
| ശ്രീ.അനീഷ് ജോസ് | പട്ടികജാതി വികസന ഓഫാസർ | 13-09-2022 | 26-09-2022 |
| ശ്രീ.ശ്രീനാഥ്. എസ് | പട്ടികജാതി വികസന ഓഫാസർ | 27-09-2022 | 31-03-2023 |
| ശ്രീ.ജംഷീദ് ചെമ്പൻതൊടിക | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷികകണക്ക് പരിശോധിച്ചുള്ള സാക്ഷ്യപത്രം | 1-1 |
| 2 | റീകൺസിലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | മുൻബാക്കി രേഖപ്പെടുത്തിയതിൽ പൊരുത്തക്കേട്. | 1-1-3 |
| 5 | Excess Of Income Over Expenditure-കണക്കാക്കിയതിൽ പൊരുത്തക്കേട് | 1-1-4 |
| 6 | ഗ്രാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ആസ്തി വിവരങ്ങൾ കാലികമല്ല. | 1-1-7 |
| 9 | സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-8 |
| 10 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | രജിസ്റ്ററുകൾ വാർഷികക ണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-1-10 |
| 12 | കുടിശ്ശിക ഈടാക്കുന്നതിന് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല. | 1-1-11 |
| 13 | Prior Period Items-രേഖകൾ ഹാജരാക്കിയില്ല. | 1-1-12 |
| 14 | മറ്റ് അപാകതകൾ | 1-1-13 |
| 15 | ബഡ്ജറ്റ് | 1-2 |
| 16 | ബജറ്റ് പൂർണ്ണമല്ല. | 1-2-1 |
| 17 | ബജറ്റിന്റെ അവലോകനം നടത്തുന്നില്ല. | 1-2-2 |
| 18 | ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-2-3 |
| 19 | ബജറ്റിന്റെ പരിശോധന | 1-2-4 |
| 20 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 21 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 22 | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം | 1-5 |
| 23 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | പദ്ധതി ആസൂത്രണവും നടത്തിപ്പും | 1-11 |
| 29 | ടാക്സ് ഓഡിറ്റ് | 1-12 |
| 30 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം | 1-12-1 |
| 31 | വസ്തു നികുതി പിരിവ് | 1-12-2 |
| 32 | സേവന ഉപനികുതി | 1-12-3 |
| 33 | തൊഴിൽ നികുതി | 1-12-4 |
| 34 | വിനോദ നികുതി | 1-12-5 |
| 35 | നികുതിയേതര വരവുകൾ | 1-12-6 |
| 36 | ഉപസംഹാരം | 1-12-7 |
| 37 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-13 |
| 38 | ജീവനക്കാരുടെ / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13-1 |

| | | |
|---|---|---|
| 39 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13-2 |
| 40 | വാടകയിനത്തിൽ വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു. | 1-14 |
| 41 | രസീതുകളുടെ അച്ചടിയും സൂക്ഷിപ്പും ക്രമപ്രകാരമല്ല. | 1-15 |
| 42 | ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-16 |
| 43 | ഐ.ബി.പി.എം.എസ് വഴി അനുവദിച്ച പെർമിറ്റുകളുടെ ഫീസ് മുനിസിപ്പാലിറ്റിക്ക് ലഭ്യമായിട്ടില്ല | 1-16-1 |
| 44 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-17 |
| 45 | വസ്തുനികുതി -വാർഷിക ധനകാര്യപത്രികയും,ഡി.സി.ബി.സ്റ്റേറ്റ്മേന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-18 |
| 46 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് . | 1-19 |
| 47 | കെട്ടിടങ്ങളുടെ മേഖലകൾ നിർണയിച്ചിട്ടുള്ളതിലെ അപാകതകൾ. | 1-20 |
| 48 | ലൈസൻസ് ഫീസ്-ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. | 1-21 |
| 49 | അനധികൃത നിർമാണം-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 50 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകി. വസ്തു നികുതി നഷ്ടം | 1-23 |
| 51 | കിഴങ്ങ് വിള വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-24 |
| 52 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം - അപാകങ്ങൾ | 1-25 |
| 53 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം - സർക്കാർ അനുമതി വാങ്ങിയില്ല | 1-25-1 |
| 54 | വീട്ടുവളപ്പിൽ മത്സ്യകൃഷി - പദ്ധതി ആസൂത്രണത്തിൽ അപാകത. | 1-26 |
| 55 | വാഹന വാടക – നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-27 |
| 56 | പ്രവർത്തനക്ഷമമല്ലാത്തതും, ആവശ്യമില്ലാത്തതുമായ പൊതു ടാപ്പുകൾ ഒഴിവാക്കി വാട്ടർ ചാർജ്ജിനത്തിലെ ചെലവ് നിയന്ത്രിക്കേണ്ടതാണ്. | 1-28 |
| 57 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലേക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക തിരികെ നിക്ഷേപിക്കേണ്ടതാണ്. | 1-29 |
| 58 | ജിവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസിന്റെ തിരിച്ചടവ് പൂർണ്ണമായും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പവരുത്തേണ്ടതാണ്. | 1-30 |
| 59 | 2003 ലെ കേരള മുനിസിപ്പാലിറ്റി ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-31 |
| 60 | പഴയ സ്റ്റാന്റ് കംഫർ ട്ട്സ്റ്റേഷൻ– വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കിയത്-കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 1-32 |
| 61 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 1-33 |
| 62 | കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തി പൂർത്തീകരണ വിവരം ഇല്ല | 1-34 |
| 63 | സ്പിൽ ഓവർ പദ്ധതികൾ - ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-35 |
| 64 | മുൻകൂറായി തുക നൽകി - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-36 |
| 65 | ഇ-ഹെൽത്ത് പദ്ധതി- പൂർണ്ണ ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-37 |
| 66 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടില്ല. | 1-38 |
| 67 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ– പർച്ചേസ് - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-39 |
| 68 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-40 |
| 69 | എസ്.എസ്.കെ വിഹിതം വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 1-41 |
| 70 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം -അപാകതകൾ | 1-42 |
| 71 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ചെലവ് രേഖകൾ മുഴവൻ ഹാജരാക്കിയിട്ടില്ല. | 1-43 |
| 72 | പട്ടികജാതി വിഭാഗകാരായ വിദ്യാർത്ഥികൾക്ക് ധനസഹായം - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. | 1-44 |
| 73 | സർക്കാർ നിർദ്ദേശ പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. | 1-45 |
| 74 | പട്ടികജാതി വിഭാഗകാരായ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയർ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-46 |

| | | |
|---|---|---|
| 75 | കോളനികളിൽ ടോയ്ലറ്റ് നിർമാണം - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 1-47 |
| 76 | മുണ്ടേരി പാർക്ക് നിർമാണം | 1-48 |
| 77 | തലാരംകുന്ന് കേളനിയിൽ ടോയ്ലറ്റ്- പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 1-49 |
| 78 | കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 1-50 |
| 79 | ബഡ്സ് സ്കൂൾ മുറ്റം ഇൻററർലേക്ക് വിരിക്കൽ - എർത്ത് വർക്കിന് അധിക നിരക്ക് നൽകി | 1-51 |
| 80 | ഷീ ലോഡ്ജ് - കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല. | 1-52 |
| 81 | അർബൻ പി.എച്.സി മുറ്റം ഇൻററർലേക്ക് വിരിക്കൽ– എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു. | 1-53 |
| 82 | ബഡ്സ് സ്കൂൾ മേൽക്കൂര നവീകരണം - നിർവഹണത്തിൽ അപാകതകൾ | 1-54 |
| 83 | പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ | 1-55 |
| 84 | കോട്ടാഞ്ചിറ കുടിവെള്ള പദ്ധതി - മോട്ടോറിന് അധിക നിരക്ക് നൽകി | 1-56 |
| 85 | പ്രവർത്തി വൈകി പൂർത്തീയാക്കി - കാലതാമസത്തതിന് പിഴ ഈടാക്കിയില്ല. | 1-57 |
| 86 | ചെറിയ പടപ്പുരം കേളനിയിൽ ടോയ്ലറ്റ് - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 1-58 |
| 87 | നിർവ്വഹണം തുടങ്ങാത്ത സ്പിൽ ഓവർ പ്രൊജക്ടുകൾ. | 1-59 |
| 88 | പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട് | 1-60 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോളനികളിൽ ടോയ്ലറ്റ് നിർമാണം - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 3-1 |
| 2 | തലാരംകുന്ന് കേളനിയിൽ ടോയ്ലറ്റ്- പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 3-2 |
| 3 | കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 3-3 |
| 4 | ബഡ്സ് സ്കൂൾ മുറ്റം ഇൻററർലേക്ക് വിരിക്കൽ - എർത്ത് വർക്കിന് അധിക നിരക്ക് നൽകി | 3-4 |
| 5 | അർബൻ പി.എച്.സി മുറ്റം ഇൻററർലേക്ക് വിരിക്കൽ– എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു. | 3-5 |
| 6 | കോട്ടാഞ്ചിറ കുടിവെള്ള പദ്ധതി - മോട്ടോറിന് അധിക നിരക്ക് നൽകി | 3-6 |
| 7 | പ്രവർത്തി വൈകി പൂർത്തീയാക്കി - കാലതാമസത്തതിന് പിഴ ഈടാക്കിയില്ല. | 3-7 |
| 8 | ചെറിയ പടപ്പുരം കേളനിയിൽ ടോയ്ലറ്റ് - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി | 3-8 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | വായ്പ / വായ്പാതിരിച്ചടവ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-5 |
| 6 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 വാർഷികകണക്ക് പരിശോധിച്ചുള്ള സാക്ഷ്യപത്രം

1. കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.06.2023 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ
തീയതി:19.03.2024

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

## 1-1-1 റീകൺസിലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല.

B-17 / RP-40(b) യിലുള്ള എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് അക്കൗണ്ട് സ്റ്റേറ്റുമെന്റുകളും റീകൺസിലിയേഷൻ പത്രികകളും ലഭ്യമാക്കാത്ത കാരണം നഗരസഭയുടെ 2022-2023 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

താഴെപ്പറയുന്ന അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകളും, ബാങ്ക് പാസ്സ്ബുക്കുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എല്ലാ അക്കൗണ്ടുകളുടെയും റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമനമ്പർ | അക്കൗണ്ട് | RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് എസ്.ബി.97912 | 21320 |

| | | |
|---|---|---|
| 2 | Treasury Ac No 186 | 8724 |
| 3 | Treasury Ac NoTPA 50 | 209754 |
| 4 | Treasury Ac NoTPA107 | 1,00,000 |
| 5 | Treasury Ac No 108 | 4002897 |

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2007- ലെ കേരള നഗരസഭ (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ പത്രികകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകളിലും ധനകാര്യ പത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൗണ്ട് കുറിപ്പുകളിലൂടെ (Notes On Accounts) സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ, അക്കൗണ്ട് നടപടികളിൽ പിന്തുടർന്നിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻഡേർഡുകൾ, അക്കൗണ്ടിംഗ് റൂളുകൾ, അക്കൗണ്ടിംഗ് സിദ്ധാന്തങ്ങൾ/കീഴ്വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും അക്കൗണ്ട് കുറിപ്പുകളിലൂടെ (Notes On Accounts) സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

## 1-1-3 മുൻബാക്കി രേഖപ്പെടുത്തിയതിൽ പൊരുത്തക്കേട്.

2021-2022 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | 2021-22 വാർഷിക കണക്കിലെ (B-1) തുക (₹) | 2022-23 വാർഷിക കണക്കിലെ (Trial Balace OB) തുക (₹) |
|---|---|---|---|
| 1 | General Fund | 270656210.21 | 31932537.88 |
| 2 | Excess Of Income Over Expenditure | 22565696 | 261289368.33 |

## 1-1-4 Excess Of Income Over Expenditure-കണക്കാക്കിയതിൽ പൊരുത്തക്കേട്

Excess Of Income Over Expenditure - കൃത്യമായ തുകയല്ല നൽകിയിരിക്കുന്നത്.വിശദ വിവരം താഴെ കൊടുക്കുന്നു.

| | വിവരണം | തുക (₹) |
|---|---|---|
| 1 | 2022-23 വർഷത്തെ I & E Statement പ്രകാരം Gross Surplus | 80,919,779.00 |
| 2 | 2021-22 വർഷത്തെ Balance Sheet Statement പ്രകാരം Excess Of Income Over Expenditure | 261,289,368.33 |
| 3 | 1 + 2 (80,919,779 + 261289368.33) | 342,209,147.33 |
| 4 | 2022-23 വർഷത്തെ Balance Sheet Statement പ്രകാരം Excess Of Income Over Expenditure | 402,423.432.33 |
| 5 | വ്യത്യസം (4 - 3) | 60214285 .00 |

## 1-1-5 ഗ്രാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ഗ്രാന്റ് വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്കിലെ വരവ് തുക(₹) | ACR പ്രകാരമുള്ള തുക(₹) |
|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 39,461,810 | 44723636 |
| 2 | വികസനഫണ്ട്-ടി.എസ്.പി | 15,698,376 | 18284332 |
| 3 | വികസനഫണ്ട്.എസ്.സി.പി | 7,192,870 | 8739834 |
| 4 | സി.എഫ്.സി.ടൈഡ് | 1856276 | 22405007 |
| 5 | സി.എഫ്.സി.പെർഫോമൻസ് | 5521633 | 10560651 |

| | | | |
|---|---|---|---|
| 6 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6147433 | 16072000 |
| 7 | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 11987241 | 14723000 |

### 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബി-4 ഷെഡ്യൂൾ പ്രകാരം ₹ 18,636,475 ആണ് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെയും മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല. എന്നാൽ, തനത് ഫണ്ട് അക്കൗണ്ടുകളിൽ B-17 പ്രകാരം ആകെ ₹ 99910,089 നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിവരവും ലഭ്യമല്ല.

### 1-1-7 ആസ്തി വിവരങ്ങൾ കാലികമല്ല.

26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2007 ലെ കേരള നഗരസഭ (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 54 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ മുനിസിപ്പൽ ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

### 1-1-8 സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2007 ലെ കേരള നഗരസഭ (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 54 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 948,257 രൂപയാണ് Stock In Hand. എന്നാൽ മുനിസിപ്പാലിറ്റി എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

### 1-1-9 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റർ |
| 2 | ആസ്തി രജിസ്റ്റർ |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ |
| 4 | ലോൺ രജിസ്റ്റർ |
| 5 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ |
| 6 | ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ |
| 7 | അഡ്വാൻസ് റിസീവ്ഡ് രജിസ്റ്റർ (ലയബിലിറ്റി) |
| 8 | അഡ്വാൻസ് രജിസ്റ്റർ (അസ്സറ്റ്) |
| 9 | ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ |

### 1-1-10 രജിസ്റ്ററുകൾ വാർഷികക ണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | വസ്തു നികുതി രജിസ്റ്റർ |
| 2 | തൊഴിൽ നികുതി(ജീവനക്കാർ) രജിസ്റ്റർ |
| 3 | തൊഴിൽ നികുതി(ട്രേഡേഴ്സ്) രജിസ്റ്റർ |
| 4 | FACTEOS ലൈസൻസ് രജിസ്റ്റർ |
| 5 | വാടക രജിസ്റ്റർ |
| 6 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ |
| 7 | കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ രജിസ്റ്റർ |

## 1-1-11 കുടിശ്ശിക ഈടാക്കുന്നതിന് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലൈസൻസ് ഫീസ്,വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 , 2007 ലെ കേരള നഗരസഭ (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 54, എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-12 Prior Period Items-രേഖകൾ ഹാജരാക്കിയില്ല.

I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Items -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക(₹) |
|---|---|---|
| 1 | Prior Period Income-Service Cess | (-) 7,503,956 |
| 2 | Prior Period Income-Property Tax | (-) 52,666,204 |
| 3 | Prior Period Income-Advertisement Tax | (-) 44,125 |

## 1-1-13 മറ്റ് അപാകതകൾ

1.) സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ- വസ്തുനികുതി, തൊഴിൽനികുതി, FACTEOS ലൈസൻസ് ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

2.) ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

3.) ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

4.) അക്യൂമുലേറ്റഡ് ഡിപ്രിയിസേഷൻ തുക(B-11) പരിശോധിക്കുന്നതിനുള്ള വർക്ക് ഷീറ്റ്/ഡാറ്റ ലഭ്യാമാക്കിയിട്ടില്ല.

5.) തേയ്മാനം രേഖപ്പെടുത്തിയിട്ടില്ല.

തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

6.) തൻവർഷം ക്യൂ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

7.) I-13 ഷെഡ്യൂൾ പ്രകാരമുള്ള Interest& Finance Charges -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക(₹) |
|---|---|---|
| 1 | Interest On Loan From Other Financial Institutions | 1921357 |
| 2 | Bank Charges | 3349 |

8.) അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇതുമൂലം തൻവർഷത്തിലെ യഥാർത്ഥ കുടിശ്ശിക കണക്ക് മുനിസിപ്പാലിറ്റിക്ക് ലഭ്യമാകുന്നില്ല.

9.) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms എന്ന ഹെഡ്ഡിൽ ₹ 172930 വരവുണ്ട്. കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

10.)വാടകയിനത്തിൽ ഹാജരാക്കിയ കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

11.) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് -ചെലവ് കണക്കുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

12.)വാർഷികകണക്കുകൾ പ്രകാരം മുൻകൂറുകൾ തിരിച്ചുകിട്ടാൻ ബാക്കിയുണ്ടെങ്കിലും മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.എഴുതി സൂക്ഷിച്ച രജിസ്റ്ററിൽ ജീവനക്കാർക്ക് നൽകിയ മുൻകൂറുകൾ മാത്രമാണുൾപ്പെടുത്തിയത്.

13.) KURDFC ലോൺ സംബന്ധിച്ച രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

14.)ചെയർപേഴ്സന്റെ ദുരിതാശ്വാസനിധിയുടെ വിവരങ്ങൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈയിനത്തിൽ കൽപ്പറ്റ സർവീസ് സഹകരണബാങ്കിലെ 102100010004235 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് 71392 രൂപ നീക്കിയിരിപ്പുണ്ട്.

15.)2021-2022 വർഷത്തെ വാർഷിക കണക്കുകളുടെ അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

16.) വാർഷിക കണക്കുകളുടെ മുഴുവൻ ഷെഡ്യൂളുകളും സമർപ്പിച്ചിട്ടില്ല.

ഉദാ:-ഡിപ്രീസിയേഷൻ കണക്കാക്കുന്ന I&E ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല.

17.) ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ തയ്യാറാക്കുന്നില്ല.
18.) വാർഷിക ധനകാര്യ പത്രികയിലെ B15 ഷെഡ്യൂളിൽ ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷ കുടിശിക മൈനസ് ഫിഗറാണ് (-495920 ) കാണിച്ചിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നമ്പർ 18/22-23/16.02.2024 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-2 ബഡ്ജറ്റ്

കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2022-23 ലെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 30.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 53835700 |
| വരവ് | 498240400 |
| ആകെ | 552076100 |
| ചെലവ് | 544835100 |
| നീക്കിയിരിപ്പ് | 7241000 |

29.03.2023ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

### 1-2-1 ബജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

### 1-2-2 ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

### 1-2-3 ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ ,1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 285 മുതൽ 293 വരെയുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് വിശദമായി ചർച്ച ചെയ്തതായോ അംഗീകരിച്ചതായോ കാണുന്നില്ല.ധനകാര്യ സ്ഥിരം സമിതിയുടെ 22.03.2022 ലെ 1-)ാം നമ്പർ തീരുമാനപ്രകാരം പദ്ധതിയേതര വരവുചെലവ് കരട് ബഡ്ജറ്റ് അംഗീകരിച്ചതായി ഒരു രേഖപ്പെടുത്തൽ മാത്രമാണുള്ളത്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 285 പ്രകാരം ബജറ്റുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ

പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി നഗരസഭാ സെക്രട്ടറി ഓരോ വർഷവും ജനവരി 15 തീയതിക്കോ അതിന് മുൻപോ, അടുത്ത വർഷത്തെ വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകളും വിശകലനങ്ങളും നടത്തി അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. (സെക്ഷൻ 286) . 1994 ലെകേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 293 (1) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മറ്റി 286 )ം വകുപ്പനുസരിച്ച് നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും ബഡ്ജറ്റ് തയ്യാറാക്കി നഗരസഭാ കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതാണ്. തയ്യാറാക്കുന്ന ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളിലും, സർക്കാർ ഗ്രാൻറുകളിലും, അംശാദായത്തിലും, ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ ഒഴികെയുള്ളതിന്റെ അഞ്ചു ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല. ഇപ്രകാരം തയ്യാറാക്കുന്ന ബഡ്ജറ്റ് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 289 (2) പ്രകാരം ഏപ്രിൽ ഒന്നാം തീയതിക്കു മുൻപ് കൗൺസിൽ ബഡ്ജറ്റ് അന്തിമമായി പാസാക്കേണ്ടതും ആയതിന്റെ പകർപ്പ് സർക്കാരിനും ആഡിറ്റർക്കും സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.നഗരസഭയുടെ 2022-23 വർഷത്തെ ബഡ്ജറ്റ് 01/30-03-2022 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ 2022-23 വർഷത്തെ ബജറ്റ് പാസാക്കിയത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ, ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ നിർദ്ദേശിച്ച വിധത്തിലുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചത് സംബന്ധിച്ച് വിവരങ്ങളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും ഇത് സംബന്ധിച്ച പരാമർശങ്ങളില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. നഗരസഭാ കൗൺസിൽ അന്തിമമായി പാസാക്കിയ ബഡ്ജറ്റിന്റെ കോപ്പി ഓഡിറ്റിന് അയച്ചുതന്നിട്ടുമില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 285, 286,287,288,289,290,293 എന്നീ സെക്ഷനുകളിലായി നിർദ്ദേശിച്ച വിധം ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-4 ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 60130794 |
| വരവ് | 269957267 |
| ആകെ | 330088061 |
| ചെലവ് | 230177972 |
| നീക്കിയിരിപ്പ് | 99910089 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | - | 44723636 | 44723636 | 40949572 | 3774064 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 8739834 | 8739834 | 7445748 | 1294086 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | - | 18284332 | 18284332 | 15740375 | 2543957 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 16072000 | 16072000 | 8415388 | 7656612 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 14723000 | 14723000 | 12190188 | 2532812 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് (ACR പ്രകാരം) | - | 10560651 | 10560651 | 9274608 | 1286043 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഫണ്ട് (ACR പ്രകാരം) | - | 22405007 | 22405007 | 20195606 | 2209401 |

## 1-5 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 299 | 211933117 | 198 | 114199178 | ഇല്ല | 101 | 66.2 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | നടപ്പാക്കാതിരുന്നത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 44 | 30 | 14 | 59564042 | 42133205 | 70.73 |
| 2 | ഹെൽത്ത് ഓഫീസർ | 7 | 7 | 0 | 3263896 | 2811780 | 86.14 |
| 3 | കൃഷി ഓഫീസർ | 6 | 6 | 0 | 1607766 | 1607766 | 100 |
| 4 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 0 | 2461640 | 2266600 | 92.07 |
| 5 | വെറ്റിനറി സർജൻ | 3 | 3 | 0 | 2428320 | 1798073 | 74.04 |
| 6 | പട്ടിക ജാതി വികസന ഓഫീസർ | 5 | 4 | 1 | 3200000 | 1530000 | 47.81 |
| 7 | മുനിസിപ്പൽ എഞ്ചിനീയർ | 192 | 108 | 84 | 113096341 | 39942805 | 35.31 |
| 8 | ഐ.സി.ഡി.എസ്സ് സൂപ്പർ വൈസർ | 5 | 5 | 0 | 8960000 | 6502903 | 72.57 |
| 9 | പ്രിൻസിപ്പാൾ, ഗവ ഹയർ സെക്കണ്ടറി സ്കൂൾ | 13 | 12 | 1 | 3440000 | 3154933 | 91.71 |
| 10 | മെഡിക്കൽ ഓഫീസർ, അലോപ്പതി | 17 | 17 | 0 | 13173112 | 12329919 | 93.59 |
| 11 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 1 | 738000 | 121194 | 16.42 |
| | ആകെ | 299 | 198 | 101 | 211933117 | 114199178 | 53.88 |

നിർവഹിച്ച പ്രോജക്ടുകളുടെ ശതമാനവും (66.2) ചെലവഴിച്ച ആകെ തുകയുടെ ശതമാനവും (53.88) വളരെ കുറവാണ് എന്നത് ഗൗരവപൂർവം വിലയിരുത്തേണ്ടതാണ്. ആകെ വകയിരുത്തിയ 21.19 കോടി രൂപയിൽ 97733939 രൂപയുടെ

പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്നത്, അത്രയും തുകയുടെ ഗുണഫലങ്ങൾ നഗരസഭയിലെ പൊതുസമൂഹത്തിന് ലഭ്യമായില്ല എന്ന വസ്തുത വ്യക്തമാക്കുന്നു. ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ , ലഭ്യമായ തുക പൂർണമായും പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1148158 | 7019786 | 8167944 | 486974 | 7680970 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 9681896 | |
| മെറ്റീരിയൽസ് | | | | 853589 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1893400 | 126 |
| വിധവാ പെൻഷൻ | 129999000 | 56 |
| വാർദ്ധക്യകാലപെൻഷൻ | 21577000 | 215 |
| വികലാംഗപെൻഷൻ | 3379400 | 12 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 9 |
| അവിവാഹിത പെൻഷൻ | 368000 | 306 |

ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ ആണ് മുകളിൽ ചേർത്തത്.ഇവ പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2024 തീയ്യതിയിൽ 12.00 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,88,976/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും സുഗമമായ നടത്തിപ്പിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. 2022-23 വർഷം കൽപ്പറ്റ നഗരസഭ സൂക്ഷിച്ച രജിസ്റ്ററുകൾ, ഫയലുകൾ, മിനിട്സുകൾ തുടങ്ങിയവ പരിശോധിച്ചതിൽ നഗരസഭയിൽ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലവിലില്ല എന്നു കാണുന്നു. ജീവനക്കാരുടെ ജോലി വിഭജനം നടത്തി ,സമഗ്രമായ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല എന്നത് ഗുരുതരമായ അപാകതയാണ്. സെക്രട്ടറി മുതൽ കണ്ടിജന്റ് ജീവനക്കാർ വരെയുള്ള ജീവനക്കാരുടെ ജോലികളെന്തൊക്കെയാണെന്ന് ഓഫീസ് ഉത്തരവിൽ കൃത്യമായി നിർവ്വചിക്കേണ്ടതുണ്ട്. അതാത് സമയത്ത് ഭാഗികമായാണ് ചുമതലകൾ വീതിച്ചുനൽകിയതായി കാണുന്നത്.ജീവനക്കാർ കൈകാര്യം ചെയ്യുന്ന ഫയലുകളിൻമേലുള്ള പുരോഗതി നീരീക്ഷിക്കാൻ നഗരസഭയിൽ സംവിധാനമില്ലെന്നതാണ് മറ്റൊരു അപാകത. നിലവിൽ കെ സ്മാർട്ട് സോഫ്റ്റ് വെയർ മുഖേനയാണ് പ്രവർത്തനങ്ങൾ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമല്ലാത്തതിനാൽ ഇതിൽ ഫയൽനീക്കം നിരീക്ഷിക്കുന്നതിന് സംവിധാനം ഇല്ല. ജീവനക്കാരുടെ ജോലിയുടെ പുരോഗതി മേലുദ്യോഗസ്ഥർ പരിശോധിച്ച് നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നതിന് സംവിധാനം ഉണ്ടായിരുന്നില്ല.മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

പൊതു ഭരണം മെച്ചപ്പെടുത്തുന്നതിന് ശുപാർശ നൽകേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നില്ല. നികുതിപിരിവ് അവലോകനം ചെയ്യുകയോ,വരവിനങ്ങളുടെ പിരിവ് കാര്യക്ഷമമാക്കാനുള്ള ശുപാർശകൾ നൽകുന്നതിനോ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിച്ചിട്ടില്ല.വരവിനങ്ങളുടെ രജിസ്റ്ററുകളൊന്നും തന്നെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വിവിധസ്റ്റാൻഡിംഗ് കമ്മിറ്റികൾ അവരവരുടെ ചുമതലകൾ നിർവഹിക്കുന്നതായോ അതു സംബന്ധിച്ച് മിനുട്സിൽ രേഖപ്പെടുത്തലുകൾ വന്നതായോ കാണുന്നില്ല.പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് നടത്തിയതായി പോലും രേഖപ്പെടുത്തിയിട്ടില്ല.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പെൻഷൻ അപേക്ഷകൾ അംഗീകരിക്കുക എന്നതാണ്

മുഖ്യമായും നിർവഹിച്ച ചുമതല.

നിർബ്ബന്ധമായും സൂക്ഷിക്കേണ്ട പല രജിസ്റ്ററുകളും നഗരസഭയിൽ സൂക്ഷിക്കുന്നില്ല. വിവരാവകാശ അപേക്ഷകളുടെ രജിസ്റ്റർ അപൂർണ്ണമാണ്.എല്ലാ അപേക്ഷകകൾക്കും സമയബന്ധിതമായി മറുപടി നൽകിയോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.മറുപടി നൽകിയ തീയതിയുൾപ്പെടയുള്ള വിവരങ്ങൾ പൂരിപ്പിച്ചതായി കാണുന്നില്ല.

ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല. . തനതു ഫണ്ട് വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പുവെച്ച് അധികൃതപ്പെടുത്തുന്നില്ല.വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരശോധന നടത്താതെയാണ് വെള്ളക്കരം ഒടുക്കുന്നത്. ഫർണിച്ചറുകൾക്കും ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.വാർഷികകണക്കുകൾ തയ്യാറാക്കിയതിൽ ധാരാളം അപാകതകൾ നിലനിൽക്കുന്നു.

സ.ഉ.(കൈ)84/22/ത.സ്വ.ഭ.വ.19.04.22 ഖണ്ഡിക 6.8 പ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും ഒരു ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതും.അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്.സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തിരജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും എല്ലാ ആസ്തികളും ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമായിരുന്നു.എന്നാൽ ആസ്തിസംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല. അവസാനം നടത്തിയ ഭേതഗതി പ്രോജക്ടുകളുടെ വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
മേൽപ്പറഞ്ഞ അപാകതകൾ ഭരണസമിതി അടിയന്തരമായി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.10.2022 | 04/2018 മുതൽ 09/2022 വരെ | 30.01.2023 |

## 1-11 പദ്ധതി ആസൂത്രണവും നടത്തിപ്പും

നഗരസഭയുടെ 2022-23 വർഷത്തെ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പല അപാകതകളും വന്നിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ 2022-23 വർഷത്തെ പദ്ധതി ആസൂത്രണ-നിർവ്വഹണ-മോണിട്ടറിംഗുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗം ചേർന്നതായി കാണുന്നില്ല,

2. 09.05.2022, 23.05.2022, 17.01.2023, 16.02.2023 എന്നീ തീയതികളിലായി നാലു വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ആണ് ചേർന്നിട്ടുള്ളത്.

3. 06.01.2022 ന് നടന്ന ആസൂത്രണസമിതി യോഗത്തിലാണ് പതിനാലാം പഞ്ചവത്സരപദ്ധതി പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള യോഗം എന്ന് എഴുതിയിട്ടുള്ളത്.എന്നാൽ ഈ യോഗത്തിൽ പങ്കെടുത്തവരുടെ ഒപ്പുമാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.മിനുട്സ് എഴുതിയിട്ടില്ല.

4.പല വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളും എഴുതി പൂർത്തീകരിച്ചില്ല.ഒപ്പുമാത്രം രേഖപ്പെടുത്തിയിട്ടുള്ള മിനുട്സുകൾ ക്ലോസ് ചെയ്യാത്തവയുണ്ട്.

ഉദാ-

പ്രാദേശികസാമ്പത്തികവികസനം-18.01.2022

സാമൂഹ്യനീതി-16.02.2023

പട്ടികവർഗ്ഗവികസനം-16.02.2023

5. വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്തതായി കാണുന്നില്ല.ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തതായോ,പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നതായോ കാണുന്നില്ല.

6. സ.ഉ.(കൈ)നം.275/2021/ത.സ്വ.ഭ.വ.26.11.2021 ,സ.ഉ.(കൈ) നം.86/2022/LSGD തീയതി 19-04-2022

എന്നിവപ്രകാരം കഴിഞ്ഞ 25 വർഷത്തെ വിലയിരുത്തൽ ഉൾപ്പെടുത്തി അവസ്ഥാരേഖ തയ്യാറാക്കി,അതിന് സമാന്തരമായി വികസനരേഖ തയ്യാറാക്കി ആയവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ആണ് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ,മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കൽ എന്നിവ കൺവീനറുടെ ചുമതല ആണ്.വർക്കിംഗ് ഗ്രൂപ്പുകൾ തന്നെയാണ് മോണിട്ടറിംഗ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടത്.എന്നാൽ പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് ചർച്ച നടത്തിയിട്ടില്ല.

7. സ.ഉ.(കൈ) നം.86/2022/LSGD തീയതി 19-04-2022 ഖ.2.5.9 പ്രകാരം പദ്ധതി രൂപീകരണ മാർഗ്ഗരേഖ പദ്ധതി ആസൂത്രണമുഖ്യലക്ഷ്യത്തിൽ തന്നെ, ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും നേരിയ വിഭവവിന്യാസവുമുള്ള പദ്ധതികൾ ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ കുറഞ്ഞ തുകകൾ വകയിരുത്തി കൂടുതൽ എണ്ണം പദ്ധതികൾ ആവിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്.എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ 19.01.2017 ലെ സർക്കുലർ E2-12509/16/CE/LSGD പ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ പൂർണ്ണമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുക വകയിരുത്താത്തതിനാൽ പദ്ധതികൾ പാതിവഴിയിലാകുന്ന അവസ്ഥയുമുണ്ട്.റോഡുകളുടെ ചെറിയ ഭാഗങ്ങൾക്ക് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കുകയും കുടിവെള്ള പദ്ധതികളുടെ ഭാഗികമായ പൂർത്തീകരണവുമാണ് തൻവർഷത്തെ പദ്ധതികളുടെ ഭൂരിഭാഗവും . റോഡ് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.റോഡ് രജിസ്റ്റർ , കണക്ടിവിറ്റി മാപ്പ് എന്നിവ അടിസ്ഥാനമാക്കിയല്ല പദ്ധതികൾ തയ്യാറാക്കിയത്.എസ്റ്റിമേറ്റിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

8. പദ്ധതികളുടെ എണ്ണക്കൂടുതലും ഫണ്ട് വകയിരുത്തുന്നതിലുള്ള കുറവും പല പ്രോജക്ടുകളുടെയും ഗുണഫലത്തെ ബാധിക്കുന്നു.

9.ആസ്തിസംരക്ഷണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്തതായി കാണുന്നില്ല.ആസ്തിസംരക്ഷണത്തിന് പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും തുടർവിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-12 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ. 3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കൽപറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-12-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

**1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല**

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ആയതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

**2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം മുഴുവനായും പിരിച്ചിട്ടില്ല.**

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ് (₹) B | ബജറ്റും വാർഷിക കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസം (₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 57058158/- | 28,453,954/- | (-)28604204 |
| തൊഴിൽ നികുതി(തൻവർഷം) | 17269201/- | 16557466/- | (-)711735 |

| | | | |
|---|---|---|---|
| Service Cess U/S 26 | 1506618/- | 1506259/- | (-)359 |
| വിനോദ നികുതി | 434730/- | 443,039/- | 8309 |
| പരസ്യ നികുതി | 40000/- | 30,000/- | (-)10000 |
| Rental Income | 6097718/- | 4611505/- | (-)1486213 |
| Fee & User Charges(including D& O License Fee) | 8120658/- | 9457637/- | 1336979 |
| Sale & Hire Charges | 761334/- | 801,299/- | 39965 |
| Interest Earned | 564400/- | 871,323/- | 306923 |
| Other Income | 136326/- | 0 | (-)136326 |
| **ആകെ** | **91989143/-** | **62732482/-** | **(-)29256661** |

ബജറ്റും വരവുമായുള്ള അന്തരം സംബന്ധിച്ചും നികുതി പിരിച്ചെടുക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 12.02.2024) ലഭ്യമാക്കിയ മറുപടിയിൽ ബജറ്റ് അംഗീകരിച്ചതിന് ശേഷം ചില മുറികൾ ലൈസൻസികൾ ഒഴിവാക്കി താക്കോൽ തിരിച്ചേൽപ്പിച്ചതിനാലാണ് വാടക പിരിവ് കുറഞ്ഞത് എന്നറിയിച്ചിട്ടുണ്ട്. ബജറ്റിലെ പ്രതീക്ഷിത വരവ് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**3. <u>സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല.</u>**

1) 01.06.2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (***ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 12.02.2024***) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതുമാണ്. വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (***ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 12.02.2024***) ന് ലഭ്യമാക്കിയ മറുപടിയിൽ ധനകാര്യ സ്ഥിരം സമിതിയിലും വാർഡ് സഭകളിലും നികുതി-നികുതിയേതര വരുമാനങ്ങളെ പറ്റി ചർച്ച ചെയ്യാറുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ വാർഡ് സഭ, ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് എന്നിവ പ്രകാരം ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല.

സർക്കാർ നിർദേശപ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭകളിൽ നടത്തേണ്ടതുമാണ്.

## 1-12-2 വസ്തു നികുതി പിരിവ്

**1. <u>വസ്തുനികുതി പിരിവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.</u>**

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതിയിനത്തിൽ സഞ്ചയയിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| **ഇനം** | **വാർഷിക കണക്ക് പ്രകാരം(₹)** A | **ഡി.സി.ബി പ്രകാരം(₹)** B | **വ്യത്യാസം(₹)** A-B |
|---|---|---|---|
| കുടിശ്ശിക ഡിമാന്റ് | 12236093/- | 67676119/- | (-)55440026/- |
| കുടിശ്ശിക കളക്ഷൻ | 31,111,996/- | 31273519/- | (-)161523/- |
| തൻവർഷ ഡിമാന്റ് | 44,075,035/- | 41113569/- | 2961466/- |
| തൻവർഷ കളക്ഷൻ | 28,453,954/- | 26213767/- | 2240187/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-33/22-23 തീയതി 20/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2. വസ്തുനികുതി പരിഷ്കരണം**

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ സ.ഉ (കൈ) നം. 77/2023എൽ. എസ്. ജി. ഡി. തിയ്യതി 22.03.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 1994 ലെ കേരള നഗരസഭ ആക്റ്റ് 233-ാം വകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി മുനിസിപ്പാലിറ്റി 01.04.2023 തീയതി മുതൽ തുടങ്ങുന്ന അഞ്ചു വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ 05.04.2023 ലെ സ.ഉ(അച്ചടി) 25/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കൽപ്പറ്റ നഗരസഭ പരിധിയിലെ വസ്തുനികുതി 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് കൽപ്പറ്റ നഗരസഭയുടെ 31/10/2023 ലെ കൗൺസിൽ യോഗത്തിലെ 11/2023 നമ്പർ തീരുമാനപ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും കരട് വിജ്ഞാപനം 04/11/2023 ന് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ആക്ഷേപങ്ങൾ പരിഗണിച്ച് നിലവിലുള്ള വസ്തുനികുതി 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് കൽപ്പറ്റ നഗരസഭയുടെ 12/12/2023 ലെ 10/10/2023 നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു. വിവരശേഖരണവും ഡാറ്റാ എൻട്രിയും നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി പരിഷ്കരണം അനുസരിച്ചുള്ള മാറ്റങ്ങൾ വന്നിട്ടില്ല. നിലവിൽ 5% വർദ്ധനവോടെയാണ് നികുതി ഈടാക്കുന്നത്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും പുതിയ നിരക്കിൽ നികുതി ഈടാക്കേണ്ടതുമാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം**

കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. പരാമർശം 1-13 കാണുക.

## 1-12-3 സേവന ഉപനികുതി

നഗരസഭയിൽ 2023 ഏപ്രിൽ 1 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം പ്രകാരം വസ്തുനികുതിയുടെ 10% നിരക്കിൽ സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

## 1-12-4 തൊഴിൽ നികുതി

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1. തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപെടുത്തിയില്ല.**

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 28/2022-23 തീയതി 19/02/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**സ്വയം തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

നഗരസഭ പരിധിയിൽ സ്വയം തൊഴിലിലേർപ്പെടുന്ന കരാറുകാർ, അഭിഭാഷകർ, റേഷൻ കട ഉടമകൾ, മാവേലി സ്റ്റോറുകൾ , പ്ലാനുകൾ തയ്യാറാക്കി നൽകുന്ന ലൈസൻസികൾ, പെട്രോൾ/ഡീസൽ പമ്പുകളിലെ ജീവനക്കാരുടെ/ പ്രൊഫഷണല്സിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 12/02/2024*) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-5 വിനോദ നികുതി

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിനോദനികുതിയിനത്തിൽ 443,039/- വരവുണ്ട്. എന്നാൽ വിനോദനികുതി രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 39/2022-23 തീയതി 20/02/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-6 നികുതിയേതര വരവുകൾ

നികുതിയേതര വരവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഇനത്തിൽ 2704950/- വരവുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 39/2022-23 തീയതി 20/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

**2. വാടക ഡി.സിബിയിലെ വിവരങ്ങൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്ററിൽ പതിച്ചിട്ടുള്ള ഡി.സി.ബി സംക്ഷിപ്തത്തിലെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡി.സി.ബി പത്രിക പ്രകാരം(₹) | വാർഷിക ധനകാര്യ പത്രിക പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|
| ഡിമാന്റ് | 5520053/- | 5460629/- (I3) | 59424/- |
| കളക്ഷൻ | 4483530/- | 4483023/-(RP37) | 507/- |
| ബാലൻസ് | 1036523/- | 977606/-(B15) | 58917/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 13/2022-23 തീയതി 16/02/2024) ലഭ്യമാക്കിയ മറുപടിയിൽ വാടക തുക ഹെഡ് മാറി പോസ്റ്റ് ചെയ്തതിനാലാണ് അപാകത സംഭവിച്ചത് എന്നും പിഴവ് പരിഹരിക്കുന്നതാണെന്നും എന്നറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12-7 ഉപസംഹാരം

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ B15 പ്രകാരം നികുതി നികുതിയേതര വരവുകളുടെ കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം പിരിച്ചെടുക്കാനുള്ള കുടിശ്ശിക(₹) |
|---|---|
| വസ്തു നികുതി (തൻവർഷം) | 11,856,946/- |
| വസ്തു നികുതി (കുടിശിക) | 34,868,013/- |
| തൊഴിൽ നികുതി (Institutions/Traders/ Professionals)-(തൻവർഷം) | 422,039/- |
| തൊഴിൽ നികുതി (Institutions/Traders/ Professionals)- (കുടിശിക) | 885,139/- |
| ലൈസൻസ് ഫീസ് (തൻവർഷം) | (495,920.00) |
| ലൈസൻസ് ഫീസ് (കുടിശിക) | 582,966/- |
| വാടക (മുൻവർഷം) | 206,090/- |
| വാടക (കുടിശിക) | 977,606/- |

വാർഷിക ധനകാര്യപത്രിക പ്രകാരം കുടിശ്ശികയിനത്തിൽ വൻ തുക പിരിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക സംബന്ധിച്ച രജിസ്ററുകൾ സൂക്ഷിച്ചിട്ടില്ല.

കൂടാതെ താഴെ പറയുന്ന വരവിനങ്ങളുടെ ഡി.സി.ബി രജിസ്റ്ററുകൾ കൃത്യതയോടെ ഹാജരാക്കിയിട്ടില്ല.

1) തൊഴിൽ നികുതി

2) ലൈസൻസ്

3) വിനോദ നികുതി

4) പരസ്യ നികുതി

രജിസ്റ്ററുകൾ കൃത്യതയോടെ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 39/2022-23 തീയതി 20/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക രജിസ്റ്ററുകൾ ഹാജരാക്കുന്നതിനും കുടിശ്ശിക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. നികുതി ഡിമാന്റ് ചെയ്യുന്നതിനും ഈടാക്കുന്നതിലും കണക്കുകൾ സൂക്ഷിക്കുന്നതിലും നഗരസഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

വയനാട് ജില്ല പാരിസ്ഥിതിക സവിശേഷതയനുസരിച്ച് ടൂറിസത്തിന് പ്രാധാന്യമുള്ള പ്രദേശമാണ്. GO(Ms)No. 24/2021/TSM തീയതി 21/12/2021 പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള "Destination Challenge" പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ഉണ്ടാക്കാവുന്നതാണ്. ആയതിലേക്കും വിനോദ നികുതി പോലുള്ള വരുമാനസാധ്യതകൾ പരിശോധിക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 245 ാം വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും, ആ മുനിസിപ്പൽ പ്രദേശത്ത് ആ അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനിയുടെയും ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ ആ മുനിസിപ്പൽ പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസുനടത്തുകയോ പൊതുവായതോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആ മുനിസിപ്പൽ പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരോ ആയ ഏതൊരാളുടെയും, മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കൽപ്പറ്റ നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13-1 ജീവനക്കാരുടെ / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

കൽപ്പറ്റ നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**1 ) സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ക്രമനമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഐ.ടി.ഡി.പി, വയനാട് | രണ്ടാം അർദ്ധവർഷം |
| 2 | എ.ഡി.സി(ജനറൽ) ഓഫീസ്, വയനാട് | രണ്ടാം അർദ്ധവർഷം |
| 3 | ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 4 | പ്രസാർ ഭാരതി(എയർ എഫ്.എം) റിലേ സെന്റർ, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 5 | ജില്ലാ സൈനിക് വെൽഫെയർ ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 6 | ജില്ലാ മെഡിക്കൽ ഓഫീസ്(ഹോമിയോ) | രണ്ടാം അർദ്ധവർഷം |
| 7 | ജില്ലാ ടൗൺ & കൺട്രി പ്ലാനിംഗ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 8 | ഇൻകം ടാക്സ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 9 | ആരോഗ്യകേരളം, വയനാട് | രണ്ടാം അർദ്ധവർഷം |
| 10 | ASAP, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | ഡിസ്ട്രിക്റ്റ് സ്പെഷ്യൽ ബ്രാഞ്ച്, വയനാട്, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 12 | ഫീൽഡ് പബ്ലിസിറ്റി ഓഫീസർ | രണ്ടാം അർദ്ധവർഷം |
| 13 | മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ | ഒന്നാം അർദ്ധവർഷം |
| 14 | വയനാട് ഡിസ്ട്രിക്റ്റ് ലൈബ്രറി കൗൺസിൽ | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷങ്ങൾ |
| 15 | അനെർട്ട് ജില്ലാ ഓഫീസ് | ഒന്നാം അർദ്ധവർഷം |
| 16 | കൽപ്പറ്റ മുനിസിപ്പാലിറ്റി | രണ്ടാം അർദ്ധവർഷം |
| 17 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | രണ്ടാം അർദ്ധവർഷം |
| 18 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 19 | സ്പൈസസ് ബോർഡ്, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 20 | അക്ഷയ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 21 | ത്രിവേണി സൂപ്പർമാർക്കറ്റ് | ഒന്നാം അർദ്ധവർഷം |
| 22 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (വാർഡ് 12) | രണ്ടാം അർദ്ധവർഷം |
| 23 | ബി.എസ്.എൻ.എൽ കൽപ്പറ്റ | ഒന്നാം അർദ്ധവർഷം |
| 24 | സീനിയർ ലെയ്സൺ ഓഫീസർ, ഡെമോൺസ്ട്രേഷൻ ഫോറം, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 25 | ഐ.ഡി.ബി.ഐ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 26 | സ്റ്റേറ്റ് ടാക്സ് ഓഫീസർ | രണ്ടാം അർദ്ധവർഷം |
| 27 | അസി.എഞ്ചിനിയർ, പി.ഡബ്ല്യു.ഡി ഇലക്ട്രോണിക് സെക്ഷൻ, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 28 | കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് എസ്.സി/എസ്.ടി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 29 | സ്റ്റേറ്റ് ജി.എസ്.ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 30 | അസി.എഞ്ചിനിയർ, കെ.എസ്.ഇ.ബി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 31 | സ്റ്റേറ്റ് ടാക്സ് ഓഫീസർ, സംസ്ഥാന ചരക്കുസേവന നികുതി ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 32 | സ്റ്റേറ്റ് ടാക്സ് ഓഫീസർ, വാണിജ്യ നികുതി ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 33 | സബ് ഡിവിഷണൽ പോലീസ് ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 34 | സബ് ഇൻസ്പെക്ഷൻ ഓഫ് പോലീസ്, കൺട്രോൾ യൂണിറ്റ്, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 35 | ഡെപ്യൂട്ടി കമ്മീഷൻ ഓഫ് സ്റ്റേറ്റ് ടാക്സ്, സ്റ്റേറ്റ് ജി.എസ്.ടി | രണ്ടാം അർദ്ധവർഷം |
| 36 | വില്ലേജ് ഓഫീസ്, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 37 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 38 | അസി.എഞ്ചിനിയർ, പി.ഡബ്ല്യു.ഡി റോഡ്സ് സെക്ഷൻ | രണ്ടാം അർദ്ധവർഷം |
| 39 | Office Of The Dept Of Central Tax And Excise Dept | ഒന്നാം അർദ്ധവർഷം |
| 40 | എസ്.ബി.ഐ (RSETTI) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 41 | കേന്ദ്രീയ വിദ്യാലയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 42 | ബി.എസ്.എൻ.എൽ മൊബൈൽ മൈക്രോവേവ് സബ്ഡിവിഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 43 | DDU GKY (ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗസല്യ യോജന) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 44 | അസി. ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ | രണ്ടാം അർദ്ധവർഷം |
| 45 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 46 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 47 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, KSBCFL 9 Ware House | രണ്ടാം അർദ്ധവർഷം |
| 48 | റേഞ്ച് ഫോറസ്റ്റ് ഓഫീസ്, മേപ്പാടി റേഞ്ച് | രണ്ടാം അർദ്ധവർഷം |
| 49 | പോസ്റ്റ് ഓഫീസ്, പുത്തൂർവയൽ | രണ്ടാം അർദ്ധവർഷം |

**2 ) സർക്കാർ ഇതര സ്ഥാപനങ്ങൾ**

സർക്കാർ ഇതര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപനങ്ങളുടെ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്യാനും ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമനമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സിറ്റി ഡ്രൈവിംഗ് സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ലീഡ്സ് ലാബ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ഹാബിക്യൂ ആർക്കിടെക്റ്റ്സ് | രണ്ടാം അർദ്ധവർഷം |
| 4 | സാൽവിൻസ് ഹാർഡ്‌വെയർസ്, ഫിറ്റിംഗ്സ് ഇൻഡസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 5 | ഹൈ ക്യൂ ഫർണ്ണീച്ചർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | എക്സൽ ഓട്ടോമൊബൈൽസ് | രണ്ടാം അർദ്ധവർഷം |
| 7 | പോപ്പുലർ വെഹിക്കിൾസ് ഫിനാൻസ് സർവ്വീസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 8 | ഡ്രൈവ് 12, കാർ സർവ്വീസ് സെന്റർ | രണ്ടാം അർദ്ധവർഷം |
| 9 | കപ്പ് & കേക്ക്സ് | രണ്ടാം അർദ്ധവർഷം |
| 10 | ഇൻഡസ് മോട്ടോർസ് കോ. പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 11 | ഭാരത് ലജ്ന ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 12 | മിൻഹ മാർട്ട് | രണ്ടാം അർദ്ധവർഷം |
| 13 | ഇന്ത്യൻ കോഫി ഹൗസ്, കൽപറ്റ നോർത്ത് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | എം.ജി.റ്റി ഹോം | രണ്ടാം അർദ്ധവർഷം |
| 15 | ജനകീയ ഹോട്ടൽ (വാർഡ് 6) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 16 | നെഹ്റു യുവകേന്ദ്ര | രണ്ടാം അർദ്ധവർഷം |
| 17 | വിഷ്ണുമായ ട്രാവൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | സോഡിയാക്ക് ഹോട്ടൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 19 | ഇ-കോം എക്സ്പ്രസ്സ് | രണ്ടാം അർദ്ധവർഷം |
| 20 | മാർക്കറ്റ് ഫെഡ് | രണ്ടാം അർദ്ധവർഷം |
| 21 | മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് | രണ്ടാം അർദ്ധവർഷം |
| 22 | ജിതേഷ് സി.ജി & അസോസിയേറ്റ്സ് | രണ്ടാം അർദ്ധവർഷം |
| 23 | സ്മാർട്ട് ടെക്ക് മോട്ടോർസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 24 | റിസോർട്ട് മെഡിക്കൽസ് | രണ്ടാം അർദ്ധവർഷം |
| 25 | ചന്ദ്രഗിരി ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 26 | റിലയൻസ് റീറ്റെയിൽസ് (ജിയോ പോയന്റ്) | രണ്ടാം അർദ്ധവർഷം |
| 27 | റയാൻ റസ്റ്റോറന്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 28 | HDFC ലൈഫ് ഇൻഷൂറൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 29 | കിംഗ്സ് ലൈറ്റ്സ് | രണ്ടാം അർദ്ധവർഷം |
| 30 | ലാവണ്യ മെറ്റൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 31 | മീത്തൽ ഡെന്റൽ ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 32 | അനിൽ അസോസിയേറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 33 | വയനാട് ഡിസ്ട്രിക്റ്റ് ടീച്ചേഴ്സ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 34 | കാളങ്ങാടൻ ഹാർഡ്‌വെയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 35 | വി.ആർ.എൽ ലോജിസ്റ്റിക്സ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 36 | മഹീന്ദ്ര സെക്യൂരിറ്റി & ഹോസ്പിറ്റാലിറ്റി | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 37 | ടെൽനെറ്റ് അക്കാദമി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 38 | രാജശ്രീ ടൈൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 39 | വെങ്കടേശ്വര ഹാച്ചറീസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 40 | നാഷണൽ ബാങ്കേഴ്സ് | ഒന്നാം അർദ്ധവർഷം |
| 41 | ആൻസ് മൊബൈൽസ് | രണ്ടാം അർദ്ധവർഷം |
| 42 | ചന്ദ്രഗിരി ഇൻ | ഒന്നാം അർദ്ധവർഷം |
| 43 | അരുൺ ടൂറിസ്റ്റ് ഹോം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 44 | ന്യൂ ഫോം അറേബ്യൻ ബേക്ക്സ് & റസ്റ്റോറന്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 45 | യു.കെ മെഡിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 46 | വയനാട് മെറ്റൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 47 | ക്ലിന്റ് ഡിജിറ്റൽ സ്റ്റുഡിയോ | രണ്ടാം അർദ്ധവർഷം |
| 48 | ആത്മ, വയനാട് | രണ്ടാം അർദ്ധവർഷം |
| 49 | ഈസി ബയ് | രണ്ടാം അർദ്ധവർഷം |
| 50 | മലയാള മനോരമ | ഒന്നാം അർദ്ധവർഷം |
| 51 | ധനലക്ഷ്മി ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 52 | ലാലാ സ്വീറ്റ്സ് | ഒന്നാം അർദ്ധവർഷം |
| 53 | ന്യൂ കൽപ്പറ്റ ബസാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 54 | ഗോൾഡൻ ഹൈപ്പർമാർക്കറ്റ് | ഒന്നാം അർദ്ധവർഷം |
| 55 | ഫ്രണ്ട്സ് സർവ്വീസ് സ്റ്റേഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 56 | ബി.ജെ അസോസിയേറ്റ്സ് | രണ്ടാം അർദ്ധവർഷം |
| 57 | യൂണിവേഴ്സിറ്റി ബുക്ക് സ്റ്റാൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 58 | മെട്രോ ബിസിനസ് കോർപ്പറേഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 59 | ഡി പോൾ പബ്ലിക്ക് സ്കൂൾ, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 60 | ധനകോടി ചിറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 61 | സം സം വെജിറ്റബിൾസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 62 | മജസ്റ്റിക് ബേക്ക്സ് & സൂപ്പർ മാർക്കറ്റ് | രണ്ടാം അർദ്ധവർഷം |
| 63 | പി.പി.എസ് റസിഡൻസി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 64 | എസ്.എൻ അസോസിയേറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 65 | പന്തലായനി വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 66 | അഫ്ഫാസ് ടൂറിസ്റ്റ് ഹോം | ഒന്നാം അർദ്ധവർഷം |
| 67 | ശങ്കരനാരായണൻ & കമ്പനി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 68 | ആർ.എം ഏജൻസീസ് (മഹാത്ഭുതം) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 69 | വയനാട് ഹൈറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 70 | അഫ്ഫാസ് ഹോട്ടൽ | ഒന്നാം അർദ്ധവർഷം |
| 71 | സിമിലിയ ഹോമിയോ മെഡിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 72 | ഡോ. നഹീൽസ് പാത്ത്ലാബ് | രണ്ടാം അർദ്ധവർഷം |
| 73 | ബർഗർ ലോഞ്ചർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 74 | ബഡ്ജറ്റ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്(നെസ്റ്റോ) | രണ്ടാം അർദ്ധവർഷം |
| 75 | കാത്തോലിക്ക് സിറിയൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 76 | ബഡാ ബസാർ, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 77 | ജലീൽ സ്റ്റോർസ്, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 78 | ഗീത സ്റ്റോർസ്, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 79 | ഐ.സി.ഐ.സി.ഐ ബാങ്ക്, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 80 | ബ്രദേഴ്സ് മെറ്റൽസ്, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 81 | സുന്ദരം ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 82 | സിന്ദൂർ ഗോൾഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 83 | എം.ആർ ലൈറ്റ് ഇലക്ട്രോണിക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 84 | കെയർ & ക്യൂവർ ഫാർമസി | ഒന്നാം അർദ്ധവർഷം |
| 85 | മാതൃഭൂമി, വയനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 86 | ഡെക്കാൻ ഐ.ടി.സി, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 87 | ഐ.സി.ഐ.സി.ഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് | രണ്ടാം അർദ്ധവർഷം |
| 88 | കെയർ & ക്യൂവർ ഫാർമസി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 89 | ജാനേഷ് സൂപ്പർമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 90 | നന്ദനം ബാങ്കേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 91 | ജെയിംസ് മെഡിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 92 | കരിഷ്മ ഫൂട്ട്‌വെയർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 93 | ലുലു സെന്റർ, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 94 | സനത് മലബാർ പേപ്പർ & ബോർഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 95 | സ്റ്റാർ കേബിൾ നെറ്റ്‌വർക്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 96 | ലക്കി ടൂറിസ്റ്റ് ഹോം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 97 | ക്രെഡിറ്റ് ആക്സസ് ഗ്രാമീൺ ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 98 | ഗീതാസ് കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 99 | ഗ്രീനർ കഫേ, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 100 | മോട്ട്‌ലി പ്രിന്റ് ഷോപ്പ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 101 | ഇ-പ്ലാനെറ്റ്, കൽപ്പറ്റ | രണ്ടാം അർദ്ധവർഷം |
| 102 | മജെസ്റ്റിക്ക് ബേക്സ് & ബ്രിസ്റ്റോ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 103 | ബൈപ്പാസ് സർവ്വീസ് സ്റ്റേഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 104 | ബെയ്‌ച്ചോ, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 105 | റോസോൺ കാർ സ്പാ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 106 | നിപ്പിൾസ്, കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 107 | ആസ്പയർ പി.എസ്.സി കോച്ചിംഗ് സെന്റർ | രണ്ടാം അർദ്ധവർഷങ്ങൾ |
| 108 | ചട്ടിയും ചോറും | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 109 | ന്യൂ സുബിസ് ഇൻ ഹോട്ടൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 110 | വൈത്തിരി താലൂക്ക് പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധവർഷം |
| 111 | പരാഗ് ഫാഷൻസ്, കൽപ്പറ്റ | ഒന്നാം അർദ്ധവർഷം |
| 112 | ബ്ലൂ ചാർട്ട് കൊറിയർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 113 | അയിൻ അസോസിയേറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 114 | എ.ബി.സി അസോസിയേറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 115 | എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ | രണ്ടാം അർദ്ധവർഷം |
| 116 | കൊട്ടാരം ആനന്ദ് ഏജൻസീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 117 | ഒ.വി.എസ് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 118 | കേരള കാർഡമം പ്രോസസിംഗ് & മാർക്കറ്റിംഗ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 119 | പ്ലാനറ്റ് ഗ്രീൻ റിസോർട്ട് | രണ്ടാം അർദ്ധവർഷം |
| 120 | ഇൻസ്റ്റാകാർട്ട് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 121 | കല്ലാട്ട് ബ്രിട്ടിഷ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 122 | ഗ്രീൻ പ്ലാനറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 123 | ചോളമണ്ഡലം ഫിനാൻസ് | ഒന്നാം അർദ്ധവർഷം |
| 124 | സ്വാമീസ് ഉടുപ്പി റസ്റ്റോറന്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 125 | സ്വാമീസ് ഉടുപ്പി അഗ്രഹാരം ലോഡ്ജ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 126 | ബായിസ് ഗാർഡൻ | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 127 | മുസവല്ലാ | രണ്ടാം അർദ്ധവർഷം |
| 128 | സൂര്യ കാസിൽ | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 129 | ടേസ്റ്റ് & മിസ്റ്റ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 130 | ശാന്തി ആയുർവ്വേദ ഹോസ്പിറ്റൽ | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 131 | കാർ കെയർ മാരുതി സർവ്വീസ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 132 | സ്പൈസസ് ഹോം | ഒന്നാം അർദ്ധവർഷം |
| 133 | റുബിയം ഫൂഡ്സ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 134 | വിക്ടറി സോപ്പ് & കോസ്മറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 135 | ഹൊറൈസൺ എഞ്ചിനിയറിംഗ്സ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 136 | വി.കെ.സി ഷൂസ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 137 | സി.എം.കെ ഇന്റസ്ട്രീസ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 138 | ഗ്രീൻലാന്റ് റിസോർട്ട്സ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 139 | വേദിക് ഹെർബ്സ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 140 | ന്യൂട്രിവിറ്റോ | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 141 | കൊച്ചുകുന്നേൽ ഫുഡ് പ്രോഡക്റ്റ്സ് | രണ്ടാം അർദ്ധവർഷം |
| 142 | വി.കെ.സി പോളിമേഴ്സ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 143 | യുനൈറ്റഡ് ഫുഡ് പ്രോഡ്റ്റ്സ് (പ്ലോട്ട് നം-6) | രണ്ടാം അർദ്ധവർഷം |
| 144 | 'O' Pair | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 145 | വയനാട് വുഡ് പ്രോഡക്റ്റ്സ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 146 | ഹൈദർ ഗാർമന്റ്സ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 147 | കൽപ്പറ്റ കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 148 | ഗ്രീൻസ് മാർക്കറ്റിംഗ്സ് | രണ്ടാം അർദ്ധവർഷം |
| 149 | എ.ജെ ഇന്റസ്ട്രീസ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 150 | ലക്ഷ്മി ഇന്റസ്ട്രീസ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 151 | ടെക്നോ സോൺ | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 152 | ഓറഞ്ച് കാറ്ററിംഗ് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| 153 | ട്രാക്കോൺ കൊറിയേഴ്സ് | ഒന്നാം അർദ്ധവർഷം |
| 154 | ഗ്യാലക്സി മിനി സൂപ്പർ മാർക്കറ്റ് | ഒന്നാം അർദ്ധവർഷം |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 28/2022-23 തീയതി 19/02/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതുമാണ്. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-13-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കൽപ്പറ്റ നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം നഗരസഭ പരിധിയിൽ കരാറിലേർപ്പെട്ട ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | ശ്രീ. സി.പി മാത്യു |
| 2 | ശ്രീ. ലത്തീഫ് മാർട്ടിൻ |
| 3 | ശ്രീ. നഹമാൻ സിബിൽ |
| 4 | ശ്രീ. സാലിഹ് വെട്ടിക്കാടൻ |

| | |
|---|---|
| 5 | ശ്രീ. സത്യൻ പി.പി |
| 6 | ശ്രീ. ലത്തീഫ് അല്ലിപ്പാറ |
| 7 | കോട്ടത്തറ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 8 | ശ്രീ. ടി.സുരേഷ് ബാബു |
| 9 | കൽപ്പറ്റ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 10 | ശ്രീ. ഹാഷിം പി.കെ |
| 11 | ശ്രീ. നാസർ സി.കെ |
| 12 | ശ്രീ. കെ.അനിൽകുമാർ |
| 13 | ശ്രീ. മൊയ്തുട്ടി |
| 14 | ശ്രീ. അബ്ദുൾ ഗഫൂർ |
| 15 | ശ്രീ. ഉബൈദ് |
| 16 | ശ്രീ. റഫാസ് |
| 17 | ശ്രീ. സി.ടി ഹംസ |
| 18 | ഓവർസീസ് CLCS |
| 19 | ശ്രീ. പി.കെ ബാബു |
| 20 | ശ്രീ. കെ.സി അഷ്റഫ് |
| 21 | ശ്രീ. മുസ്തഫ കെ |
| 22 | ശ്രീ. സലീം കാരാടൻ |
| 23 | ശ്രീ. പി.ടി തോമസ് |
| 24 | ശ്രീ. ഭരതൻ എം.പി |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 28/2022-23 തീയതി 19.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാടകയിനത്തിൽ വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു.

ഓഡിറ്റിനായി സമർപ്പിച്ച 2022-23 സാമ്പത്തിക വർഷത്തെ ഡി.സി.ബി പത്രികയിൽ നിന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ സ്റ്റാന്റ് കെട്ടിടം, വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം, വനിതാ തൊഴിൽ പരിശീലന കേന്ദ്രം, പഴം പച്ചക്കറി മാർക്കറ്റ്, ഹോൾ സെയിൽ ഫിഷ് മാർക്കറ്റ് എന്നിവയിൽ നിന്നുമുള്ള വാടകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **കെട്ടിടം** | **ആകെ മുറികൾ** | **ഒഴിഞ്ഞു കിടക്കുന്ന മുറികൾ** | **വാടകയ്ക്ക് നൽകിയ മുറികൾ** | **വാടകയ്ക്ക് നൽകിയ മുറികളിൽ നിന്നും തൻവർഷം ലഭിക്കാനുള്ള തുക(₹)** |
|---|---|---|---|---|
| പഴയ സ്റ്റാന്റ് കെട്ടിടം | 27 | 0 | 27 | 237846/- |
| വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം | 11 | 3 | 8 | 463054/- |
| വനിതാ തൊഴിൽ പരിശീലന കേന്ദ്രം | 4 | 2 | 2 | 0 |
| പഴം പച്ചക്കറി മാർക്കറ്റ് | 27 | 0 | 27 | 210673/- |
| ഹോൾ സെയിൽ ഫിഷ് മാർക്കറ്റ് | 6 | 0 | 6 | 0 |
| മത്സ്യമാർക്കറ്റ് | 19 | 0 | 19 | 124950/- |
| **ആകെ** | **94** | **5** | **89** | **1036523/-** |

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം 206,090/- മുൻ വർഷ കുടിശ്ശികയും 977,606/- തൻവർഷ കുടിശ്ശികയും ഉൾപ്പെടെ ₹ 1183696 കുടിശികയുണ്ട്. 01/06/2022 ലെ സ.ഉ(കൈ)നം.

117/2022/LSGD നമ്പർ ഉത്തരവ് പ്രകാരം കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണം. നഗരസഭയിലെ വാടക കുടിശ്ശിക രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 13/2022-23 തീയതി 16/02/2024)** ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക സംബന്ധിച്ച രജിസ്റ്റർ നിലവിൽ ക്രോഡീകരിച്ച് തയ്യാറാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. രജിസ്റ്റർ പ്രകാരമുള്ള ആകെ കുടിശ്ശികയുടെ വിവരങ്ങളും, കുടിശ്ശിക പിരിവ് സംബന്ധിച്ച തുടർനടപടികളുടെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഒഴിഞ്ഞ് കിടക്കുന്ന മുറികൾ വാടകക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. യുക്തമായ നടപടികൾ സ്വീകരിച്ച് കുടിശികയായി രേഖപ്പെടുത്തിയ ₹ **1036523/-** വാടക ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 രസീതുകളുടെ അച്ചടിയും സൂക്ഷിപ്പും ക്രമപ്രകാരമല്ല.

രസീത് പരിശോധനയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. കൽപ്പറ്റ നഗരസഭയിൽ 1 മുതൽ 1000 വരെ ക്രമനമ്പറുകളിലുള്ള ഒരു സെറ്റ് രസീത് ബുക്കുകൾ പ്രിന്റ് ചെയ്ത്, അതിൽ 945 ബുക്കുകൾ ഉപയോഗിച്ച ശേഷം (നീക്കി ബാക്കി 55 എണ്ണം) 1 മുതൽ 1000 വരെ ക്രമനമ്പറുകളിൽ തന്നെ വീണ്ടും രസീത് ബുക്കുകൾ പ്രിന്റ് ചെയ്തിട്ടുണ്ട്. അതിൽ 3 ബുക്കുകൾ ഉപയോഗിക്കാതെ ബാക്കിയുണ്ട്. മേൽ രസീത് ബുക്കുകളിലെ രസീതുകളുടെ നമ്പറിലും പ്രസ്തുത ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.
2. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 90(ബി) പ്രകാരം, ലഭ്യമായതും വിതരണം ചെയ്തതുമായ പുസ്തകങ്ങളുടെ എണ്ണം (ഓരോന്നിലെയും ഫോറങ്ങളുടെ എണ്ണം സഹിതം) സൂചിപ്പിക്കുന്ന സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
3. സാംഖ്യ മുഖേനയും മാന്വൽ ആയും ഉള്ള പണം പിരിവിനായി ഉപയോഗിക്കുന്ന രസീതുകൾ (ഇരട്ടിപ്പ് ഉണ്ടായിട്ടുള്ള 2 സെറ്റ് രസീത് ബുക്കുകൾ ഉൾപ്പെടെ) അച്ചടിക്കുന്നതിനായി ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നതും, ആയതിന് സ്വീകരിച്ച മാനദണ്ഡവും സംബന്ധിച്ച വിവരങ്ങൾ (ഭരണസമിതി തീരുമാനം ഉൾപ്പെടെ) ലഭ്യമല്ല.
   മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21/2022-23/20.02.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഒരേ നമ്പറിൽ ഒന്നിലധികം രസീത് ബുക്കുകൾ അച്ചടിക്കുന്നത് ഗുരുതരമായ ക്രമക്കേടുകൾക്ക് ഇടനൽകുന്ന നടപടിയാണ്. മേൽ സാഹചര്യം ഓഡിറ്റ് ഗൗരവപൂർവ്വം വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

കൽപ്പറ്റ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ പെർമിറ്റ്/റെഗുലറൈസേഷൻ ഇനത്തിലുള്ള വരവുകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ നിന്നും പെർമിറ്റ് ഫീസിനത്തിൽ 2064332 രൂപ (RP4) വരവുണ്ട്. ബിൽഡിങ്ങ് റെഗുലറൈസേഷൻ ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം യാതൊരു വരവും കാണുന്നില്ല.
2)പെർമിറ്റ്/റെഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ആപ്ലിക്കേഷൻ ഫീസിന്റെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്.ഓരോ വ്യക്തികളിൽ നിന്നും എത്ര ഫീസ് ഈടാക്കിയിട്ടുണ്ടെന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ രജിസ്റ്ററുകളുടെ അബ്സ്ട്രാക്ടും എഴുതി തയ്യാറാക്കിട്ടില്ല. രജിസ്റ്റർ തയ്യാറാക്കാതെയാണ് എ.എഫ്.എസ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്.

മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 5/2022-23 / 15/02/2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ്/റെഗുലറൈസേഷൻ ഇനത്തിലുള്ള വരവുകൾ സംബന്ധിച്ച് യാതൊരു കണക്കും മുനിസിപ്പാലിറ്റി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എ.എഫ്.എസ് പ്രകാരമുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. പെർമിറ്റ്/റെഗുലറൈസേഷൻ രജിസ്റ്റർ തയ്യാറാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-16-1 ഐ.ബി.പി.എം.എസ് വഴി അനുവദിച്ച പെർമിറ്റുകളുടെ ഫീസ് മുനിസിപ്പാലിറ്റിക്ക് ലഭ്യമായിട്ടില്ല

കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ നിന്ന് ഐ.ബി.പി.എം.എസ് വഴി പെർമിറ്റുകൾ അനുവദിച്ച് വരുന്നുണ്ട്. എന്നാൽ മേൽ പെർമിറ്റുകൾ അനുവദിച്ചതിന് ഈടാക്കിയ പെർമിറ്റ് ഫീസ് മുനിസിപ്പാലിറ്റിക്ക് ലഭിച്ചതായി കാണുന്നില്ല. മുനിസിപ്പാലിറ്റിയിൽ നിന്ന് ഐ.ബി.പി.എം.എസ് വഴി നാളിത് വരെ നൽകിയിട്ടുള്ള പെർമിറ്റുകളുടെ വിവരങ്ങളും മേൽ ഇനത്തിലുള്ള വരവിന്റെ വിവരങ്ങളടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/2022-23 / 15.02.2024) മറുപടി

ലഭ്യമാക്കിയിട്ടില്ല. ഐ.ബി.പി.എം.എസ് വഴി നൽകിയ പെർമിറ്റുകളുടെ ഫീസ് മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്

നഗരസഭയിൽ 22 മൊബൈൽ ടവറുകൾ ഉള്ളതിൽ 2022-23 വർഷത്തിൽ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള 17 മൊബൈൽ ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥൻ | അടിസ്ഥാന വസ്തു നികുതി | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 1/174/1 | M/S INDUS TOWERS | 48790 | 278077 | 2016 – 2022 |
| 2 | 2/67 | Indus Towers | 53125 | 1158832 | 2014 -2022 |
| 3 | 6/559/1 | Indus Towers | 15610 | 371010 | 2019 – 2022 |
| 4 | 11/46/1 | Sub Divisional Engineer | 7625 | 108216 | 2018 – 2022 |
| 5 | 11/246/1 | Essan Telicom | 37805 | 253667 | 2016 – 2022 |
| 6 | 15/331/1 | M/S Reliance Communication Ltd | 15040 | 175808 | 2013 -2022 |
| 7 | 15/332 | RELIANCE COMMUNICATION LTD | 21000 | 176130 | 2014 – 2022 |
| 8 | 18/360/1 | SUB DIVISIONAL OFFICER | 9250 | 371225 | 2013 – 2022 |
| 9 | 20/157/1 | M/S Indus Tower | 17160 | 403560 | 2014 – 2022 |
| 10 | 24/61/A | Sub- Divisional Engineer (Civil) Telicom) | 10690 | 105597 | 2013 – 2022 |
| 11 | 25/443/1 | M/S Wireless | 23730 | 203499 | 2013 – 2022 |
| 12 | 25/508/1 | M/S INDUS TOWER | 14340 | 344340 | 2014 – 2022 |
| 13 | 25/883 | TATA TECH SREVICE LTD | 34000 | 229230 | 2013 – 2022 |
| 14 | 25/903/1 | INDUS TOWER | 36000 | 246990 | 2013 – 2022 |
| 15 | 25/904/2 | Escotel Mobile Communication Ltd. | 21545 | 94800 | 2019 – 2022 |
| 16 | 25/904/3 | Tata Tele Services Ltd | 50335 | 402613 | 2013 – 2022 |
| 17 | 28/287/1 | Tower Vision India Ltd | 37380 | 198329 | 2016 – 2022 |
| | | TOTAL | | 51,21,923 | |

കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/16.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കൽപ്പിക്കപ്പെടാവുന്നതാണ്.

വസ്തു നികുതി ഇനത്തിൽ മാത്രം മൊബൈൽ ടവറുകളുടെ ഉടമസ്ഥരിൽ നിന്ന് 51,21,923 കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു എന്നത് ഗൗരവമായി കാണുന്നു. യുക്തമായ സമീപനങ്ങൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കാൻ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കുടികയുള്ള 51,21,923 രൂപ ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വസ്തുനികുതി -വാർഷിക ധനകാര്യപത്രികയും,ഡി.സി.ബി.സ്റ്റേറ്റ്മേന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2022-23 വർഷത്തിലെ നഗരസഭയുടെ വസ്തുനികുതി വരവും ബാലൻസും പരിശോധിച്ചതിൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഡി.സി.ബി.യിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വസ്തുനികുതി ഹെഡ്ഡുകൾ | ഡി.സി.ബി പ്രകാരം | Shedule 0f AFS | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| അരിയർ ഡിമാന്റ് | 67676119 | B15 (2021-22) | 12236093 | 55440026 |
| തൻവർഷ ഡിമാന്റ് | 41113569 | IE 1 | 44075035 | 2961466 |

| | | | | |
|---|---|---|---|---|
| അരിയർ കളക്ഷൻ | 31273519 | RP 37 | 31111996 | 161523 |
| തൻവർഷ കളക്ഷൻ | 26213767 | RP 37 | 28453954 | 2240187 |
| അരിയർ ബാലൻസ് | 35433877 | B 15 | 34868013 | 565864 |
| തൻവർഷ ബാലൻസ് | 14284752 | B 15 | 11856946 | 2427806 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/20.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് .

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ 2019 (ജി.ഒ.പി. നം. 77/2019/തസ്വഭവ തീയതി 02.11.2019) ചട്ടം 21 പ്രകാരം രണ്ടുനില വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ.വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, മതസ്ഥാപനകെട്ടിടങ്ങൾ, G1, G2, ഒക്കുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾ ഒഴികെയുള്ളവയുടെ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സെക്രട്ടറി നടത്തേണ്ടതാണ്.

കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസി ലഭ്യമായതിനുശേഷം പല നിയമലംഘനങ്ങളും നടക്കുന്നുണ്ട്. പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയ നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സഹായകരമാണ്.ചട്ടം 21(2) പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2വർഷത്തിനുശേഷം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്.ഇത് സ്ഥാപനത്തിന് വസ്തുനികുതി ഇനത്തിൽ വരുമാനവർദ്ധനവിനും കാരണമാകും. നഗരസഭ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് ( 34/ 20.02.24) മറുപടി ലഭ്യമാക്കിയില്ല. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തി വസ്തുനികുതി വരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്..

## 1-20 കെട്ടിടങ്ങളുടെ മേഖലകൾ നിർണയിച്ചിട്ടുള്ളതിലെ അപാകതകൾ.

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ പ്രകാരം പ്രാഥമിക മേഖലയ്ക്ക് അടിസ്ഥാന വസ്തു നികുതിയിൽ നിന്ന് കിഴിവുകൾക്കൊന്നും അർഹതയില്ലാത്തതും ദ്വിതീയ ത്രിതീയ മേഖലകൾക്ക് യഥാക്രമം 10 ശതമാനം ,20 ശതമാനം എന്നിങ്ങനെ കിഴിവുകൾക്ക് അർഹതയുള്ളതുമാണ്. നഗരസഭയുടെ 31.01.2012 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 11-ാം നമ്പർ തീരുമാന പ്രകാരം ടൗൺ പ്രദേശത്തിന്റെ സർവ്വേ നമ്പർ ഉൾപ്പെടുന്ന സ്ഥലങ്ങൾ പ്രാഥമിക പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്.
നഗരസഭയുടെ ടൗൺ പ്രദേശങ്ങൾ ഉൾപ്പെടുന്ന 15-ാം വാർഡിലുള്ള (കൽപ്പറ്റ പുതിയ ബസ് സ്റ്റാൻഡ് വാർഡ്) പല കെട്ടിടങ്ങളും ദ്വിതീയ/ത്രിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.വിശദാംശം താഴെ നൽകുന്നു.

| ക്ര.നം | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 15/457 C,D,E | കുഞ്ഞാമി,<br>അറക്കൽ, കൽപ്പറ്റ | ദ്വിതീയം | സമീപ കെട്ടിടങ്ങളായ 15/457 A, 15/458 എന്നിവ പ്രാഥമിക മേഖലയിലാണ്. |
| 2 | 15/947 To 960 | ഇസ്മയിൽഅബ്ദുൾ സലാം (കരിയവീട്ടിൽ,കൽപ്പറ്റ) | ദ്വിതീയം | സമീപ കെട്ടിടങ്ങൾ പ്രാഥമിക മേഖലയിലാണ്. |
| 3 | 15/1248 | പ്രസിഡൻറ്(വൈത്തിരി പ്രൈമറി കേ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ഡവലപ്മെൻറ് ബാങ്ക്, കൽപ്പറ്റ) | ദ്വിതീയം | സമീപ കെട്ടിടമായ 15/1247 പ്രാഥമിക മേഖലയിലാണ്. |
| 4 | 15/1339 2A,2B,2C,2D,7A | ഷേർളിജോർജ്ജ് (ചിറമ്മൽ,കൽപ്പറ്റ) | ദ്വിതീയം | സമീപ കെട്ടിടങ്ങളായ 15/1339 2, 15/1339 എന്നിവ പ്രാഥമിക മേഖലയിലാണ്. |

| | | | | |
|---|---|---|---|---|
| 5 | 15/1238 | കെ കെ ജോൺസൺ (കോലത്തുർ വീട്, കൽപ്പറ്റ) | ദ്വിതീയം | സമീപ കെട്ടിടങ്ങളായ 12/1237,12/1239 എന്നിവ പ്രാഥമിക മേഖലയിലാണ്. |
| 6 | 15/783 A | റോഷ്നി ഗ്ലാഡ്സൺ (കല്ലുമുറിക്കുന്ന് ഹൌസ്, കൽപ്പറ്റ | ദ്വിതീയം | സമീപ കെട്ടിടങ്ങളായ 15/783,15/784 എന്നിവ പ്രാഥമിക മേഖലയിലാണ്. |

മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള മേഖലകൾ നിർണയിക്കുന്നതിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 21.02.2024 തീയതിയിലെ 46-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം തെറ്റായി മേഖലകൾ നിർണയിക്കുന്നത് നഗരസഭയ്ക്ക് നികുതി നഷ്ടമുണ്ടാവുന്നതിലേക്ക് നയിക്കും. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി പരിഷ്കരണ വേളയിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-21 ലൈസൻസ് ഫീസ്-ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ലൈസൻസ് ഫീസ് ഇനത്തിലുള്ള സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഡ് തലത്തിലുള്ള ലൈസൻസ് രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ലഭ്യമായിട്ടുള്ളൂ.

2) ലൈസൻസ് കുടിശ്ശിക രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
ലൈസൻസ് ഫീസ് ഇനത്തിലുള്ള ഡി.സി.ബി വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഇനത്തിലുള്ള കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാൻ മുനിസിപ്പാലിറ്റിക്ക് സാധിക്കില്ല. ഇപ്രകാരം രജിസ്റ്ററുകൾ കൃത്യതയോടെ തയ്യാറാക്കാത്ത നടപടി വിശദീകരിക്കേണ്ടതാണ്. 38/20.02.2024 ഓഡിറ്റ് എൻക്വയറി പ്രകാരം അപാകത സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-22 അനധികൃത നിർമാണം-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ പെർമിറ്റ് ഫയലുകൾ പ്രകാരം നിർമാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ നഗരസഭ ഓവർസിയറുടെ സാനിദ്ധ്യത്തിൽ പരിശോധിച്ചതിന്റെ വിശാദാംശങ്ങൾ താഴെ നൽകുന്നു.

ശ്രീ. സത്താർ , സൈനബ എന്നിവർ കെട്ടിട ക്രമവൽകരണത്തിനായി BA-290/21-22 / 23/02/2022 നമ്പർ അപേക്ഷ സമർപ്പിച്ചത് പ്രകാരം കെട്ടിടത്തിന് 3 നിലകളിലായി (ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില, രണ്ടാം നില) 14/710 A മുതൽ 14/710 U വരേയുള്ള അകെ 2282.6 ച.മീ വിസ്തീർണത്തിന് 30/03/2022 തീയതിയിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

മേൽ കെട്ടിടത്തിൽ 21/02/2024 ാം തീയതി നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ കെട്ടിടത്തിന് നാലാം നിലയായി 807.90 ച.മീ നിർമാണം നടത്തിയിട്ടുണ്ട്. കെട്ടിടക്രമവൽകരണത്തിനായി നൽകിയ അപേക്ഷ പ്രകാരം 50.66 ച.മീ വിസ്തീർണത്തിനാണ് പ്രസ്തുത ഭാഗത്ത് അനുമതി ലഭിച്ചിട്ടുള്ളത്.മേൽ ഭാഗത്ത് നിലവിൽ 757.24 ച.മീ വരുന്ന അധിക നിർമാണം നടത്തിയിട്ടുണ്ട്.

മേൽ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 51/2022-23 / 21/02/2024 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു.

എ) ഒക്യുപൻസി അനുവദിച്ച ശേഷം മുനിസിപ്പാലിറ്റി മേൽ കെട്ടിടത്തിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബി) മേൽ കെട്ടിടത്തിൽ നിന്ന് അനധികൃത കെട്ടിടത്തിന്റെ നികുതി ഈടാക്കി വരുന്നുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ അനധികൃത നിർമാണത്തിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സി) മുനിസിപ്പാലിറ്റി പരിധിയിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നില്ലെന്ന് മുനിസിപ്പാലിറ്റി ഉറപ്പ് വരുത്തുന്നുണ്ടോയെന്ന് രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

ഡി) മുനിസിപ്പാലിറ്റി പരിധിയിലുള്ള അനധികൃത നിർമാണങ്ങൾക്കെതിരേ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികളുടെ

വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
എന്നാൽ മേൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടത്തിൽ അനധികൃതമായി നിർമിച്ച ഭാഗത്തിന് താഴെ പറയും പ്രകാരം വസ്തു നികുതി പുനർ നിർണയിക്കേണ്ടതാണ്

കെട്ടിത്തിന്റെ മേഖല-പ്രഥമം,
സമീപ റോഡ്-കൽപ്പറ്റ പടിഞ്ഞാറത്തറ റോഡ് (5 മീറ്ററോ അതിൽ കൂടുതൽ),
ലോഡ്ജിങ്ങ് കെട്ടിടത്തിന് നൽകിയിരിക്കുന്ന നികുതി നിരക്ക്-40ച.മീ

അധികമായി നിർമാണത്തിന്റെ വിസ്തീർണം- 757.24

ച.മീറ്ററിന് 40 രൂപ നിരക്കിൽ 757.24ച.മീ നിർമാണത്തിന് ഈടാക്കേണ്ട നികുതി=757.24 X 40=30289.6

അടിസ്ഥാന നികുതി നിരക്കിലുള്ള വർദ്ധന-20 ശതമാനം(വഴി സൗകര്യം)

അടിസ്ഥാന നികുതി നിരക്കിലുള്ള വർദ്ധന = 30289.6 X 20%= 6057.92

അടിസ്ഥാന നികുതി നിരക്കിലുള്ള കിഴിവ്-ഇല്ല

അകെ നികുതി = അടിസ്ഥാന വസ്തു നികുതി + അടിസ്ഥാന നികുതി നിരക്കിലുള്ള വർദ്ധന-അടിസ്ഥാന നികുതി നിരക്കിലുള്ള കിഴിവ്=30289.6+6057.92+0=36347.52

ബഹു നിലകെട്ടിടത്തിനുള്ള കിഴിവ് – ഇല്ല

ലൈബ്രറി സെസ്സ് (5ശതമാനം) - 1817

സർവ്വീസ് സെസ്സ് (10 ശതമാനം) = 3635

ആകെ നികുതി (ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ് എന്നിവ ഉൾപ്പെടെ) = 41800

ക്രമവൽകരിക്കാത്ത കെട്ടിടത്തിന് ഈടാക്കേണ്ട അധിക നികുതി (സെക്ഷൻ 242 പ്രകാരം)= മൂന്നിരട്ടി=41800 X 3= 125400 രൂപ

മേൽ കെട്ടിടത്തിന്റെ നിയമവിധേയമല്ലാതെ നിർമിച്ച ഭാഗം പൊളിച്ച് നീക്കേണ്ടതും, മേൽ ഭാഗം പൊളിച്ച് നീക്കുന്നത് വരേ മുകളിൽ പറഞ്ഞ അനധികൃത കെട്ടിടത്തിന്റെ നികുതി ഈടാക്കേണ്ടതുമാണ്.നഗരസഭാ പരിധിയിൽ നിർമാണം പൂർത്തികരിച്ച കെട്ടിടങ്ങളിൽ പരിശോധന നടത്തി ഇത്തരം നിയമലംഘനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ കണ്ടെത്തി നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകി. വസ്തു നികുതി നഷ്ടം

2022-23 നഗരസഭയിലെ സഞ്ചയ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ നഗരസഭയിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 60 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. നഗരസഭയിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 80 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു
ചുവടെ ചേർത്ത 100 ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നിലവിൽ 100 ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയിട്ടുണ്ട്.
1) ശ്രീമതി.ജീജ വിനോദ്,ജെറി,കൽപ്പറ്റ എന്ന ഉടമസ്ഥതയിലുള്ള 10/594/2 നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | വിസ്തീർണ്ണം ച.മീ | നഗരസഭ കണക്കാക്കിയ നികുതി (അസ്സസ് മെന്റ് രജിസ്റ്റർ പ്രകാരം 60രൂപ നിരക്ക്+ | കണക്കാക്കേണ്ടിയിരുന്ന നികുതി (ച.മീ.ന് 80 രൂപ നിരക്ക് +30% വർദ്ധനവ് വഴി സൗകര്യം | കുറവ് |
|---|---|---|---|---|

| | | 30% വർദ്ധനവ് വഴി സൗകര്യം ) | | | | | |
|---|---|---|---|---|---|---|---|
| | | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് |
| 10/594/2 | 202.49 | 15795 | 790 | 21059 | 1053 | 5264 | 263 |

നികുതി നിർണ്ണയിച്ചതിലെ അപാകത കാരണം നഗരസഭക്ക് വസ്തു നികുതി ഇനത്തിൽ 5264 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2) ശ്രീ.ജോർജ് മാത്യു,ജെറി,കൈരളി നഗർ,കൽപ്പറ്റ എന്ന ഉടമസ്ഥതയിലുള്ള 9/219/1 നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | വിസ്തീർണ്ണം ച.മീ | നഗരസഭ കണക്കാക്കിയ നികുതി (അസ്സസ് മെന്റ് രജിസ്റ്റർ പ്രകാരം 60രൂപ നിരക്ക്+ 20%വർദ്ധനവ് വഴി സൗകര്യം -10 % കിഴിവ്) | | കണക്കാക്കേണ്ടിയിരുന്ന നികുതി (ച.മീ.ന് 80 രൂപ നിരക്ക് +20% വർദ്ധനവ് വഴി സൗകര്യം -10 % കിഴിവ്) | | കുറവ് | |
|---|---|---|---|---|---|---|---|
| | | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് |
| 9/219/1 | 187.34 | 12365 | 619 | 16486 | 825 | 4121 | 206 |

നികുതി നിർണ്ണയിച്ചതിലെ അപാകം കാരണം നഗരസഭക്ക് വസ്തുനികുതി ഇനത്തിൽ 4121 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/16.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി.ജീജ വിനോദ്, ജെറി,കൽപ്പറ്റ എന്ന ഉടമസ്ഥതയിലുള്ള 10/594/2 കെട്ടിടത്തിനും ശ്രീ.ജോർജ് മാത്യു,ജെറി,കൈരളി നഗർ,കൽപ്പറ്റ എന്ന ഉടമസ്ഥതയിലുള്ള 9/219/1 നമ്പർ കെട്ടിടത്തിനും യഥാക്രമം വസ്തു നികുതിയിൽ നഷ്ടം വന്ന ₹9385 (5264 + 4121 ) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലൈബ്രറി സെസ്സ് ഇനത്തിൽ 469 (263 + 206 ) രൂപ ഈടാക്കി ലൈബ്രറി കൗൺസിലിന് നൽകേണ്ടതുമാണ്.

## 1-24 കിഴങ്ങ് വിള വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

2022-23 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കിഴങ്ങ് വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | 166/23 കിഴങ്ങ് കൃഷി വികസനം |
| അടങ്കൽ | വികസനഫണ്ട്- 187500 /- |
| ചെലവ് | ബിൽ നം. 4/22-23 തീയതി 14.03.2023 തുക 187500/- |

നഗരസഭയിലെ കിഴങ്ങ് വിള കൃഷി വികസനത്തിന്റെ ഭാഗമായി കിഴങ്ങ് വിത്ത് വിതരണം ചെയ്യുകയാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ( കാച്ചിൽ, ചേന, ചേമ്പ് തുടങ്ങിയവ) കിഴങ്ങ് വിത്ത് വാങ്ങി വിതരണം നടത്തുകയാണ് പദ്ധതി ലക്ഷ്യം. കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ കീഴിൽ മുനിസിപ്പാലിറ്റി അംഗീകരിച്ച കർഷകർക്ക് അംഗീകൃത നഴ്സറി വഴിയോ ടെണ്ടർ വഴിയോ വിത്ത് ലഭ്യമാക്കുന്നു. ഫെബ്രുവരി മാർച്ച് മാസങ്ങളിൽ വിത്ത് വിതരണം നടത്തുന്നു.

പദ്ധതിക്കായി 23.12.2022 ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് . ടെണ്ടർ പരസ്യം പ്രകാരം,ലഭിച്ച ടെണ്ടറുകളുടെ താരതമ്യ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസിയുടെ പേര് | ഇനം | ക്വാട്ട് ചെയ്ത തുക |
|---|---|---|---|
| 1 | ബയോഗ്രീൻ പനമരം | കാച്ചിൽ | 38/കി.ഗ്രാം |
| | | ചേന | 62/കി.ഗ്രാം |
| | | ചേമ്പ് | 60/കി.ഗ്രാം |

| | | | |
|---|---|---|---|
| 2 | പരതനാൽ ട്രേഡിംഗ് കമ്പനി | കാച്ചിൽ<br>ചേന<br>ചേമ്പ് | 42/കി.ഗ്രാം<br>58/കി.ഗ്രാം<br>65/കി.ഗ്രാം |

ബയോഗ്രീൻ പനമരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. പ്രസ്തുത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെ രേഖകൾ ഇല്ല. 06.01.2023 ന് ടെണ്ടർ പ്രകാരമുള്ള തുകയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യാൻ സാധിക്കില്ല എന്ന് ബയോഗ്രീൻ സ്ഥാപന ഉടമ ജിമ്മി മാത്യു നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകുകയും തുടർന്ന് പദ്ധതി പൂർത്തീകരിക്കുന്നതിനായി റീ ടെണ്ടർ ചെയ്തതായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റീ ടെണ്ടർ ക്ഷണിച്ച തീയതിയുടെ വിവരങ്ങൾ ലഭ്യമല്ല. റീടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഏജൻസിയുടെ പേര് | ഇനം | ക്വാട്ട് ചെയ്ത തുക |
|---|---|---|
| പരതനാൽ ട്രേഡിംഗ് കമ്പനി | കാച്ചിൽ<br>ചേന<br>ചേമ്പ് | 64.80/കി.ഗ്രാം<br>68.80/കി.ഗ്രാം<br>88.80/കി.ഗ്രാം |

പ്രസ്തുത സ്ഥാപനത്തിന് കെ.കെ.ബി/15/22-23 തീയതി രേഖപ്പെടുത്താത്ത കത്ത് മുഖേന താഴെപറയുന്ന സാധനങ്ങൾ ഉൾക്കൊള്ളിച്ച കിറ്റുകൾ വിതരണം നടത്താൻ ആവശ്യപ്പെട്ടു.

| ഇനം | കിറ്റിന്റെ തൂക്കം | ഒരു കിറ്റിന്റെ ആകെ തൂക്കം | ആകെ കിറ്റുകളുടെ എണ്ണം |
|---|---|---|---|
| കാച്ചിൽ<br>ചേന<br>ചേമ്പ് | 5/കി.ഗ്രാം<br>13/കി.ഗ്രാം<br>4/കി.ഗ്രാം | 22 കി.ഗ്രാം | 12 |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു.

1.ആദ്യത്തെ ടെണ്ടറിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങളുടെയും, റീ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന്റെയും ഉടമസ്ഥൻ ഒരേ വ്യക്തി തന്നെയാണ്.

2. ആദ്യ ടെണ്ടറിൽ അംഗീകരിച്ച എൽ 1 പിൻമാറിയ ശേഷം എൽ 2 വിന് സപ്ലൈ ഓർഡർ നൽകാതെ റീ ടെണ്ടർ നടത്തി

3.റീ ടെണ്ടർ പ്രകാരം താഴെ പറയും പ്രകാരം അധിക തുക ചെലവഴിക്കാൻ കാരണമായിട്ടുണ്ട്.

| ഇനം | ആദ്യ ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക (എൽ1) | റീ ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക | വ്യത്യാസം | വാങ്ങിയ വിത്തുകളുടെ അളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| കാച്ചിൽ<br>ചേന<br>ചേമ്പ് | 38/കി.ഗ്രാം<br>62/കി.ഗ്രാം<br>60/കി.ഗ്രാം | 64.80/കി.ഗ്രാം<br>68.80/കി.ഗ്രാം<br>88.80/കി.ഗ്രാം | 26.8<br>6.8<br>28.8 | 600 കി.ഗ്രാം<br>1600 കി.ഗ്രാം<br>436 കി.ഗ്രാം | 16080<br>10880<br>12557 |
| ആകെ | 160 | 222.4 | 62.4 | | 39517 |

4. വിത്തിന്റെ ഗുണ നിലവാര പരിശോധന നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/16.2.2024) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം വിത്തിനങ്ങൾക്ക് വില വർദ്ധിച്ചതിനാൽ കരാർ ലഭിച്ച വ്യക്തി കിഴങ്ങ് വിത്ത് വിതരണം നടത്തുന്നതിന് തയ്യാറാകാത്തത് കാരണമാണ് റീ-ടെണ്ടർ നടത്തേണ്ടി വന്നത് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ എൽ 2 ആയി ക്വാട്ട് ചെയ്ത വ്യക്തിയും സ്ഥാപനവും വിത്ത് വിതരണം നടത്താൻ തയ്യാറായിട്ടില്ല എന്നും അറിയിച്ചു. വിത്തിന്റെ ഗുണനിലവാര പരിശോധന കൃഷി ഓഫീസർ നേരിട്ട് നടത്തിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രോജക്റ്റുകൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള വിത്തുകൾ, തൈകൾ എന്നിവ VFPCK മുഖേന ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-25 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം - അപാകങ്ങൾ

പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ് കൽപ്പറ്റ നിർവ്വഹണ ഉദ്യോഗസ്ഥനായി , പ്രസ്തുത സ്കൂളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തുന്നതിനായി താഴെ പറയുന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം

ക്ലാസ് മുതൽ 9ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് യൂണിഫോം വിതരണം നടത്തിയിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 171/23 ജിവിഎച്ച്എസ്എസ് കൽപ്പറ്റ, എസ്.റ്റി വിദ്യാർത്ഥികൾക്ക് യൂണിഫോം |
| അടങ്കൽ | വികസനഫണ്ട്- ടി.എസ്.പി - 490000 |
| ചെലവ് | ബിൽ നം. 8/22-23 തീയതി 25.01.2023 തുക 398450/-<br>ബിൽ നം.12/22-23 തീയതി 19.02.2023 തുക 91000 |
| ആകെ | 489450/- |

കൽപ്പറ്റ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കി തുക ചെലവഴിച്ചത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1).പ്രോജക്ട് നിർവഹണത്തിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് . ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയ വിവരം താഴെ കൊടുക്കുന്നു.

ടെണ്ടർ ഫോറം വിതരണം - 20.10.2022 , 1 PM

ടെണ്ടർ ഫോറം സ്വീകരിക്കൽ - 20.10.2022, 3 PM

ടെണ്ടർ തുറക്കൽ - 20.10.2022, 3.30 PM

2)പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തിയ ടെണ്ടറുകളുടെ താരതമ്യ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസിയുടെ പേര് | ഇനം | ക്വാട്ട് ചെയ്ത തുക |
|---|---|---|---|
| 1 | മലയോരം ലേബർ കോൺട്രാക്ട് സൊസൈറ്റി | എൽ.പി യൂണിഫോം<br>യുപി/എച്ച്എസ് യൂണിഫോം | 1750<br>1900 |
| 2 | വയനാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | എൽ.പി യൂണിഫോം<br>യുപി/എച്ച്എസ് യൂണിഫോം | 1650<br>1790 |
| 3 | കേരള ഗാർമെന്റ്സ് | എൽ.പി യൂണിഫോം<br>യുപി/എച്ച്എസ് യൂണിഫോം | 1870<br>1990 |

31.10.2022 ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റി ലഭ്യമായ സാമ്പിൾ പരിശോധിച്ച് വയനാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നെഗോസിയേഷൻ നടത്തി താഴെ രേഖപ്പെടുത്തിയ നിരക്ക് പ്രകാരം യൂണിഫോം വാങ്ങുന്നതിന് തീരുമാനിച്ചു.

| ഇനം | തുക |
|---|---|
| എൽ.പി യൂണിഫോം @ ഒരു കുട്ടിക്ക് | 1650 |
| യുപി യൂണിഫോം @ ഒരു കുട്ടിക്ക് | 1730 |
| എച്ച്എസ് യൂണിഫോം @ ഒരു കുട്ടിക്ക് | 1750 |

താഴെപ്പറയുന്ന പ്രകാരം വയനാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്.

| ഇൻവോയ് നം | തീയതി | യൂണിഫോം ഇനം | എണ്ണം | ബിൽ തുക |
|---|---|---|---|---|
| സി.23 | 31.12.2022 | എൽ.പി യൂണിഫോം<br>യു.പി യൂണിഫോം<br>എച്ച്.എസ് യൂണിഫോം | 74<br>95<br>64 | 122100<br>164350<br>112000 |
| സി.23 | 31.12.2022 | എച്ച്.എസ്. യൂണിഫോം | 52 | 91000 |
| | | | 285 | 489450 |

14.12.2022 തീയതി രേഖപ്പെടുത്തിയ രശീത് പ്രകാരം 1 മുതൽ 9ക്ലാസുകൾ വരെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്

272 യൂണിഫോമുകളും 11.01.2023 തീയതിയിലെ രശീത് പ്രകാരം 285 കോട്ട്,ടൈ എന്നിവ ലഭിച്ചതായും 03.01.2023 തീയതിയിലെ രശീത് പ്രകാരം 13 വിദ്യാർത്ഥികൾക്ക് യൂണിഫോം ലഭിച്ചതായും ജിവിഎച്ച്എസ്എസ് ഹെഡ്മാസ്റ്റർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഫയലിൽ ഹാജരാക്കിയ അക്വിറ്റൻസ് പ്രകാരം ആകെ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥകിളുടെ വിഭാഗം | എണ്ണം |
|---|---|
| ലോവർ പ്രൈമറി | 68 |
| അപ്പർ പ്രൈമറി | 99 |
| ഹൈസ്കൂൾ | 118 |
| ആകെ | 285 |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1).സബ്സിഡി മാർഗ്ഗ രേഖ പ്രകാരം യൂണിഫോം വിതരണം നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. യൂണിഫോം വിതരണത്തിന് സർക്കാർ അനുമതി നൽകിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2).കൽപ്പറ്റ നഗരസഭ വിദ്യാലയങ്ങളിൽ വിവധ സ്കീമുകൾ നടപ്പിലാക്കുന്നതിനായി എസ്.എസ്.എ വിഹിതം അടക്കുന്നുണ്ട്. പ്രസ്തുത സ്കീമുകളിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണവും ഉൾപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിലും യൂണിഫോം വിതരണം നടത്തുന്നതിന് പ്രത്യേക പ്രോജക്ട് തയ്യാറാക്കിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3). യൂണിഫോം അനുവദിച്ച വിദ്യാർത്ഥികൾക്ക് എസ്.എസ്എ വിഹിതമായി ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്. 2022-23 വർഷത്തിൽ ജി.വി.എച്ച്.എസ്.എസ് മുണ്ടേരിക്ക് യൂണിഫോം വിതരണത്തിനായി എസ്.എസ്.എ യിൽ നിന്ന് ആകെ ലഭിച്ച തുക, ആകെ വിദ്യാർത്ഥികൾ എന്നിവയുടെ കണക്കുകൾ കാറ്റഗറി തിരിച്ച് ലഭ്യമാക്കേണ്ടതാണ്. സർക്കാർ നടപ്പാക്കുന്ന യൂണിഫോം വിതരണ പദ്ധതി നിലനിൽക്കേ ഇത്തരം പ്രോജക്ട് തയ്യാറാക്കിയതിന്റെ അനിവാര്യത വിശദീകരിക്കേണ്ടതാണ്.

4).14.02.2022 തീയതിയിൽ വാങ്ങിയ മുദ്രപത്രത്തിൽ വിതരണ സ്ഥാപനം മാനേജിംഗ് ഡയറക്ടർ ഒപ്പ് വെച്ച കരാർ ഫയലിൽ വെച്ചിട്ടുണ്ട്.എന്നാൽ കരാർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. കരാർ തീയതി രേഖപ്പെടുത്തുകയോ , സാക്ഷികൾ ഒപ്പ് വെക്കുകയോ, വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.5).

5). ടെണ്ടർ ക്ഷണിച്ചതും സ്വീകരിച്ചതും ആയത് തുറന്നതും ഒരേ ദിവസം തന്നെയാണ്. നിയമപ്രകാരം ടെണ്ടറുകൾ സമർപ്പിക്കുന്നതിന് അനുവദിക്കേണ്ട സമയം അനുവദിച്ചിട്ടില്ല.

6). യൂണിഫോം വിതരണം നടത്തിയത് വിദ്യാഭ്യാസ വർഷം അവസാനിക്കാറായ 2023 ജനുവരി മാസത്തിലാണ്.

7). യൂണിഫോം വിതരണം ചെയ്തതായി സ്ഥാപനം നൽകിയിരിക്കുന്ന ഇൻവോയ്സ് 31.12.2022 തീയതിയിലാണ്. എന്നാൽ യൂണിഫോം ലഭിച്ചതായി കൈപ്പറ്റ് രശീത് നൽകിയിരിക്കുന്നത് 14.12.2022 തീയതിയിലാണ്. യൂണിഫോം വിതരണം നടത്തുന്നതിനേക്കാൾ മുമ്പ് ആയത് ലഭിച്ചതായി രശീത് നൽകിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

8)പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ് കൽപ്പറ്റ നിർവ്വഹണ ഉദ്യോഗസ്ഥനായ 171/23 പ്രോജക്ട് കൂടാതെ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായും യൂനിഫോം വിതരണത്തിനായി പട്ടിക വർഗ വിദ്യാർഥികൾക്ക് യൂനിഫോം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിന് ലഭിച്ച ടെണ്ടറുകൾക്കും 31.10.2022 തീയതിയിലെ പ്രൊക്വയർമെന്റ് കമ്മിറ്റിയാണ് അംഗീകാരം നൽകിയിട്ടുള്ളത്. ട്രൈബൽ എക്സ്റ്റൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ യൂണിഫോം വിതരണ പദ്ധതിയുടെ ( പ്രോജക്ട് ചെലവ് 291900) ടെണ്ടർ അംഗീകരിക്കുന്നതിനായി പരിഗണിച്ചതും മേൽ തീയതിയിൽ ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റിയാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്ട് പ്രകാരവും പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തുന്ന പ്രോജക്ട് പ്രകാരവും മഫ്ത്‌ലാൽ കമ്പനിയുടെ തുണികൾ വാങ്ങുന്നതിനാണ് തീരുമാനിച്ചത്. പ്രോജക്ട് നം 203/2023 പ്രകാരം പ്രൊക്വയർമെന്റ് കമ്മിറ്റി അംഗീകാരം നൽകിയ നിരക്കുകളും പ്രോജക്ട് നം 171/2023 പ്രകാരം അംഗീകാരം നൽകിയ നിരക്കുകളും വ്യത്യാസമുണ്ട്. താരതമ്യ പത്രിക ചുവടെ ചേർക്കുന്നു.

| ഇനം | പ്രോജക്ട് 171/23 പ്രകാരമുള്ള തുക | പ്രോജക്ട് 203/23 പ്രകാരമുള്ള തുക | വ്യത്യാസം | പ്രോജക്ട് 171/23 പ്രകാരം വാങ്ങിയ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| എൽ.പി യൂണിഫോം | 1650 | 1400 | 250 | 74 | 18500 |

| | | | | | |
|---|---|---|---|---|---|
| യുപി യൂണിഫോം | 1730 | 1450 | 280 | 95 | 26600 |
| എച്ച്എസ് യൂണിഫോം | 1750 | 1500 | 250 | 116 | 29000 |
| ആകെ | | | | | 74100 |

ഒരേ ആവശ്യത്തിന് വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പ്രോജക്ട് നടപ്പിലാക്കുകയും പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയും ചെയ്തതിനാൽ 74100 രൂപ അധിക ചെലവിന് കാരണമായി . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/15.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.കെ നൽകിയ സ്കീം റിപ്പോർട്ട് 2022-23 പ്രകാരം കൽപ്പറ്റ നഗരസഭയിലെ 982 വിദ്യാർത്ഥികൾക്കും 2021-22 വർഷത്തിൽ 1026 വിദ്യാർത്ഥികൾക്കും യൂണിഫോം വിതരണത്തിന് തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ എല്ലാ വിഭാഗം വിദ്യാർത്ഥികളും ഉൾപ്പെടുമെന്നതിനാൽ ഇത്തരത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയത് വിശദീകരിക്കേണ്ടതാണ്. നിലവിൽ സ്കൂളുകളിൽ സർക്കാർ പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ കലണ്ടർ ആരംഭിക്കുന്നതിന് മുമ്പ് തന്നെ, മെയ് മാസത്തിൽ യൂനിഫോം വിതരണം ചെയ്യുന്നുണ്ട്. GO(MS)115/2022/Lsgd Dated 28.05.2022 സബ്സിഡി മാർഗരേഖ 5(2) ൽ മാർഗരേഖയിൽ ഉൾപെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് സർക്കാറിന്റെ അനുമതിയോട്കൂടി മാത്രമെ സബ്സിഡി നനൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ യൂനിഫോം വിതരണത്തിനായി മാത്രം സർക്കാർ അനുമതിയില്ലാതെ , പ്രോജക്ട് വെച്ച് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ചെലവ് തുക 489450/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25-1 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം - സർക്കാർ അനുമതി വാങ്ങിയില്ല

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പട്ടിക വർഗ വിദ്യാർഥികൾക്ക് യൂനിഫോം എന്ന 203/23 പ്രോജക്ട് നിർവഹണം നടത്തിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിനായി ടി.എസ്.പി വിഹിതം 291900 രൂപ വകയിരുത്തുകയും 291900 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ബിൽ 144/2022-23 Dated 22.12.2022 )
നിലവിൽ സ്കൂളുകളിൽ സർക്കാർ പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ കലണ്ടർ ആരംഭിക്കുന്നതിന് മുമ്പ് തന്നെ, മെയ് മാസത്തിൽ യൂനിഫോം വിതരണം ചെയ്യുന്നുണ്ട്. GO(MS)115/2022/Lsgd Dated 28.05.2022 സബ്സിഡി മാർഗരേഖ 5(2) ൽ മാർഗരേഖയിൽ ഉൾപെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് സർക്കാറിന്റെ അനുമതിയോട്കൂടി മാത്രമെ സബ്സിഡി നനൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ യൂനിഫോം വിതരണത്തിനായി മാത്രം സർക്കാർ അനുമതിയില്ലാതെ , പ്രോജക്ട് വെച്ച് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ചെലവ് തുക 291900/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 വീട്ടുവളപ്പിൽ മത്സ്യകൃഷി - പദ്ധതി ആസൂത്രണത്തിൽ അപാകത.

2022-23 സാമ്പത്തിക വർഷം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്യഷി എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്ടിന്റെ പേര്** | S0077/23 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്യഷി |
| **അടങ്കൽ** | 246000/-<br>59200/- പൊതുവിഭാഗം സാധാരണവിഹിതം;<br>39200/- സംസ്ഥാനാവിഷ്കൃത ഫണ്ട്;<br>147600/- ഗുണഭോക്ത വിഹിതം |
| **ചെലവ്** | 59200/-(പൊതുവിഭാഗം സാധാരണവിഹിതം) |
| **ബിൽ നമ്പർ** | 02/2022-23, തീയതി 20/3/2023 |
| **ഫണ്ട്** | വികസന ഫണ്ട്<br>(പൊതുവിഭാഗം സാധാരണ വിഹിതം) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

2022-23 സാമ്പത്തിക വർഷം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച 'വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്യഷി' എന്ന പ്രോജക്ടിന്റെ ഭാഗമായി രണ്ട് ഗുണഭോക്താക്കൾക്ക് ₹29600/- വീതം മൽസ്യം വളർത്തുന്നതിനായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് പ്രകാരം പദ്ധതി കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിലൊരാളായ ശ്രീ. ജോഷി ജോസഫ് എന്നവർ പദ്ധതി

തുടർന്ന് നടത്തിക്കൊണ്ട് പോകാൻ താത്പര്യമില്ല എന്ന് 13/04/2023 ന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് കത്ത് നൽകുകയും, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ അയൽവാസികൾ പ്രശ്നമുണ്ടാക്കുന്നതിനാൽ ടിയാന് പദ്ധതി തുടർന്ന് നടത്താൻ സാധിക്കില്ലന്ന് അറിയിച്ചതിനാൽ സബ്സിഡി തുക (29600/-) പരാമർശിത ഗുണഭോക്താവിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ 17/04/2023 ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 115/2022/LSGD തീയതി -28/05/2022) യിലെ ഖണ്ഡിക 6.4.13A പ്രകാരം മത്സ്യകൃഷിയിൽ താത്പര്യമുള്ളതും സ്ഥലസൗകര്യമുള്ളതുമായ വ്യക്തികൾ, ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് ധനസഹായം നൽകാവുന്നതാണ്. സ്ഥലപരിശോധന നടത്തി നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മുമ്പ് സ്ഥലപരിശോധന നടത്തിയോ എന്ന് വ്യക്തമല്ല. പദ്ധതിയുടെ തുടർനടപടികളുടെയും സ്ഥലപരിശോധന നടത്തിയത് സംബന്ധിച്ചുമുള്ള വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 02/2022-23 തീയതി 12/02/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുക ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 വാഹന വാടക – നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗത്തിലേക്ക് വാഹനം വാടകയ്ക്ക് എടുത്ത വകയിൽ 2022-23 വർഷത്തിൽ ലഭ്യമായ രേഖകൾ പ്രകാരം പ്രതിമാസം താഴെപറയുന്ന തുക നൽകിയതായി കാണുന്നു.

| വൗച്ചർ നം. തീയതി | തുക |
|---|---|
| 22200054 Dt 18-4-22 | 37500 (March 22) |
| 22200251 Dt 21-6-22 | 72000 ( For 4/2024- 34500, 5/2024-37500 |
| 22200374 Dt 02-8-22 | 36000 (June 22) |
| 22200426 Dt 24-8-22 | 36000 (July22) |
| 22200468 Dt 05-9-22 | 40500 (August 22) |
| 22200568 Dt 11-10-22 | 31500 (September 22) |
| 22200660 Dt 07-11-22 | 33000 (October 22) |
| 22200761 Dt 14-12-22 | 37500 (November 22) |
| 22200891 Dt 18-01-23 | 37500 (December 22) |
| 22201020 Dt 25-2-23 | 34500 (January 23) |
| ആകെ തുക | 3,960,00 |

ഈയിനത്തിൽ 2022-23 വർഷത്തിൽ ₹3,960,00 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പെതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തിയുടെ സൂപ്പർവിഷൻ, കെട്ടിടനിർമ്മാണ അപേക്ഷയിൻമേലുള്ള സ്ഥലപരിശോധന തുടങ്ങിയ വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സ.ഉ.(സാധാ) നം.690/18 /തസ്വഭവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചീഫ് എഞ്ചിനിയർ നം. ഡിബി3-753/2012/സി.ഇ/തസ്വഭവ തീയതി 18/03/2018 പ്രകാരം പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിൽ ഒരു മാസം ഉപയോഗിക്കേണ്ടിവരുന്ന Minimum & Maximum Kilometre, വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ ശമ്പളം, വാഹനത്തിന് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ എന്നിവ കണകാക്കി ഒരു മാസത്തേക്ക് ആവശ്യമുള്ള ശരാശരി വാഹനവാടക കണകാക്കേണ്ടതും, ആയത് ഒരു വർഷേത്തക്കുള്ള തുകയായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രോജക്ടായി വയ്ക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 23.03.2017 ലെ 2.9 നമ്പർ തീരുമാനം അനുസരിച്ച് ബ്ലോക്ക്, ജില്ലാ, നഗരസഭകളുടെ എഞ്ചിയർമാരും വാഹനത്തിന്റെ ആവശ്യകത തദ്ദേശസ്ഥാപനത്തെ ബോധ്യപ്പെടുത്തി 2018-19 സാമ്പത്തിക വർഷം മുതൽ പ്രോജക്ട് വയ്ക്കേണ്ട നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ കൽപ്പറ്റ നഗരസഭ പ്രോജക്ട് വയ്ക്കാതെ തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചതായി കാണുന്നത്. വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 10-5-2022 ന്ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച 3 വ്യക്തികൾ സമർപ്പിച്ച ക്വട്ടേഷനിൽ മിനിമം ചാർജ്ജ് 1500 രൂപ ക്വാട്ട് ചെയ്ത ശ്രീ ,അനീസ്.ടി.പി, എന്നവരുടെ ( KL 54 B 1183 ജീപ്പ് ) ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച ഡിബി3-753/2012/സി.ഇ/തസ്വഭവ തീയതി 18/03/2018 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിൽ നിർദ്ദേശിച്ചവിധം ഒരു മാസത്തേക്ക് വാഹന വാടകയിനത്തിൽ ആവശ്യമായ ശരാശരി തുക കണകാക്കിയിട്ടുള്ളതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. അതുപോലെ സ.ഉ (സാധാ) നം. 690/18 തസ്വഭവ തീയതി

14-3-2018 ൽ നിർദ്ദേശിച്ച വിധം പ്രോജക്ട് മുഖാന്തിരം വാഹന വാടക ചെലവ് നടത്താനുള്ള അനുമതി ഉണ്ടായിരിക്കെ തനത് ഫണ്ടിൽ നിന്നും ഈയിനത്തിലെ ചെലവ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. വാഹന വാടകയിനത്തിൽ ചെലവ് തുക അനുവദിക്കുന്നതിന് മുമ്പ് ഒരു മാസം നഗരസഭയ്ക്ക് വേണ്ടി വാഹനം സഞ്ചരിച്ചതിന്റെ ലോഗ് റിപ്പോർട്ടും, ഡ്രൈവറുടെ ഹാജർ രേഖയും നിർവ്വഹണഉദ്യോഗസ്ഥൻ സമർപ്പിക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ച് അംഗീകരിച്ച് ചെലവ് തുക സെക്രട്ടറിമുഖേനെ അനുവദിക്കുകയുമാണ് ചെയ്യേണ്ടത്. ഇതു സംബന്ധിച്ച് ലഭ്യമാക്കിയ ഫയലിൽ ഉൾപ്പെടുത്തിയ ഡ്രൈവറുടെ വാഹനം ഉപയോഗിച്ച ദിവസങ്ങൾ രേഖപ്പെടുത്തിയ കത്തും, ട്രിപ്പ് ഷീറ്റും അസി.എഞ്ചിനിയറോ , സെക്രട്ടറിയോ പരിശോധിച്ച് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2022-23വർഷത്തിൽ അസി.എഞ്ചിനിയർ ഓഫീസിലെ വാഹന വാടക ഇനത്തിൽ ചെലവഴിച്ച തുകയുടെ ആധികാരികത വ്യക്തമാക്കുന്ന അംഗീകരിച്ച പ്രതിമാസ ലോഗ് റിപ്പോർട്ട്, ഡ്രൈവറുടെ ഹാജർ രേഖകൾ, ക്വട്ടേഷൻ അംഗീകരിച്ച ഭരണസമതി തീരുമാനം 2022-23 വർഷത്തിൽ ഫിബ്രവരി, മാർച്ച് മാസത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ഉൾപ്പെടെ മേൽ പരാമർശിച്ച വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (29/12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 പ്രവർത്തനക്ഷമമല്ലാത്തതും, ആവശ്യമില്ലാത്തതുമായ പൊതു ടാപ്പുകൾ ഒഴിവാക്കി വാട്ടർ ചാർജ്ജിനത്തിലെ ചെലവ് നിയന്ത്രിക്കേണ്ടതാണ്.

നഗരസഭയുടെ 2022-23 വർഷത്തെ തനത് ഫണ്ട് ചെലവ് പരിശോധിച്ചതിൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2022 എപ്രിൽ മുതൽ 2023 ഫിബ്രവരി മാസം വരെ ടാപ്പ് ഒന്നിന് 8692.11 വാർഷിക നിരക്കിൽ 164 പൊതുടാപ്പുകളുടെ ചാർജിനത്തിൽ ₹ 1,18,791 രൂപ ഓരോ മാസവും ഒടുക്കുകയുണ്ടായി. വെള്ളക്കരം വർദ്ധിച്ചത് അനുസരിച്ച് 2023 മാർച്ച് മാസം മുതൽ ടാപ്പ് ഒന്നിന് 21838.68 രൂപ വാർഷിക നിരക്കിൽ ഓരോ മാസവും ₹ 2,98,466 രൂപയും ഒടുക്കിവരുന്നുണ്ട്. ഇതു പ്രകാരം വെള്ളക്കരം വർദ്ധിച്ചത് അനുസരിച്ച് മുൻപ് ഒടുക്കിവന്നതിൽ നിന്നും ₹ 1,79,675 രൂപയുടെ പ്രതിമാസ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 164 പൊതു ടാപ്പുകളാണ് വാട്ടർ അതോറിറ്റി ഇൻവോയ്സ് പ്രകാരം ഡിമാന്റ് ചെയ്യുന്നതും നഗരസഭ തുക ഒടുക്കാൻ കണക്കാക്കുന്നതും. എന്നാൽ ഈ പൊതുടാപ്പുകളെല്ലാം തന്നെ പ്രവർത്തനക്ഷമമായതും ആവശ്യമുള്ളതുമാണോ എന്ന് നഗരസഭയും വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല . ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ-11/2022- 2023 തീയതി : 15/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കാണിച്ച 164 പൊതു ടാപ്പുകൾ സംബന്ധിച്ച് അടിയന്തിരമായി പരിശോധന നടത്തേണ്ടതും ആവശ്യമില്ലാത്തതും, പ്രവർത്തനക്ഷമമല്ലാത്തതുമായ ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജലജീവൻ മിഷൻ, അമൃത് തുടങ്ങിയ സമഗ്ര കുടിവെള്ളപദ്ധതികൾ നഗരസഭാ പ്രദേശത്ത് നടപ്പിക്കിവരുന്ന സാഹചര്യത്തിൽ അത്യാവശ്യമായതൊഴിച്ചുള്ള പൊതു ടാപ്പുകൾ ഒഴിവാക്കി ഈയിനത്തിലുള്ള അധിക ചെലവ് ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഇത് മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 1-29 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലേക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക തിരികെ നിക്ഷേപിക്കേണ്ടതാണ്.

വൗച്ചർ നം. 32200276 തീയതി, 4-2-23 തുക- ₹20,00,000.00

അയ്യങ്കാളി തൊഴിലുറപ്പ് കൂലി, ജീവനക്കാരുടെ ശമ്പളം തുടങ്ങിയവ നൽകുന്നതിന് ഫണ്ട് അപര്യാപ്തമായതിനാൽ പി.എ.യു 5769 /22-D3 തീയതി 23-12-2022 സർകുലർ പ്രകാരം തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാമെന്ന നിർദ്ദേശത്തെ തുടർന്ന് മേൽ വൗച്ചർ നമ്പർ പ്രകാരം ₹20,00,000.00 രൂപ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും 4-2-2023 ന് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഫണ്ടിലേക്ക് മാറ്റിയതായി കാണുന്നു. പ്രസ്തുത സർകുലറിൽ തൊഴിലുറപ്പ് പദ്ധതിക്ക് ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരികെ നൽകുവാൻ നിർദ്ദേശിച്ചിരുന്നു. മേൽ സർകുലർ നിർദ്ദേശപ്രകാരം പ്രസ്തുത തുക തനത് ഫണ്ടിലേക്ക് തിരികെ നിക്ഷേപിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ- 27 /2022- 2023 തീയതി : 19/02/2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് തനത് ഫണ്ടിൽ നിന്നും ലഭിച്ച ₹20,00,000 തനത് ഫണ്ടിലേക്ക് തിരികെ നൽകി ക്രമീകരിക്കേണ്ടതാണ്.

## 1-30 ജിവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസിന്റെ തിരിച്ചടവ് പൂർണ്ണമായും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പവരുത്തേണ്ടതാണ്.

നഗരസഭയിലെ വിവിധ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ സർക്കാർ ഉത്തരവ് അനുസരിച്ച് വിവിധ വർഷങ്ങളിൽ തുക അനുവദിച്ചുവരുന്നുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം ഈ വിധം കൈപ്പറ്റുന്ന തുക പ്രതിമാസ തവണകളായി തിരിച്ചടക്കേണ്ടതുമുണ്ട്. നഗരസഭയിൽ നിന്നും അഡ്വാൻസ് ഇനത്തിൽ തുക കൈപ്പറ്റി തിരിച്ചടവ് പൂർത്തിയാവുന്നതിന് മുമ്പ് സ്ഥലം മാറിപോയിട്ടുള്ള ജീവനക്കാരുടെ ഗഡുക്കൾ അവർ തുടർന്ന് സേവനം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും പിരിച്ച് തുക കൈപ്പറ്റിയ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് കൈമാറേണ്ടതുമുണ്ട്. ഈ വിധം തുകയുടെ കൈപ്പറ്റും തിരിച്ചടവും നിരീക്ഷിക്കുന്നതിന് ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റുന്ന ജീവനക്കാരുടെ വിവരങ്ങൾ, തിരിച്ചടവ് വിവരങ്ങൾ എന്നിവ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധിക്കേണ്ടതാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ നഗരസഭയിൽ മുൻവർഷങ്ങളിലൂൾപ്പെടെ 2022-23 വരെ ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കരിൽ നിന്നും എത്ര തുക തിരികെ ഈടാക്കാൻ ബാക്കിയുണ്ട് എന്നതിന്റെ വിവരം ലഭ്യമല്ല. വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി.18 പ്രകാരം 34000രൂപ ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ ബാലൻസ് കാണിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നമ്പർ 9/2022- 2023 തീയതി : 15/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നാളിതുവരെ ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ ലഭിക്കാനുള്ള തുക പരിശോധിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 2003 ലെ കേരള മുനിസിപ്പാലിറ്റി ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരാണർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരാണർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് നഗരസഭാ പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.കൽപ്പറ്റ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നംബർ 102100010004235 ൽ ദുരിതാശ്വാസ നിധി ഇനത്തിലെ തുക നിക്ഷേപിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ദുരിതാശ്വാസ നിധി ഇനത്തിലെ വരവ് ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വരവിനം | തുക | ചെലവിനം | തുക |
|---|---|---|---|
| മുന്നിരിപ്പ് | 17059.00 | ധനസഹായം നൽകിയത് | 11000.00 |
| സംഭാവന വരവ് | 65000.00 | സർവ്വീസ് ചാർജ്ജ് | 23.00 |
| പലിശ വരവ് | 1459.00 | നീക്കിയിരിപ്പ് | 72495.00 |
| ആകെ തുക | 83,518.00 | ആകെ തുക | 83,518.00 |

മേൽ വരവ് ചെലവ് കണക്കുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ദുരിതാശ്വാസ നിധിയിനത്തിൽ 2022-23 വർഷത്തിൽ 11 പേർക്ക് ₹1000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ക്യാഷ് ബുക്ക്, മിനിട്സ് ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ദുരിതാശ്വാസ നിധി ചട്ടത്തിൽ വ്യക്തമാക്കിയത്പേലെ ധനസഹായം വ്യക്തികളിൽ നിന്നും സംഘടകളിൽ നിന്നും സംഭാവനമായി സ്വീകരിച്ച് നഗരസഭാ പരിധിയിൽ ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി ധനസാഹം ലഭ്യമാക്കുന്നതിനുള്ള നടപടിസ്വീകരിക്കേണ്ടതാണ്.

## 1-32 പഴയ സ്റ്റാന്റ് കംഫർ ട്ട്സ്റ്റേഷൻ- വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കിയത്-കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നം.22200867 തീയതി 10-1-2023

കൽപ്പറ്റ നഗരസഭയിലെ പഴയസ്റ്റാന്റിലെ കംഫർട്ട്സ്റ്റേഷൻ 2022 ൽ നടത്തിപ്പിന് കരാർ എടുത്ത ശ്രീ. എൻ. അഷ്റഫ് എന്ന വ്യക്തി വെള്ളകരമിനത്തിൽ ₹ 70099രൂപ കുടിശ്ശിക വരുത്തുകയുണ്ടായി .ഇപ്രകാരം കുടിശ്ശിക വരുത്തിയ ₹ 70099 രൂപ വൗച്ചർ നം.22200867 തീയതി 10-1-2023 പ്രകാരം നഗരസഭ തനത് ഫണ്ടിൽ നിന്നും ഒടുക്കിയതായി

കാണുന്നു. 2022 വർഷത്തിൽ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിന് കരാർ എടുത്തയാളാണ് പ്രസ്തുത കരാറുകാരൻ. കരാറിന്റെ ഭാഗമായി ടിയാന്റ് ₹ 10,000 EMD ആയി നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. കുടിശ്ശിക വരുത്തിയ കരാറുകാരനിൽ നിന്നും നഗരസഭ ഒടുക്കിയ ₹ 70099 തിരികെ ഈടാക്കിയിട്ടുണ്ടോ, ഇ.എം.ഡി തുക കണ്ടുകെട്ടിയിരുന്നോ, നഗരസഭയുമായുള്ള കരാർ ലംഘനങ്ങൾക്ക് സ്വീകരിക്കേണ്ടുന്ന നടപടികൾ ലേല നിബന്ധനയിൽ , കരാറിൽ വ്യക്തിമാക്കിയിരുന്നോ ഉണ്ടെങ്കിൽ ആയതിലെ വ്യവസ്ഥകൾ പ്രകാരം കാരാർ ലംഘനത്തിന് മേൽ കാരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നമ്പർ-31/2022- 2023 തീയതി : 19/02/2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരമിനത്തിൽ കടിശ്ശിക വരുത്തിയ കരാറുകാരനിൽ നിന്നും നഗരസഭ ഫണ്ടിൽ നിന്ന് ഒടുക്കിയ ₹ 70099 രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ലേലം ഉൾപ്പെടെ നഗരസഭയുമായി വിവിധ കരാറുകളിൽ ഏർപ്പെടുന്നവ്യക്തികളുമായി ഏർപ്പെടുന്ന എഗ്രിമെന്റിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടുന്ന തുക നിശ്ചിത സമയത്തിനകം ഒടുക്കാൻ വീഴ്ച വരുത്തുന്ന കരാറുകാരനെതിരെ സ്വീകരിക്കേണ്ടുന്ന നടപടി വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-33 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന അനിവാര്യ വകയിരുത്തൽ നടത്തേണ്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും ,പദ്ധതികളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. നൽകിയ തുകയുടെ രസീത്, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കി ഫയലിൽ വെക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | ചെലവ് തുക ₹ | വൗച്ചർ നം / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 88/23<br>സാമൂഹ്യസുരക്ഷാ മിഷൻ വിഹിതം<br>ഫണ്ട് - പ്ലാൻ ജനറൽ | 10,00,000 | 28/22.10.2022 |
| 2 | പ്രോജക്ട് നം 87/23<br>ഐ. കെ. എം. വിഹിതം നൽകൽ<br>ഫണ്ട് - പ്ലാൻ ജനറൽ | 3,00,000 | 33/10.11.2022 |
| | ആകെ | 13,00,000 | |

## 1-34 കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തി പൂർത്തീകരണ വിവരം ഇല്ല

കൽപ്പറ്റ നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ കണക്ഷനുവേണ്ടി നഗരസഭ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല.

| പ്രോജക്ട് /ഫണ്ട് | തുക | തുക നൽകിയ സ്ഥാപനം | വൗച്ചർ നമ്പർ / തീയതി |
|---|---|---|---|
| 205/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 4,00,000 | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് കൽപ്പറ്റ | 22201325/18.3.2023<br>4,00,000 |

കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് നഗരസഭ അടവാക്കിയിട്ടുള്ളത്. എന്നാൽ, തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ വൈദ്യുതി ബോർഡുമായി കരാർ വെച്ചതായി കാണുന്നില്ല. സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-35 സ്പിൽ ഓവർ പദ്ധതികൾ - ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സൂപ്രണ്ട് ജനറൽ ആശുപത്രി, വെറ്ററിനറി സർജ്ജൻ എന്നിവർ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പ്രവൃത്തികൾ, കൽപ്പറ്റ നഗരസഭയുടെ 2022-2023 വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണം | ചെലവഴിച്ച തുക(₹) | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | S0012/23 വയോജനങ്ങൾക്ക് വൈദ്യ സഹായ ഉപകരണങ്ങൾ നൽകൽ<br>അടങ്കൽ: 881962/-<br>(വികസന ഫണ്ട് ജനറൽ) | സൂപ്രണ്ട് ജനറൽ ആശുപത്രി | 8,81,692.00 | 221801470017 00110043/22-23/17.05.22 |
| 2 | S0008/23<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ<br>അടങ്കൽ: 1569538/-<br>(വികസന ഫണ്ട് ജനറൽ) | വെറ്ററിനറി സർജ്ജൻ | 15,69,538.00 | 221801470016000 52275/22-23/27.04.22 |
| **ആകെ** | | | **24,51,230.00** | |

മേൽ പട്ടിക പ്രകാരം രണ്ട് പ്രോജക്ടുകളിലും ഓഡിറ്റ് വർഷം ₹ 24,51,230.00 രൂപയുടെ ചെലവുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവ് പത്രികയിൽ ഉൾപ്പെടുകയോ, ചെലവ് പത്രികയിൽ ചെലവ് ബുക്ക് ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/22-23/20.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-36 മുൻകൂറായി തുക നൽകി - മരുന്നുകൾ ലഭ്യമായിട്ടില്ല.

സൂപ്രണ്ട്, ജനറൽ ആശുപത്രി 2022-23 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾ വഴി മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. KMSCL നൽകിയ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി തുക നൽകിയിട്ടുണ്ട് , എന്നാൽ മരുന്നുകൾ ഇനിയും ലഭിക്കാൻ അവശേഷിക്കുന്നുണ്ട് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. ആറ് പ്രോജക്ടുകളിലായി ആകെ **2945065** രൂപ മുൻകൂറായി നൽകിയതിൽ **21,74,153.00** രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ നം./ പേര് | KMSCL ന് നൽകിയ തുക(₹) | ലഭിച്ച മരുന്ന് വില (₹) | ലഭിക്കേണ്ട മരുന്നുകളുടെ വില |
|---|---|---|---|---|
| 1 | S0019/23,<br>പെയിൻ & പാലിയേറ്റീവ് കെയർ(ശാന്തി)<br>അടങ്കൽ: 6,50,000.00<br>(വികസന ഫണ്ട് ജനറൽ) | 2218014700170086 7213/22-23/06.12.22 - 5,32,822.00 | 155236 | 3,77,586.00 |
| | | 221801470017012935 49/22-23/05.03.2023 – 1,17,178.00 | 0 | 117,178.00 |
| 2 | S0224/23,<br>വയോമിത്രം<br>അടങ്കൽ: 2,50,000.00<br>(വികസന ഫണ്ട് ജനറൽ) | 221801470017008937 74/22-23/12.12.2022 – 1,52,832.00 | 34218 | 1,18,614.00 |
| | | 221801470017010959 71/22-23/27.01.2023 – 87,038.00 | 0 | 87,038.00 |
| 3 | S0074/23,<br>ജനറൽ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധ | 221801470017008672 15/22-23/06.12.2022 – 1,32,440.00 | 74424 | 58,016.00 |

| | | | | |
|---|---|---|---|---|
| | സാമഗ്രികളും വാങ്ങൽ അടങ്കൽ: 10,00,000.00 (MGNR) | | | |
| | | 22180147001700885665/22-23/09.12.2022 – 6,48,767.00 | 91200 | 5,57,567.00 |
| 4 | S0229/23, ഡയാലിസിസ് കിറ്റ് വാങ്ങൽ അടങ്കൽ: 8,00,000.00 (വികസന ഫണ്ട് ജനറൽ) | 22180147001700892968/22-23/12.12.2022 – 7,99,996.00 | 266633 | 5,33,363.00 |
| 5 | S0009/23, പ്രൈമറി പെയിൻ & പാലിയേറ്റീവ് കെയർ അടങ്കൽ: 9,00,000.00 (വികസന ഫണ്ട് ജനറൽ) | 22180147001700792303/22-23/18.11.2022 – 1,96,103.00 | 27747 | 1,68,356.00 |
| | | 22180147001701361540/22-23/15.03.2023 – 68,412.00 | 54579 | 13,833.00 |
| | | 22180147001701361506/22-23/15.03.2023 – 17,014.00 | 0 | 17,014.00 |
| | | 22180147001700935097/22-23/15.03.2023 – 36,987.00 | 0 | 36,987.00 |
| 6 | S0015/23, സെക്കണ്ടറി പെയിൻ & പാലിയേറ്റീവ് കെയർ അടങ്കൽ: 5,00,000.00 (വികസന ഫണ്ട് ജനറൽ) | 22180147001700792305/22-23/18.11.2022 – 1,06,704.00 | 66875 | 39,829.00 |
| | | 2218014700170152049/22-23/28.03.2023 – 18,343.00 | 0 | 18,343.00 |
| | | 22180147001700792335/22-23/23.12.2022 – 30,429.00 | 0 | 30,429.00 |
| **ആകെ** | | **2945065** | **770912** | **21,74,153.00** |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.35/22-23/19.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ **21,74,153.00** തടസ്സപ്പെടുത്തുന്നു.

## 1-37 ഇ-ഹെൽത്ത് പദ്ധതി- പൂർണ്ണ ലക്ഷ്യം കൈവരിച്ചിട്ടില്ല.

സൂപ്രണ്ട്, ജനറൽ ആശുപത്രി, നിർവ്വഹണോദ്യോഗസ്ഥനായി ആശുപത്രി സേവനങ്ങൾ പൂർണമായും ഓൺലൈൻ രീതിയിലേക്ക് മാറ്റുന്നതിന് കമ്പ്യൂട്ടർവൽക്കരണം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| **പ്രൊജക്ട് വിവരം** | **അടങ്കൽ (₹)** | **ചെലവ് (₹)** |
|---|---|---|
| 63/23 ആശുപത്രി കമ്പ്യൂട്ടർവൽക്കരണം ഇന്റർകോം സിസ്റ്റം, പി.എ സിസ്റ്റം, ടി.വി ഇൻസ്റ്റലേഷൻ | 25,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 24,52,160 |

മേൽ പദ്ധതി പ്രകാരം, കൽപ്പറ്റ ജനറൽ ആശുപത്രിയിൽ, ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പൊതു സമൂഹത്തിന് സേവനങ്ങൾ ഓൺലൈൻ മുഖേന നൽകുക എന്ന ലക്ഷ്യത്തോടെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെൽട്രോൺ മുഖേന ഉപകരണങ്ങൾ സ്ഥാപിക്കുകയും മറ്റ് ഇൻഫ്രാസ്ട്രക്ച്ചറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുകയും 24.52 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്രയധികം തുക ചെലവഴിച്ചിട്ടും ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇ- ഹെൽത്ത് പദ്ധതി വഴി നിലവിൽ പ്രിസ്ക്രിപ്ഷൻ മുതലായ സർവ്വീസുകൾ ഓൺലൈൻ ആണ്. എന്നാൽ, ഇ-

ഹെൽത്ത് പദ്ധതിയുടെ പ്രധാന ലക്ഷ്യം ഓൺലൈൻ ഒ.പി ടിക്കറ്റ് നൽകുന്നതും പേപ്പർലെസ്സ് ഹോസ്പിറ്റൽ സർവ്വീസ്സസ്സ് നൽകുന്നതിനുമാണ് . എന്നാൽ, ഓൺലൈൻ ഒ.പി ടിക്കറ്റ് നൽകുന്നതിനുള്ള പാശ്ചാതല സംവിധാനങ്ങൾ ഒരുക്കിയിട്ടും, കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ഓൺലൈൻ ഓ.പി ടിക്കറ്റ് സേവനങ്ങൾ നൽകാൻ കഴിഞ്ഞില്ല എന്നത് വീഴ്ച്ചയായി കാണുന്നു. നിലവിലും മാന്വൽ രീതിയിലാണ് ഒ.പി ടിക്കറ്റ് നൽകുന്നത് എന്നത് രോഗികളായി വരുന്നവർക്ക് വളരെ നേരത്തെ കാത്തിരിപ്പിന് ഇടയാക്കുകയും ചെയ്യുന്നു. ഇ-ഹെൽത്ത് പദ്ധതി പ്രകാരമുള്ള യുണീക്ക് ഹെൽത്ത് ഐഡന്റിഫിക്കേഷൻ (യു.എച്ച്.ഐ.ഡി) നമ്പർ ഉള്ള പൗരൻമാർ ഉൾപ്പെടെ നിലവിലും ഓൺലൈൻ ഒ.പി ടിക്കറ്റ് സാധ്യമാകാത്തതിനാൽ ഒ.പി കൗണ്ടറിൽ ക്യൂ നിന്നാണ് ഒ.പി ടിക്കറ്റ് എടുക്കുന്നത് എന്നത് ഇ-ഹെൽത്ത് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്ന വസ്തുത വ്യക്തമാക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.49/22-23/21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ഹെൽത്ത് പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനായി അടിയന്തിര ഇടപെടൽ നടത്തേണ്ടതും ചെലവഴിച്ച തുക പാഴ്ചെലവ് ആകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-38 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി – ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടില്ല.

വെറ്ററിനറി സർജ്ജൻ നിർവ്വഹണോദ്യോഗസ്ഥനായി, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി രണ്ട് പ്രോജക്റ്റുകളിലായി തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| **പ്രോജക്റ്റ്** | 08/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(സ്പിൽ ഓവർ) | 130/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| **അടങ്കൽ** | ₹ 15,69,538.00<br>(വികസനം ജനറൽ) | ₹ 17,28,320.00<br>(വികസനം ജനറൽ) |
| **ചെലവ് (₹)** | ആകെ ₹ 15,69,538.00<br>(BRN No.22180147001600052275/ 27.04.2022) | ആകെ ₹ 14,97,975.00<br>[(724222/- BRN No. 22180147001601269631/01.03.2023),<br>(621471/- BRN No. 22180147001601269631/01.03.2023),<br>(152282/- BRN No. 22180147001601369470/16.03.2023)] |

മേൽ പദ്ധതിയിൽ, കൽപ്പറ്റ നഗരസഭയിലെ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, UTR സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഗുണഭോക്താക്കളുടെ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | തുക(₹) |
|---|---|---|---|---|
| പ്രോജക്റ്റ് നം. S0008/23 (സ്പിൽ ഓവർ) | | | | |
| 1 | ശ്രീ. മുരുകൻ | വിജയ ബാങ്ക് | 006732 | 7,325.00 |
| 2 | ശ്രീ. പളനി.സി | വിജയ ബാങ്ക് | 000445 | 16,675.00 |
| 3 | ശ്രീ. നവീൻ ചന്ദ് | ജില്ല സഹകരണ ബാങ്ക് | 200401 | 175.00 |
| 4 | ശ്രീമതി. രതി | കേരള ബാങ്ക് | 920012 | 4,693.00 |
| 5 | ശ്രീ. ശ്രീധരൻ.എം.കെ | വിജയ ബാങ്ക് | 000444 | 2,612.00 |
| 6 | ശ്രീ. അജയൻ.കെ.ടി | വിജയ ബാങ്ക് | 0014512 | 3,837.00 |
| പ്രോജക്റ്റ് നം. S0008/23 | | | | |
| 1 | ശ്രീമതി. രതി | കേരള ബാങ്ക് | 920012 | 7,023.00 |
| 2 | ശ്രീ. അജയൻ.കെ.ടി | വിജയ ബാങ്ക് | 0014512 | 3,609.00 |
| 3 | ശ്രീമതി. രതി | കേരള ബാങ്ക് | 920012 | 7,023.00 |
| **ആകെ** | | | | **52,972.00** |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.36/22-23/20.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ ഗുണഭോക്താക്കളുടെ സബ്സിഡി തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയ വിവരം അറിയിക്കേണ്ടതാണ്. അർഹരായ ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭ്യമാവുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥനാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക

ഗുണഭോക്താക്കൾക്ക് ലഭ്യമാവാത്ത സാഹചര്യത്തിൽ , വ്യക്തമായ വിവരങ്ങൾ ലഭ്യമാവുന്നത് വരെ 52972 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-39 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ- പർച്ചേസ് - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

ഹെൽത്ത് ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥനായി ഹരിത കർമ്മസേന പ്രവർത്തനങ്ങൾ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|
| 174/23 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ | 2,25,000.00<br>( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 2,18,800.00<br>(വൗച്ചർ നം. 22201394/31.03.2023) |

മേൽ പദ്ധതിയിൽ, ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. കൽപ്പറ്റയിൽ സ്ഥിതി ചെയ്യുന്ന, വയനാട് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോറിൽ നിന്നും ടെണ്ടർ ഇല്ലാതെ ആണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. അതിന്, അനുബന്ധമായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് സ.ഉ(എം.എസ്) നം.190/09/സഹ/16.11.2009 ഉത്തരവാണ്. പ്രസ്തുത ഉത്തരവിൽ, നിത്യോപയോഗ സാധനങ്ങൾ ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോറിൽ നിന്നും ടെണ്ടർ ഇല്ലാതെ വാങ്ങാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, 16.11.2009- ലെ ഉത്തരവിന് ശേഷം പുതിയ ഉത്തരവുകളൊന്നും ലഭ്യമാക്കിയിട്ടില്ല. വയനാട് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോറിന്റെ ഇൻവോയിസ് (നം.55/28.03.23) പ്രകാരം വാങ്ങിച്ചിരിക്കുന്നത് നിത്യോപയോഗ സാധനങ്ങൾ അല്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | തുക(₹) |
|---|---|---|---|
| 1 | ഐ.ഡി കാർഡ് | 40 | 4,000.00 |
| 2 | യൂണിഫോം | 80 | 34,000.00 |
| 3 | വേയിംഗ് മെഷീൻ | 12 | 4,800.00 |
| 4 | ഗ്ലൗസ്സ് & ബനിയൻ | 960 | 24,000.00 |
| 5 | റബ്ബർ ഷൂസ് | 80 | 20,000.00 |
| 6 | റെയിൻ കോട്ട് | 40 | 28,000.00 |
| 7 | ക്യാപ്പ്, കുട | 40 | 10,000.00 |
| 8 | ഫെയിസ് മാസ്ക് ഡിസ്പോസിബിൾ | 4000 | 12000.00 |
| 9 | ഹാന്റ് വാഷ് 250 Ml | 50 | 6,000.00 |
| 10 | പ്ലാസ്റ്റിക്ക് ചാക്കുകൾ | 4000 | 76,000.00 |
| ആകെ | | | 2,18,800.00 |

പ്രോജക്റ്റ് വെച്ച് വാങ്ങിക്കുന്ന മേൽ പട്ടികയിലെ ഇനങ്ങൾ ഓഫീസിലെ നിത്യോപയോഗവുമായി ബന്ധപ്പെട്ടവയല്ല.

അതിനാൽ, ടെണ്ടർ വിളിച്ച് വാങ്ങേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.41/22-23/21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. ഇത്തരം വാങ്ങലുകൾ ടെണ്ടർ മുഖേന വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഹെൽത്ത് ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥനായി സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| **പ്രൊജക്ടിന്റെ പേര്** | **അടങ്കൽ (₹)** | **ചെലവ് (₹)** |
|---|---|---|
| 25/23 ഹരിത കർമ്മ സേന അംഗങ്ങൾക്കായി സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (സ്പിൽ ഓവർ) | 1,77,000.00 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 90,000.00 (വൗച്ചർ 22200427/16.08.2022), |

ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷൻ വഴി തദ്ദേശ സ്ഥാപന തലത്തിൽ നടക്കുന്ന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കാനായുള്ള പദ്ധതിയാണ് ഹരിത കർമ്മസേന അംഗങ്ങൾക്ക് സ്മാർട്ട് ഗാർബേജ് സിസ്റ്റം എന്ന പ്രോജക്ടിലൂടെ ഉദ്ദേശിക്കുന്നത്. സർക്കാർ ഉത്തരവ് (നം. G.O.(Rt)No.2307/2021/LSGD/18.11.2021) പ്രകാരം, ഹരിത കേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ /പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ പദ്ധതിയുടെ സാങ്കേതിക സഹായം നൽകുന്നത് കെൽട്രോണ് ആണ്. മേൽ പ്രവർത്തനങ്ങൾക്കായി, 2021-22 വർഷത്തിൽ 6,73,000 രൂപയും, 2022-23 വർഷത്തിൽ 90,000.00 രൂപയും ഉൾപ്പെടെ ആകെ ₹ 7,63,000.00 കെൽട്രോണിന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ പ്രാഥമിക പ്രവൃത്തിയായ വീടുകളിൽ ക്യൂ. ആർ. കോഡ് പതിപ്പിക്കൽ പൂർത്തിയായിട്ടുണ്ട്. എന്നാൽ, നിലവിലും ഗാർബേജ് മോണിറ്ററിംഗ് സംവിധാനം പ്രവർത്തനക്ഷമമായിട്ടില്ല. ആകെ എൻറോൾ ചെയ്ത വീടുകളുടെ എണ്ണം 11,978 ആണ്. നഗരസഭയിലെ മുഴുവൻ ജനങ്ങളെയും പദ്ധതിയിലേക്ക് എൻറോൾ ചെയ്യിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. കെൽട്രോണിന്റെ പദ്ധതി പൂർത്തീകരിച്ചതായുള്ള മൂല്യ നിർണ്ണയ സാക്ഷ്യപത്രവും, ഭൗതികനേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.47/22-23/21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്മാർട്ട് ഗാർബേജ് പദ്ധതി ലക്ഷ്യം കൈവരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-41 എസ്.എസ്.കെ വിഹിതം വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

നഗരസഭ 2022-23 വർഷം എസ്.എസ്.കെ വിഹിതം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. പ്രോജക്ട് വിശദാംശം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| **പ്രോജക്ട്** | 86/23 -എസ്.എസ്.എ.വിഹിതം നൽകൽ | അടങ്കൽ | 15,00,000 |
| **ഫണ്ട്** | വികസനഫണ്ട് -ജനറൽ | ചെലവ് | 15,00,000 |
| **നിർവഹണം** | സെക്രട്ടറി | ബിൽ | 1)23/22.10.2022<br>15,00,000 |

എസ്.എസ്.കെ.വൈത്തിരി ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്. എസ്.എസ്.കെയുടെ ആന്വൽ മെയിന്റനൻസ് പ്ലാനിന്റെ 40 % വിഹിതമാണ് ഇപ്രകാരം തദ്ദേശഭരണസ്ഥാപനം അനുവദിക്കേണ്ടത്.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ, സ.ഉ.(കൈ)84/22 ത.സ്വ.ഭ.വ. 19.04.2022 പ്രകാരം "സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ കർമ്മപദ്ധതി തയ്യാറാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെയായിരിക്കണം.പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്.തദ്ദേശഭരണസ്ഥാപനങ്ങൾ എസ്.എസ്.കെ.ക്ക് നൽകുന്ന തുകയുടെ വിനിയോഗം,ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ /പരിപാടികൾ എന്താണ് എന്ന വിവരങ്ങൾ അതാത് തദ്ദേശഭരണസ്ഥാപനങ്ങളെ എസ്.എസ്.കെ.പ്രോജക്ട് ഓഫീസർ അറിയിക്കണം.എസ്.എസ്.കെ.വിഹിതവും തദ്ദേശസ്ഥാപനവിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശഭരണ ഭാരവാഹികളുടെ ഇടപെടൽ ഉറപ്പാക്കണം"

തുക അനുവദിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചതായുള്ള രേഖകൾ ഫയലിൽ ഇല്ല.

നഗരസഭയുടെ പങ്കാളിത്തത്തോടെ ആന്വൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയതായോ അതനുസരിച്ച് 40 % തുക നഗരസഭയോട് ആവശ്യപ്പെട്ടതായോ കാണുന്നില്ല.സർക്കാർ ഉത്തരവ് പ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ പൂർണ്ണവിവരങ്ങളും വിനിയോഗ വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-42 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം -അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ 23/2023 പ്രോജക്ട് മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനാണ്. പ്രോജക്ട് വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ നം. / ബിൽ നം തീയതി |
|---|---|---|
| 23/23 മാനസിക ശാരിരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അടങ്കൽ 941200 (പ്ലാൻ ജനറൽ) | 941200 | 1) 1301354653/15.03.2023<br>147000 രൂപ<br>2) 1300990300/04.01.2023<br>794200 രൂപ |

ഭിന്നശേഷി സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 941200 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട് .എന്നാൽ മേൽ ചെലവുകൾ സംബന്ധിച്ച UTR സ്റ്റേറ്റ്മെന്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് അർഹമായ ഉല്ലാസ യാത്ര ബത്ത നൽകിയിട്ടില്ല എന്നും ശ്രദ്ധയിൽ പെടുത്തുന്നു. സമൂഹത്തിന്റെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിന് , അവരുടെ മാനസിക ഉല്ലാസത്തിന് സർക്കാർ അനുവദിക്കുന്ന തുക പൂർണമായും അനുവദിച്ച് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകത 50/21.02.2024 ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-43 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ചെലവ് രേഖകൾ മുഴുവൻ ഹാജരാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022) ഖണ്ഡിക നം. 7.2.13 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. മാർഗരേഖ പ്രകാരം രണ്ട് ലക്ഷം രൂപ ധനസഹായമായി നൽകാവുന്നതാണ്. മുൻകൂറായി 50000 രൂപ പ്രവൃത്തി ആരംഭിക്കുന്ന ആവശ്യത്തിലേക്ക് അനുവദിക്കാവുന്നതുമാണ്. നഗരസഭ പട്ടികജാതി വിഭാഗകാരായ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പേരിൽ പട്ടിക ജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | S014/23 പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർഥികൾക്ക് പഠന മുറി |
| അടങ്കൽ | ₹3,10,000/-(വികസന ഫണ്ട്-എസ്.സി.പി) |
| ആകെ ചെലവ് | ₹1,40,000/-<br>ട്രഷറി ബില്ലുകളുടെ നമ്പറും തീയതിയും<br>1)₹80,000/-, 02/22-23/09.07.2022<br>2)₹30,000/-, 10/22-23/23.01.2023<br>3)₹30,000/-, 03/22-23/31.08.2022 |

ആദ്യ രണ്ട് ബില്ലുകൾ പ്രകാരമുള്ള 110000 രൂപ ശ്രീ. സുരേഷ് ജി. (F/O ലിഷ്ണപ്രിയ) എന്ന ഗുണഭോക്താവിന് ധനസഹായം നൽകിയതാണ്. പ്രസ്തുത ഗുണഭോക്താവിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ്, ഓവർസീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഫയലിൽ വെച്ചിട്ടില്ല.

മൂന്നാമത്തെ ബില്ല് പ്രകാരം നൽകിയ 30000 രൂപ ശ്രീമതി. ലീല ബാബു (M/O നന്ദന ബാബു) എന്ന ഗുണഭോക്താവിന് ധനസഹായം നൽകിയതാണ്. പ്രസ്തുത ഗുണഭോക്താവിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റില്ല. രണ്ട് ഗുണഭോക്താക്കളും പഠന മുറി നിർമാണം പൂർത്തീകരിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

പരാമർശിത ബില്ലുകൾ പ്രകാരമുള്ള തുക സ്പിൽ ഓവർ പ്രോജക്ട് ആയതിനാൽ മുൻകൂർ നൽകിയതല്ല എന്നും തുടർന്നുള്ള സ്റ്റേജുകൾക്ക് അനുവദിച്ചതാണ് എന്ന് വ്യക്തമാവുന്നു. ഗുണഭോക്താക്കളുടെ പഠന മുറി നിർമാണം പൂർത്തിയാക്കിയ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 45/22-22, 21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പഠന മുറി നിർമാണ പ്രവൃത്തിയുടെ പുരോഗതി വിവരം ഉൾപ്പെടുന്ന വിധത്തിൽ വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-44 പട്ടികജാതി വിഭാഗകാരായ വിദ്യാർത്ഥികൾക്ക് ധനസഹായം - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022) ഖണ്ഡിക നം. 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്. ആയതനുസരിച്ച് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S064/23 പട്ടികജാതി വിദ്യാർഥികൾക്ക് പോസ്റ്റ് പഠനത്തിന് മെറിട്ടോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | ₹10,00,000/-(വികസന ഫണ്ട്-എസ്.സി.പി) |
| ആകെ ചെലവ് | ₹9,60,000/-<br>ട്രഷറി ബില്ലുകളുടെ നമ്പറും തീയതിയും<br>1)₹5,55,000/-, 4/22-23/28.11.2022<br>2)₹75,000/-, 5/22-23/28.11.2022<br>3)₹30,000/-, 6/22-23/28.11.2022<br>4)₹30,000/-, 7/22-23/28.11.2022<br>5)₹20000/-, 8/2022-23/16.12.2022<br>6)₹1,85,000/-, 9/22-23/16.12.2022<br>7)₹45,000/-, 14/22-23/24.03.2023<br>8)₹20,000 /-, 15/22-23/28.03.2023 |

പ്രസ്തുത പ്രോജക്ട് പ്രകാരം ആകെ 41 വിദ്യാർത്ഥികൾക്ക് തൻവർഷം ധനസഹായം നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 44/22-22/ 21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-45 സർക്കാർ നിർദ്ദേശ പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഒരു ടി.ആർ. 7(എ) ക്യാഷ് ബുക്കിലാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.

ജില്ലാ പട്ടികജാതി വികസന ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ സ്ഥാപനത്തിന്റെ 7എ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ സബ്സിഡിയറി രജിസ്റ്ററിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത വിഷയം 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-46 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലും ന്യൂനത തുടരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 42/22-22, 21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ ഇടപാടുകളും 7എ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തണം എന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-46 പട്ടികജാതി വിഭാഗകാരായ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയർ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022) ഖണ്ഡിക നം. 6.7.4 പ്രകാരം പട്ടികജാതി വിഭാഗകാർക്ക് ഒന്നര ലക്ഷം രൂപവരെ വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. നഗരസഭ തൻവർഷം 8 വർഷത്തിൽ കുറയാതെ കാലപ്പഴക്കമുള്ള പട്ടികജാതി കുടുംബങ്ങളുടെ ഭവന റിപ്പയറിന് ധനസഹായം എന്ന പേരിൽ പട്ടിക ജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | S65/23 – 8 വർഷത്തിൽ കുറയാതെ കാലപ്പഴക്കമുള്ള പട്ടികജാതി കുടുംബങ്ങളുടെ ഭവന റിപ്പയറിന് ധനസഹായം |
| അടങ്കൽ | ₹15,00,000/-(വികസന ഫണ്ട്-എസ്.സി.പി) |
| ആകെ ചെലവ് | ₹4,00,000/-<br>ട്രഷറി ബില്ലുകളുടെ നമ്പറും തീയതിയും<br>1)₹1,20,000/-, 11/22-23/23.01.2023<br>2)₹60,000/-, 12/22-23/16.02.2023<br>3)₹1,60,000/-, 13/22-23/24.03.2023<br>4))₹30,000/-, 16/22-23/26.03.2023<br>5)₹30,000/-, 27/22-23/28.03.2023 |

മേൽ പ്രോജക്ടിന് എത്ര ഗുണഭോക്താക്കളുണ്ടെന്നും ഓരോ ഗുണഭോക്താവിനും നഗരസഭ പരാമാവധി നൽകുന്ന ധനസഹായം എത്രയാണെന്നും സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല. തൻവർഷം തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഓവർസീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (43/22-22, 21.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-47 കോളനികളിൽ ടോയ്ലറ്റ് നിർമാണം - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| പ്രോജക്ട് | 32/23 വിവിധ കേളനികളിൽ കക്കൂസ് നിർമാണം | ഫണ്ട് | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുക |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 598000 |
| എസ്റ്റിമേറ്റ് | 2021/44193 | സാങ്കേതികാനുമതി | 17200/2021-22 |
| DSR | 2016, Cost Index 32.04 | കരാർ | 058/21-22/ 16.11.2021 |
| കരാറുകാരൻ | ശ്രീ.ലത്തീഫ് A.P | അളവ് ബുക്ക് | 220/2021-22,<br>223/2021-22, |
| ചെലവ് | 254451 | ബിൽ | 59623/29.03.2023 |
| പി.എ.സി | 533312.81 | നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |

ഈ പ്രോജക്ടിൽ രണ്ട് പാർട്ട് ഉൾപ്പെടുന്നു. ആദ്യ പാർട്ടിൽ അംബിലേരി അംഗനവാടിക്കും രണ്ടാം പാർട്ടിൽ ഉഡലായി അംഗനവാടിക്കും ടോയ്ലറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനാണ്. രണ്ട് നിർമാണ പ്രവൃത്തികൾക്കും 32 ഇനങ്ങൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. രണ്ട് എസ്റ്റിമേറ്റിലെയും ഇനം 14 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ് , ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോട്ടിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിന് ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി ഇപ്പോൾ ഉപയോഗിക്കാറില്ല. ഫ്ലോട്ടിങ്ങ് കോട്ട് ഉപയോഗിച്ച പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. മാത്രമല്ല. സാധാരണയായി ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് പേജ് 10 ൽ 2.3 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 18 പ്രകാരം DSR കോഡ് 11.36 പ്രകാരം ഇതേ പ്രതലത്തിൽ വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 19 ൽ ഇതേ പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു. സൈറ്റ് പരിശോധനയിൽ 13.1.1 കോഡ് പ്രകാരമുള്ള പ്ലാസ്റ്ററിങ്ങാണ് നിർവഹിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയ്യുന്ന വിധത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

**1) പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി.**

തെറ്റായ കോഡ് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കേണ്ടതാണ്.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|
| 80.99 @ 282.83 = 22906.4 | 80.99 @ 228.36 = 18494.87 | 4411.53 |

2) എസ്റ്റിമേറ്റ് രണ്ടാം പാർട്ടിൽ ഉൾപ്പെട്ട ഇഡലായി അംഗനവാടിയുടെ പ്രവൃത്തി നിർവഹണം നടത്തിയിട്ടില്ല എന്ന് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി, സൈറ്റ് പരിശോധിച്ച് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ വർക്ക് അവാർഡ് ചെയ്യുകയും സൈറ്റ് കൈമാറുകയും ചെയ്ത ശേഷം പ്രവൃത്തി നിർവഹിക്കാതിരുന്നത് ഗുരുതര വീഴ്ച്ചയാണ്. പ്രവൃത്തി നിർവഹണം നടത്താതിരുന്നത് എന്ത് കാരണത്താൽ എന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല.

3) **പ്രവൃത്തി വൈകി പൂർത്തിയാക്കി**

കരാർ പ്രകാരം പ്രവൃത്തി പൂർത്തികരണ തിയ്യതി 31.03.2022 ആണ്. എന്നാൽ പ്രവൃത്തി സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചില്ല എന്ന് വ്യക്തമാവുന്നു. അളവ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ മെഷർമെന്റ് റെക്കോർഡ് ചെയ്യുന്നത് 17.01.2023 നും അവസാന മെഷർമെന്റ് രേഖപ്പെടുത്തുന്നത് 23. 03. 2023 തിയ്യതിയിലുമാണ്. പ്രവൃത്തി പൂർത്തീകരണ തിയ്യതിക്ക് ശേഷം വളരെ വൈകിയാണ് വർക്ക് ആരംഭിക്കുന്നത് എന്ന് വ്യക്തമാവുന്നു. പൂർത്തീകരണ സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ കത്ത് നൽകുകയോ, മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്യുകയോ , നഗരസഭ കൗൺസിൽ സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ , അർഹമായ പിഴ ഈടാക്കാതെയാണ് ബിൽ നൽകിയത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. പിഴ ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട പിഴയുടെ വിവരം താഴെ കൊടുക്കുന്നു.

| പൂർത്തികരണ വിവരം | ഈടാക്കേണ്ട പിഴ |
|---|---|
| പൂർത്തികരണ തിയ്യതി 31.03.2022<br>പൂർത്തീകരണ കാലയളവ് : 4.5 മാസം<br>പൂർത്തീകരിച്ച തിയ്യതി 23.03.2023 | 01.04.2022 – 30.06.2022 @ 1 % Of PAC = 5333<br>01.07.2022 – 30.09.2022 @ 2% Of PAC = 10666<br>01.10.2022 – 31.12.2022 @ 2 % Of PAC = 10666<br>01.01.2023 – 23.03.2023 @ 2 % Of PAC = 9718 (For 82 Days)<br>ആകെ ഈടാക്കേണ്ട ഫൈൻ: 36383 |

26/19.02.2024 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറിൽ ചുമത്തുന്നു. 40794.53 രൂപ (4411.53 + 36383 ) ഈടാക്കേണ്ടതാണ്.

## 1-48 മുണ്ടേരി പാർക്ക് നിർമാണം

പാർക്ക് നിർമാണത്തിനായി നാളിത് വരെ 78.71 ലക്ഷം രൂപ വകയിരുത്തുകളും 31.49 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് എന്ന് സുലേഖ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. 2023-24 വർഷം മൂന്ന് പ്രോജക്ടുകൾ തയ്യാറാക്കുകയും നിർവഹണം പുരോഗമിച്ച് വരുന്നു എന്നും വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| 2022-23 | 55/23 മുണ്ടേരി പാർക്ക് നവീകരണം | 2500000 - CFC | 1490200 |
| 2022-23 | 118/23 മുണ്ടേരി പാർക്ക് ടോയ്ലറ്റ് നിർമാണം | 1000000 - CFC | 166953 |
| 2022-23 | 226/23 മുണ്ടേരി പാർക്ക് നവീകരണം - രണ്ടാം ഘട്ടം | 1400000 - CFC | 661777 |
| 2022-23 | 398/23 മുണ്ടേരി പാർക്ക് ഗേറ്റും അനുബന്ധ പ്രവത്തികളും | 600000 – Own Fund | 0 |
| 2023-24 | 363/24 മുണ്ടേരി പാർക്ക് നവീകരണം - രണ്ടാം ഘട്ടം | 738223 - CFC | 270267 |
| 2023-24 | 455/24മുണ്ടേരി പാർക്ക് ടോയ്ലറ്റ് നിർമാണം | 833047 - CFC | 560206 |
| 2023-24 | 495/24 മുണ്ടേരി പാർക്ക് വയറിങ്ങ് | 300000 – Own Fund | 0 |
| 2021-22 | 121/22 മുണ്ടേരി പാർക്ക് നവീകരണം | 500000 – Plan General | 0 |

| | | | |
|---|---|---|---|
| | | 7871270 | 3149403 |

നഗരസഭയിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം അംഗങ്ങൾ പാർക്ക് സന്ദർശിച്ചു. നിർമാണ പ്രവത്തികൾ വിലയിരുത്തി. പ്രോജക്ട് ഫയൽ , സൈറ്റ് പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) പാർക്ക് ഉപയോഗപ്പെടുത്തുന്നില്ല.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവഹിച്ച് പാർക്ക് ഉപയോഗപ്പെടുത്താവുന്ന അവസ്ഥയിലാണ് ഉള്ളത്. എന്നാൽ പാർക്ക് പ്രയോജനപ്പെടുത്താതെ അവശേഷിക്കുന്നതായി സൈറ്റ് പരിശോധനയിൽ വ്യക്തമാവുന്നു. പരിമിതമായ സ്ഥല സൗകര്യത്തിനുള്ളിൽ നിന്ന് കൊണ്ട് സാധ്യമായ മിനിമം റിക്രിയേഷൻ സംവിധാനങ്ങൾ പാർക്കിൽ നിലവിലുണ്ട്. ഇരിക്കാൻ ഇരിപ്പിടവും, ടോയ്‌ലറ്റ് സൗകര്യവും, വാക്ക് വേയും നിലവിലുണ്ട്. എന്നാൽ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താതെ കിടക്കുന്നത് , ഒരുക്കിയ സംവിധാനങ്ങൾ നശിച്ച് പോവുന്നതിന് കാരണമാവും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2 ) ആസ്തികൾ നശിപ്പിക്കുന്നു.

പാർക്കിൽ ടോയ്ലറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്. സിവിൽ പ്രവൃത്തികളും പൈപ്പ് ഫിറ്റിങ്ങ് , ഡോർ ഫിറ്റിങ്ങ് എന്നിവയും നിർവഹിച്ച് കരാറുകാരന് തുക നൽകിട്ടുണ്ട്. എന്നാൽ ഫൈബർ ഡോർ കുത്തി തുറന്ന് സാമൂഹ്യ വിരുദ്ധർ ടോയ്‌ലറ്റ് നശിപ്പിച്ചതായി കാണുന്നു. നിർമാണം പൂർത്തിയാക്കിയ ആസ്തികൾ ഇപ്രകാരം നശിപ്പിക്കാൻ സാഹചര്യം ഒരുക്കുന്നത് പൊതു മുതലിന്റെ ദുർവിനിയോഗമായി വിലയിരുത്തുന്നു.

3) ഗുണനിലവാരമില്ലാത്ത വർക്കുകൾ.

പാർക്കിലുള്ള മരങ്ങൾക്ക് ചുറ്റും കരിങ്കൽ കെട്ട് നടത്തി അതിന് മുകളിൽ 1 : 3 അനുപാതത്തിൽ 9mm കനത്തിൽ പ്ലാസ്റ്ററിങ്ങ് നടത്തിയാണ് ഇരിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. എന്നാൽ ഈ സ്പെസിഫിക്കേഷനിൽ മതിയായ തോതിൽ വെള്ളം നടച്ചാൽ പ്ലാസ്റ്ററിങ്ങ് തകരില്ല. എന്നാൽ സൈറ്റിലെ പ്ലാസ്റ്ററിങ്ങ് കൈ വിരൽ ഉപയോഗിച്ച് പോലും ഇളക്കാൻ പറ്റുന്ന അവസ്ഥയിലാണ് കാണുന്നത്. മാത്രമല്ല, വശങ്ങൾ പൊളിഞ്ഞ് പോവുന്നതായും കാണുന്നു. പ്ലാസ്റ്ററിങ്ങ് പ്രവൃത്തിക്ക് ഗുണനിലവാരമില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3149403 രൂപ പാർക്ക് നിർമാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. പാർക്ക് പ്രയോജനപ്പെടുത്താൻ ഇനി നടപടികൾ സ്വീകരിക്കേണ്ടത് നഗരസഭ കൗൺസിൽ ആണ്. പാർക്ക് പ്രയോജനപ്പെടുത്താൻ പ്രായോഗികമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 58/21.02.2024)

## 1-49 തലാരംകുന്ന് കേളനിയിൽ ടോയ്ലറ്റ്- പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

ഈ പ്രോജക്ടിൽ തലാരംകുന്ന് കേളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്, കുടിവെള്ള കിണർ അഭിവൃദ്ധിപ്പെടുത്തൽ എന്നീ സംവിധാനങ്ങൾ ഒരുക്കുന്നതിനാണ്. റിവൈസ്ഡ് എസ്റ്റമേറ്റ് ഇനം 13 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്‌ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ് , ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് DSR ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോട്ടിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിനും വെള്ളം ഊർന്നിറങ്ങാതിരിക്കാനും ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി ഇനം ഇപ്പോൾ ഉപയോഗിക്കാറില്ല. ഫ്ലോട്ടിങ്ങ് കോട്ട് ഉപയോഗിച്ച പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്‌ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് 202/2021-22പേജ് 20 ൽ 2.35 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 16 പ്രകാരം DSR കോഡ് 11.36 പ്രകാരം ഇതേ പ്രതലത്തിൽ വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 17 ൽ അവശേഷിച്ച പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയുന്ന വിധത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സൈറ്റ് പരിശോധനയിൽ സാധാരണയായി ചെയ്യുന്ന പ്ലസാറ്ററിങ്ങ് മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം പ്ലാസ്റ്ററിങ്ങിന് 13.1.1. കോഡ് മാത്രമെ നൽകേണ്ടതുള്ളൂ. അധിക ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|

| | | |
|---|---|---|
| 77.67 @ 282.83 = 21967.41 | 77.67 @ 228.36 = 17736.72 | 4230.68 |

ഓഡിറ്റ് എൻക്വയറി 56/21.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക 4230.68 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-50 കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| പ്രോജക്ട് | 46/23 കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് നിർമാണം | ഫണ്ട് | TSP |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 300000 |
| എസ്റ്റിമേറ്റ് | 2022/12012 | സാങ്കേതികാനുമതി | 84465/2021-22 |
| DSR | 2018, Cost Index 36.44 | കരാർ | 120/21-22/ 04.03.2022 |
| കരാറുകാരൻ | ശ്രീ. ഹംസ. സി.ടി | അളവ് ബുക്ക് | 177/2021-22, |
| ചെലവ് | 224700 | ബിൽ | 31725/23.06.2022 |
| പി.എ.സി | 239612.6 | നിരക്ക് | 10.5 % Below |

ഈ പ്രോജക്ടിൽ കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എസ്റ്റമേറ്റ് ഇനം 14 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ്, ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോട്ടിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിന് ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി ഇപ്പോൾ ഉപയോഗിക്കാറില്ല. ഫ്ലോട്ടിങ്ങ് കോട്ട് ഉപയോഗിച്ച പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് 177/2021-22പേജ് 14 ൽ 2.5 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 16 പ്രകാരം DSR കോഡ് 11.41.2 പ്രകാരം ഇതേ പ്രതലത്തിൽ വിട്രിഫൈഡ് വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 17 ൽ അവശേഷിച്ച പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയുന്ന വിധത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സൈറ്റ് പരിശോധനയിൽ സാധാരണയായി ചെയ്യുന്ന പ്ലസാറ്ററിങ്ങ് മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം പ്ലാസ്റ്ററിങ്ങിന് 13.1.1. കോഡ് മാത്രമെ നൽകേണ്ടതുള്ളൂ. അധിക ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|
| 51.85 @ 388.79 = 20158.76 | 51.85 @ 316.06 = 16387.71 | 3771.05 |
| (എസ്റ്റിമേറ്റിന്റെ 10.5 % കുറവ് നിരക്കിൽ നഷ്ടം 3375.08) | | |

ഓഡിറ്റ് എൻക്വയറി 57/21.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അധികം നൽകിയ തുക 3375.08 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-51 ബഡ്സ് സ്കൂൾ മുറ്റം ഇൻറർലേക്ക് വിരിക്കൽ - എർത്ത് വർക്കിന് അധിക നിരക്ക് നൽകി

ബഡ്സ് സ്കൂൾ മുറ്റം ഇൻറർലോക്ക് പ്രവൃത്തികൾക്കായി സൈറ്റ് ലെവലിങ്ങ് ചെയ്യുന്നതിനായി മണ്ണ് എടുക്കുന്നതിന് ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായും അധികം നിരക്ക് നൽകിയതായും കാണുന്നു. മോർഡ് ഡാറ്റ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇന്റർലോക്ക് വിരിക്കുന്നതിനായി നിലം ഒരുക്കുന്നതിന് കേവലം 15 സെന്റീ മീറ്റർ മാത്രം ആഴത്തിൽ മണ്ണ് എടുത്ത് സ്ഥലം നിരപ്പാക്കുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത്. എന്നാൽ കൾവർട്ട്, പാലം പോലുള്ള വലിയ നിർമിതികൾക്ക് ആഴത്തിലുള്ള മണ്ണ് നീക്കം ചെയ്യാനായി ഉപയോഗിക്കുന്ന നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

MORD ഡാറ്റ പ്രകാരമുള്ള പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/M3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/M3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/M3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. (അടിസ്ഥാന നിരക്ക് എന്നാൽ കോസ്റ്റ് ഇൻഡക്സ് പരിഗണിക്കാതെയുള്ള നിരക്ക് ) മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളൂ എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയത് അധിക ചെലവ് വരുത്തിയതായി വ്യക്തമാവുന്നു.

നഗരസഭ എഞ്ചിനീയറിങ്ങ് വിങ്ങിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധ നടത്തി. സൈറ്റ് ലെവലിങ്ങ് ചെയ്യുന്നതിന് ഉയർന്ന നിരക്ക് നൽകേണ്ട ആവശ്യകത വരുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. മാത്രമല്ല, നിലവിൽ ഇന്റർലോക്ക് വിരിച്ചിരുന്ന മുറ്റത്ത് , നിലവിലുണ്ടായിരുന്ന പേവിങ്ങ് ബ്ലോക്ക് പൊട്ടിയതിനാൽ ആയത് മാറ്റി, .8mm കനത്തിലുള്ള കട്ട വിരിക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ സൈറ്റ് ലെവലിങ്ങ് നടത്തിയ പ്രതലത്തിലാണ് വീണ്ടും ലെവലിങ്ങ് നടത്താനായി 11.1.1.1 കോഡ് പ്രകാരമുള്ള നിരക്ക് നൽകിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം നടത്തേണ്ടതും ഇത്തരം വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer – Mord ) | അധികം |
|---|---|---|---|---|
| 330/23 – ബഡ്സ് സ്കൂൾ മുറ്റം ഇന്റർലോക്ക്<br>അടങ്കൽ : 300000 (തനത് ഫണ്ട്)<br>Estimate Id : 105958/2022<br>Cost Index 36.44%, DSR 2018<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>പി.എ.സി : 253814.4<br>കരാറുകാരൻ – നൗഫൽ. കെ.കെ<br>കരാർ : 35/2022-23/18.01.2023<br>ചെലവ് : 299370<br>വൗച്ചർ : 22201375/31.03.2023 | 24.45m3 | 18815.74<br>@ 769.56/M3<br>(എസ്റ്റമേറ്റ് നിരക്ക് ) | 2054.97<br>(അനുവദിക്കാവുന്ന നിരക്ക് 84.048/M3) | 16760.77 |

ഓഡിറ്റ് എൻക്വയറി 58/21.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തെറ്റായ ഡാറ്റ നൽകിയതിനാൽ അധികം നൽകിയ തുക 16760.77 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-52 ഷീ ലോഡ്ജ് – കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല.

ആനുകാലിക പ്രസക്തിയുള്ള ഒരു ആശയമാണ് ഷീ ലോഡ്ജ്. നഗര കേന്ദ്രത്തിൽ സുരക്ഷിത താമസ സൗകര്യം ഒരുക്കുക എന്നത് തൊഴിലിനായും , യാത്രയുടെ ഭാഗമായും നഗര പ്രദേശത്ത് എത്തുന്ന സ്ത്രീകളുടെ ജൈവികവും സാമൂഹികവുമായ ആവശ്യമാണ്. നഗരസഭ ക്വാർട്ടേഴ്സ്, ആയുർവേദ, അലോപ്പതി ആശുപത്രി എന്നിവക്ക് സമീപത്തായി ഷീ ലോഡ്ജ് പൂർത്തീകരണത്തിനായി നഗരസഭ എഞ്ചിനീയർ നിർവഹണം നടത്തുന്ന 361/23 ഷീ ലോഡ്ജ് അനുബന്ധ നിർമാണ പ്രവതികൾ എന്ന പ്രോജക്ടിനായി 2022-23 വർഷം പ്ലാൻ വിഹിതം 4.9 ലക്ഷം രൂപ വകയിരുത്തുകയും 463250 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ എസ്റ്റമേറ്റിൽ പ്രധാനമായും മൂന്ന് ഇനം പ്രവൃത്തികളാണ് ഉൾപ്പെടുന്നത്. ചുറ്റ് മതിൽ, സൺ ഷൈഡ് നിർമാണത്തിനായുള്ള പൈപ്പ് വർക്ക് , ഷീറ്റ് വർക്ക് , ഹാന്റ് റെയിൽ എന്നിവയാണ് .

ഷീ ലോഡ്ജ് നിർമാണത്തിനായി നാളിത് വരെ വകയിരുത്തിയ , ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | 138/20 ബാച്ചിലോഴ്സ് ക്വാർട്ടേഴ്സിന് പുറകിൽ കുടുംബശ്രീ ഷീ ലോഡ്ജ് നിർമാണം | 2602000 | 0 |
| 2020-21 | 304/21 ബാച്ചിലോഴ്സ് ക്വാർട്ടേഴ്സിന് പുറകിൽ കുടുംബശ്രീ ഷീ ലോഡ്ജ് നിർമാണം | 2602000 | 2363182 |
| 2021-22 | 146/22 ഷീ ലോഡ്ജ് വൈദ്യുതീകരണം | 200000 | 196878 |
| 2022-23 | 361/23 ഷീ ലോഡ്ജ് അനുബന്ധ നിർമാണ പ്രവൃത്തികൾ | 490000 | 463250 |
| 2023-24 | 480/24 ഷീ ലോഡ്ജ് അനുബന്ധ സൗകര്യം ഒരുക്കൽ | 500000 | 0 |
| | | 6394000 | 3023310 |

26.02 ലക്ഷം രൂപ വകയിരുത്തുകയും 2363182 രൂപ ചെലവഴിക്കുകയും ചെയ്ത് 304/21 പ്രോജക്ടിന്റെ ഭാഗമായിട്ടാണ് ഷീ ലോഡ്ജ് കെട്ടിട നിർമാണം പൂർത്തികരിക്കുന്നത്. രണ്ട് നിലകളിലായിട്ടാണ് കെട്ടിടം നിർമിച്ചിട്ടുള്ളത്. താഴെ നില പാർക്കിങ്ങ് ആയിട്ടും മുകൾ നില (ഒന്നാം നില ) ഷീ ലോഡ്ജ് ആയിട്ടുമാണ് നിർമാണം നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിന് 146/2021-22 പ്രോജക്ട് തയ്യാറാക്കുകയും പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. നാളിത് വരെ ഷീ ലോഡ്ജ് നിർമാണത്തിനും പൂർത്തീകരണത്തിനുമായി 30.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നു.

നഗരസഭ എഞ്ചിനീയറിങ്ങ് വിങ്ങിന്റെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി നേരിൽ പരിശോധിച്ചു. 361/23 ഷീ ലോഡ്ജ് അനുബന്ധ നിർമാണ പ്രവൃത്തികൾ എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ സൈറ്റിൽ ചെയ്തിട്ടുണ്ട്. തൽവർഷ പ്രോജക്ടിന്റെ ഭാഗമായി ചുറ്റ് മതിൽ , ഷീറ്റ് റൂഫിങ്ങ്, ഹാന്റ് റെയിൽ എന്നിവയാണ് ഈ പ്രോജക്ടിന്റെ ഭാഗമായി ചെയ്തിട്ടുള്ളത്.
ഷീ ലോഡ്ജിനായി മൂന്ന് റൂമുകളും ഒരു ഓഫീസുമാണ് ഒരുക്കിയിട്ടുള്ളത്. നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫർണിച്ചർ ലഭ്യമാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണ സമിതിയുടെ 5-1/ 12.06.2023 നമ്പർ തീരുമാന പ്രകാരം ഷീ ലോഡ്ജ് നടത്തിപ്പ് കുടുംബശ്രീ യൂനിറ്റുകളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്ന് താൽപര്യ പത്രം ക്ഷണിക്കുന്നതിനും മികച്ച പ്രവർത്തന പാരമ്പര്യമുള്ള ഗ്രൂപ്പുകൾക്ക് ഓരോ വർഷവും നടത്തിപ്പ് ചുമതല നൽകാനും തീരുമാനമായിട്ടുണ്ട്. എന്നാൽ പ്രായോഗികമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഷീ ലോഡ്ജിനായി ചെലവഴിച്ച 3023310 രൂപ പാഴ്ചെലവായി മാറാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 59/21.02.2024 ഓഡിറ്റ് എൻക്വയറി പ്രകാരം ഈ വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-53 അർബൻ പി.എച്.സി മുറ്റം ഇൻറർലേക്ക് വിരിക്കൽ- എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു.

അർബൻ പി.എച്.സി മുറ്റം ഇൻറർലേക്ക് പ്രവൃത്തികൾക്കായി സൈറ്റ് ലെവലിങ്ങ് , ഡ്രയിൻ ഫൗണ്ടേഷൻ എന്നിവക്ക് മണ്ണ് എടുക്കുന്നതിന് ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. മോർഡ് ഡാറ്റ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഡ്രയിനിനേജ് ഫൗണ്ടേഷനായി 30 മീറ്റർ നീളത്തിൽ ഒരു മീറ്റർ വീതിയിൽ .5 മീറ്റർ ആഴത്തിലും ഇൻറർലോക്ക് വിരിക്കുന്നതിനായി 20 മീറ്റർ നീളത്തിൽ ആറ് മീറ്റർ വീതിയിൽ .3 മീറ്റർ ആഴത്തിലും മണ്ണ് എടുക്കുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത്. .3 മുതൽ .5 മീറ്റർ വരെ ആഴത്തിലുള്ള മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തിക്ക് സ്ലക്ച്ചറുകൾക്ക് നിൽകുന്ന നിരക്ക് നൽകിയത് ക്രമപ്രകാരമല്ല.

MORD ഡാറ്റ പ്രകാരമുള്ള പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/M3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/M3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/M3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളു എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയതായി വ്യക്തമാവുന്നു.

ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം

നടത്തേണ്ടതും ഡ്രയിനേജ് പോലുള്ള വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer-Mord ) | അധികം |
|---|---|---|---|---|
| 354/23 – അർബൻ പി.എച്ച്.സി മുറ്റം ഇന്റർലോക്ക്<br>അടങ്കൽ : 697000 (696178-M.GNR, 822 തനത് ഫണ്ട്)<br>Estimate Id : 105807/2022<br>Cost Index 36.44%<br>നിരക്ക് : ഐറ്റം നിരക്ക്<br>പി.എ.സി : 482935.85<br>കരാറുകാരൻ – സുരേഷ് ബാബു. ടി<br>കരാർ : 103/2022-23/16.02.2023<br>ചെലവ് : 562860<br>BRN നമ്പർ : 93622/18.03.2023 | 52.077m3 | 32782.47<br>(അനുവദിച്ച നിരക്ക് 629.5/ M3, 18.2 ബിലോ)<br>(എസ്റ്റമേറ്റ് നിരക്ക് 769.56/ M3) | 3580.29<br>(18.2% ബിലോയിൽ അനുവദിക്കാവുന്ന നിരക്ക് 68.75/M3)<br>(അടിസ്ഥാന നിരക്ക് 84.048/M3) | 29202 |

ഓഡിറ്റ് എൻക്വയറി 23/19.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. തെറ്റായ ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക 29202 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-54 ബഡ്സ് സ്കൂൾ മേൽക്കൂര നവീകരണം - നിർവഹണത്തിൽ അപാകതകൾ

ബഡ്സ് സകൂൾ കെട്ടിടത്തിന്റെ ഷീറ്റ് റൂഫിങ്ങ് നടത്തിയ ഭാഗം സീലിങ്ങ് വർക്ക് ചെയ്യുന്നതിനാണ് ഈ പ്രോജക്ട് .സീലിങ്ങിനായി അലുമിനിയം ഉപയോഗിച്ചുള്ള ചാനൽ വർക്കിനായി കോഡ് 21.5 പ്രകാരമുള്ള നിരക്കും , സീലിങ്ങിനായി 7.5 Mm കനത്തിലുള്ള Pvc Wooden Grains Panel ഉപയോഗിച്ച് വർക്ക് ചെയ്യുന്നതിനായി കോഡ് 50.12.4.2 പ്രകാരമുള്ള നിരക്കും നൽകിയിട്ടുണ്ട്. കൂടാതെ, ചുമരിനും ഷീറ്റ് റൂഫിങ്ങിനും ഇടയിലെ ഭാഗം നെറ്റ് വെക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| പ്രോജക്ട് | 58/23 ബഡ്സ് സ്കൂൾ മേൽക്കുര നവീകരണം | അടങ്കൽ | 183551 |
| ഫണ്ട് | പ്ലാൻ ജനറൽ | കരാർ | 114/21-22/Dated 02.03.2022 |
| അളവ് ബുക്ക് | 234/2021-22 | ചെലവ് | 183551 |
| കരാറുകാരൻ | ലത്തീഫ് . എ | Estimate Id | 2021/102693 |
| TS | 64995/2021-22 | നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| പി.എ.സി | 163884.56 | DSR | 2018 , Cost Insex 36.44% |

പ്രവൃത്തി നഗരസഭ എഞ്ചിനീയറിങ്ങ് വിങ്ങിലെ ഓവർസിയറുടെ സാനിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ സൈറ്റിൽ ചെയ്തിട്ടുണ്ട്. ചാനൽ വർക്കിനായി അനുവദിച്ച കോഡ് 21.5 ന്റെ ഡാറ്റ പരിശോധിച്ചു. Aluminium Main Runner, Aluminium Cross Runner, Aluminium Perimeter Angle, Cleats , Aluminium T Or L

Sectionsഎന്നിവ ഉപയോഗിച്ചുള്ള ഫ്രയിം വർക്ക് സുരക്ഷിതമായി സീലിങ്ങ് ഷീറ്റുകളെ നിലനിർത്തുന്നതിന് സഹായകമാവുന്നു. ഡാറ്റ പ്രകാരമുള്ള പ്രവൃത്തി നിർവഹിച്ചാൽ ഷീറ്റ് ഇളകുകയോ, തകരുകയോ ചെയ്യില്ല എന്ന് വ്യക്തമാണ്.

എസ്റ്റിമേറ്റ് പ്രകാരമുള്ള പി.വി.സി വുഡൻ പാനലിങ്ങ് ഉപയോഗിച്ച് സീലിങ്ങ് വർക്ക് ചെയ്തിട്ടുണ്ട്. ഇത് ബഡ്സ് കെട്ടിടത്തിന് അത്യാവശ്യമായ പ്രവൃത്തിയാണ് എന്നും വ്യക്തമാവുന്നു. എന്നാൽ സിലിങ്ങ് വർക്കിന് പൊട്ടൽ വന്നതായി കാണുന്നു. പ്രവൃത്തിയുടെ നടുവിലായി രണ്ട് ഷീറ്റുകൾക്ക് ഇടയിൽ വിള്ളൽ / അകലം രൂപപ്പെട്ട അവസ്ഥയിലാണ് നിലവിലുള്ളത്. ഇത് സീലിങ്ങ് അടർന്ന് വീഴുന്നതിനുള്ള സാധ്യത ബലപ്പെടുത്തുന്നു. പൊട്ടൽ വന്ന ഭാഗം സെല്ലോ ടാപ്പ് ഉപയോഗിച്ച് താത്കാലികമായി നിലനിർത്തിയതായിട്ടാണ് കാണുന്നത്. സീലിങ്ങിനായി ചെയ്ത അലുമിനീയം ചാലനിങ്ങ് വർക്ക് ചെയ്തതിലെ പിഴവാണ് ഇതിന് കാരണം എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി 57/21.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നത് വരെ ചെലവ് തുക 183551 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-55 പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ

കൽപറ്റ നഗരസഭയിൽ 2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ / മുനിസിപ്പൽ എഞ്ചിനീയർ മുഖേന നിർവഹണം നടത്തിയിയ പ്രോജക്റ്റുകളുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്റ്റ് വിശദാംശങ്ങൾ | |
|---|---|---|
| 1 | സ്പിൽ ഓവർ പ്രോജക്റ്റുകൾ | 33 |
| 2 | തൽവർഷ പ്രോജക്റ്റുകൾ | 159 |
| 3 | ആകെ (1+2) | 192 |
| 4 | ആകെ അടങ്കൽ | 113096341 |
| 5 | നിർവഹണം നടത്തിയത് | 105 |
| 6 | ചെലവ് തുക | 39942805 |
| 7 | ചെലവ് ശതമാനം | 35.31 |
| 8 | നിർവഹണം നടത്താതിരുന്നത് | 87 (സ്പിൽ ഓവർ 06, പുതിയത് 81) |
| 9 | വിനിയോഗിക്കാതിരുന്ന തുക (4-6) | 73153536 |

**1)വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 35.31 ശതമാനം മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 192 പ്രോജക്റ്റുകളിൽ 87 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്നും കാണുന്നു.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്റ്റുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 7.31 കോടി രൂപ വകയിരുത്തിയ പ്രോജക്റ്റുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. 73153536 രൂപയുടെ വികസന സാധ്യതകൾ നഗരസഭയിലെ പൊതു സമൂഹത്തിന് നഷ്ടപെട്ടു എന്ന് വിലയിരുത്താവുന്നതാണ്. പ്രോജക്റ്റുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**2) സ്പിൽ ഓവർ പ്രോജക്റ്റുകൾ വീണ്ടും സ്പിൽ ഓവറാകുന്നു.**

നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റവെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തിയക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ അനാസ്ഥ കാണിക്കുന്നതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നീരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ് സ്പിൽ ഓവർ വർക്കുകൾക്ക് കാരണമാവുന്നത്. ആകെയുള്ള 33 സ്പിൽ ഓവർ പ്രോജക്റ്റുകളിൽ 06 എണ്ണം ഇത്തവണയും പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

**3) ഫയലിങ്ങ് പൂർണമല്ല.**

പൊതു മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് , സെലക്ഷൻ മെമ്മോ , കരാർ കാലാവധി , Agreed PAC എന്നിവ വളരെ പ്രധാന്യം അർഹിക്കുന്ന സുപ്രധാന രേഖയാണ്. എന്നാൽ ഈ വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തിയ ഫയലുകൾ ഇല്ല എന്ന് പ്രോജക്ട് ഫയലുകൾ വ്യക്തമാക്കുന്നു. സെലക്ഷൻ മെമ്മേ കൈപറ്റിയിട്ടും സമയപരിധിക്കുള്ളിൽ കരാർ വെക്കാത്ത സാഹചര്യം , വ്യക്തമായ കരാർ വെച്ച് സൈറ്റ് കൈമാറുന്ന പ്രവൃത്തികൾ കരാറുകാർ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത സാഹചര്യംവും നിലനിൽക്കുന്നുണ്ട്. എന്നാൽ സെലക്ഷൻ മെമ്മോ ഒപ്പ് വെച്ച തിയ്യതി, അയച്ച തിയ്യതി എന്നിവ കറന്റ് ഫയലിലോ, നോട്ട് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല , പൂർത്തീകരണ തിയ്യതി കാലയളവ് എന്നിവയും കൃത്യമായി രേഖപ്പെടുത്തുന്നില്ല.

പ്രോജക്ട് ഫയലുകളിൽ ഈ രേഖകൾ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തി ഉള്ളടക്കം ചെയ്യേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി 53/21.02.2024 )

## 1-56 കോട്ടാഞ്ചിറ കുടിവെള്ള പദ്ധതി - മോട്ടോറിന് അധിക നിരക്ക് നൽകി

കുടിവെള്ള പദ്ധതിയുടെ പൈപ് ലൈൻ നീട്ടുന്നതിനാണ് പ്രോജക്ട്. എസ്റ്റിമേറ്റിൽ വിതരണ ലൈൻ സ്ഥാപിക്കുന്നതിനും , മോട്ടോർ സ്ഥാപിക്കുന്നതിനും, ടാപ്പുകൾ ഫിറ്റ് ചെയ്യുന്നതിനും, പ്ലാറ്റ് ഫോം നിർമാണത്തിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| പ്രോജക്ട് | 34/23 കോട്ടാഞ്ചിറ കുടിവെള്ള പദ്ധതി | അളവ് ബുക്ക് | 210/21-22 |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 300000 |
| കരാറുകാരൻ | പി. കെ. ബാബു. | ഫണ്ട് | എഫ്. സി. ഗ്രാന്റ് |
| ചെലവ് | 290247 | വൗച്ചർ | 52200548/06.10.2022 |
| കരാർ | AE/Lsgd//112/21-22/02.03.2022 | Estimate Id | 2022/12372 |
| TS | 84683/2021-22 | Cost Index | 36.44 , DSR 2018 |
| നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | പി.എ.സി | 259148.8 |

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E3 പ്രകാരം മാർക്കറ്റ് റേറ്റ് (ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടില്ല) അടിസ്ഥാനത്തിൽ 7.5 HP സബ്മേർസിബിൾ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കുന്നതിന് 111845 രൂപ വകയിരുത്തിയിട്ടുണ്ട്. ഓപ്പൺ ക്വട്ടേഷൻ ക്ഷണിച്ച് ഭരണ സമിതിയുടെ 13/20.06.2022 തീരുമാന പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത മെലഡി എന്റർപ്രൈസസ് കൽപറ്റ എന്ന സ്ഥാപനത്തിന്റെ 111845 രൂപയുടെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ 30/23.07.2022 ഇൻവോയ്സിൽ 94784 രൂപ മോട്ടോറിന്റെ വിലയും 17061 രൂപ ജി.എസ്.ടിയും ഉൾപ്പെടെയാണ് 111845 രൂപ രേഖപ്പെടുത്തിയിട്ടുള്ളത്.

2. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ 210/2021-22 അളവ് ബുക്കിൽ മോട്ടോറിന്റെ വില 111845 ഉൾപ്പെടെ പി.എ.സി തുകയായ 259148.8 രൂപയിൽ പ്രവൃത്തി മൂല്യം പരിമിതപ്പെടുത്തുകയും ജി.എസ്.ടി ഇനത്തിൽ 31097 രൂപ ഉൾപ്പെടുത്തി ആകെ തുക കണക്കാക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിനായി ജി.എസ്.ടി ഉൾപ്പെടുന്ന മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയുടെ തുക, ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് ചെയ്താണ് ബിൽ തയ്യാറാക്കേണ്ടിയിരുന്നത് . ഇപ്രകാരം 13421 രൂപ (111845x12/100) കരാറുകാരന് അധികം നൽകിയത് അംഗീകരിക്കുന്നില്ല.

18% ജി.എസ്.ടി തുക ഉൾപ്പെടുന്ന ഇൻവോയ്സ് അടിസ്ഥാനമാക്കി മാർക്കറ്റ് റേറ്റ് പരിഗണിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയാണ് തയ്യാറാക്കുന്നത്. എന്നാൽ , ആകെ പ്രവൃത്തി മൂല്യത്തോട് വീണ്ടും 12% ജി.എസ്.ടി കൂട്ടി ബിൽ തയ്യാറാക്കിയത് കരാറുകരാന് അധിക തുക നൽകാൻ ഇടയാക്കിയതായി ശ്രദ്ധയിൽ പെടുത്തുന്നു.

4. എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ വിപുലീകരണമാണ് എന്ന് എസ്റ്റിമേറ്റിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ ആയത് സംബന്ധിച്ച യാതൊരു വിവരവും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ കുടിവെള്ള പദ്ധതിയുടെ മറ്റ് ഘടകങ്ങളുടെ വിവരം ലഭ്യമല്ല. പദ്ധതിയുടെ സോഴ്സ്, കിണറിലെ ജല ലഭ്യത, പമ്പിങ്ങ് മെയിൻ, പമ്പ് ഹൗസ്, വൈദ്യുതീകരണം എന്നിവ പൂർത്തിയാക്കിയതാണോ എന്ന് വ്യക്തമല്ല. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രോജക്ട് ഫയലിന്റെ അനിവാര്യതയാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

5. നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതായിട്ടാണ് എസ്റ്റിമേറ്റിൽ നിന്ന് വ്യക്തമാവുന്നത്. എന്നാൽ നിലവിലുള്ള മോട്ടോർ എന്ത് ചെയ്തു എന്ന വിവരം വർക്ക് ഫയലിലോ, അളവ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 22/16.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി ഉൾപ്പെടുന്ന ഒബ്സർവ്ഡ് ഡാറ്റയുടെ തുക ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തതിനാൽ അധികം നൽകിയ 13421 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-57 പ്രവർത്തി വൈകി പൂർത്തീയാക്കി - കാലതാമസത്തതിന് പിഴ ഈടാക്കിയില്ല.

തലാരം കുന്ന് കോളനിയിൽ പൊതു ടോയ്ലറ്റ് സംവിധാനം ഒരുക്കൽ , പൊതു കിണറിന് അത്യാവശ്യ റിപ്പയർ പ്രവൃത്തികൾ നിർവഹിക്കുന്നതിനുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ട്.

| | | | |
|---|---|---|---|
| പ്രോജക്ട് | 35/23 തലാരംകുന്ന് കോളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്,കുടിവെള്ള കിണർ അഭിവൃദ്ധിപ്പെടുത്തൽ. | അടങ്കൽ | 500000 |
| ഫണ്ട് | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | കരാർ | AE/LSGD/KPTMCPLTY/ 100/21-22 തി. 05.01.2022 |
| അളവ് ബുക്ക് | 215/21-22 , 202/21-22 | ചെലവ് | 478737 BRN656711/.17.10.2022) |
| കരാറുകാരൻ | ശ്രീ.ലത്തീഫ് അല്ലിപ്പാറ | എസ്റ്റിമേറ്റ് ഐ.ഡി | 2021/81513 |
| TS | 47401/21-22 | നിരക്ക് | 4% കുറവ് |
| പി.എ.സി | 423601.91 | DSR | 2018, Cost Index 36.44 |

പ്രവൃത്തി കാരാർ കാലവധിക്കുള്ളിൽ പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാവുന്നു. കാരാറുകാരൻ സമയം നീട്ടി നൽകാൻ ആവശ്യപ്പെടുകയോ, നിർവഹണ ഉദ്യോഗസ്ഥൻ സമയം നീട്ടി നൽകാൻ ശുപാർശ ചെയ്യുകയോ, കൗൺസിൽ സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. മാത്രമല്ല , അർഹമായ പിഴ ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ, താഴെ പറയുന്ന വിധം പിഴ ഈടാക്കേണ്ടതുണ്ട്.

| പൂർത്തീകരണ വിവരം | ഈടാക്കേണ്ട പിഴ |
|---|---|
| പൂർത്തീകരണ തിയ്യതി : 31.03.2022<br>പൂർത്തീകരിച്ച തിയ്യതി : 23.9.2022<br>(MB 202/21-22 Page 32)<br>പൂർത്തീകരണ കാലയളവ് : 3 മാസം | 01.04.2022 – 30.06.2022 @ 1% Of PAC = 4236.01<br>01.07.2022 – 23.09.2022 @ 2% Of PAC (85 Days) = 8001.33<br>ആകെ = 12237.34 |

പിഴ ഈടാക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/16.2.2024 ) മറുപടി ലഭ്യമാക്കിയില്ല.വൈകി പൂർത്തിയാക്കിയതിന് പിഴ ഇനത്തിൽ 12237.34 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-58 ചെറിയ പടപുരം കേളനിയിൽ ടോയ്ലറ്റ് - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| പ്രോജക്ട് | 36/23 ചെറിയ പടപുരം കേളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്, കുടിവെള്ള കിണർഅഭിവൃദ്ധിപ്പെടുത്തൽ | ഫണ്ട് | CFC |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 500000 |
| എസ്റ്റിമേറ്റ് | 2021/81518 | TS | 47694/2021-22 |
| DSR | 2016, Cost Index 32.04 | കരാർ | 075/21-22/ 15.12.2021 |
| കരാറുകാരൻ | അഷ്റഫ്. കെ.സി | അളവ് ബുക്ക് | 198/2021-22, 208/2021-22, |

| | | | |
|---|---|---|---|
| ചെലവ് | 366298 | ബിൽ | 76581/06.07.2022 |
| പി.എ.സി | 439982.46 | നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |

ഈ പ്രോജക്ടിൽ ചെറിയ പടപുരം കേളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്, കുടിവെള്ള കിണർഅഭിവൃദ്ധിപ്പെടുത്തൽ സംവിധാനങ്ങൾ ഒരുക്കുന്നതിനാണ്. എസ്റ്റമേറ്റ് ഇനം 14 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ് ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോറ്റിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിന് ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കാറില്ല. ഫ്ലോറ്റിങ്ങ് കോട്ട് ഉപയോഗിച്ച പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് 198/2021-22പേജ് 18 ൽ 2.2 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 18 പ്രകാരം DSR കോഡ് 11.36 പ്രകാരം ഇതേ പ്രതലത്തിൽ വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 19 ൽ ഇതേ പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയ്യുന്ന വിധത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളു. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സൈറ്റ് പരിശോധനയിൽ സാധാരണയായി ചെയ്യുന്ന പ്ലസ്റ്ററിങ്ങ് മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം പ്ലാസ്റ്ററിങ്ങിന് 13.1.1. കോഡ് മാത്രമെ നൽകേണ്ടതുള്ളു. അധിക ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|
| 77.09 @ 282.83 = 21803.36 | 77.09 @ 228.36 = 17604.27 | 4199.09 |

55/21.02.2024 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ 4199.09 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-59 നിർവ്വഹണം തുടങ്ങാത്ത സ്പിൽ ഓവർ പ്രൊജക്ടുകൾ.

2022-23 വർഷത്തിൽ സ്പിൽ ഓവറായി മുൻ വർഷത്തിൽനിന്നും തുടർന്ന് വന്ന താഴെ പറയുന്ന പ്രൊജക്ടുകൾ തൻ വർഷവും നടപ്പിലായതായി കാണുന്നില്ല.

| | പ്രൊജക്ട് | നിലവിലെ അവസ്ഥ |
|---|---|---|
| 1 | 31/23 ഹരിത നഗർഡ്രെയേിനേജ് നവീകരണം. | ഈ പ്രവർത്തിക്ക് LSGD/KPTMCPTY/077/21-22 തി. 16.10.2021 ആയി 300000 രൂപക്ക് സാങ്കേതീകാനുമതി ലഭിക്കുകയും തുടർന്ന് അന്റു പി.എന്ന കരാറുകാരനുമായി കരാർ ഉടമ്പടി ചമച്ച് 15.12.2021ന് പ്രവർത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്.എന്നാൽ തുടർ പ്രവർത്തികൾ നടന്നതായി കാണുന്നില്ല. |
| 2 | 41/23 മിച്ചഭൂമി ഡ്രയിനേജ് നിർമ്മാണം. | ഈ പ്രവർത്തിക്ക് LSGD/KPTMCPTY/87489/21-22 തി. 21.10.2021ആയി 500000രൂപക്ക് സാങ്കേതീകാനുമതി ലഭിക്കുകയും തുടർന്ന് . ഉബൈദ് .ടി എന്ന കരാറുകാരനുമായി കരാർ ഉടമ്പടി ചമച്ച് 29.12.2021ന് പ്രവർത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്.എന്നാൽ തുടർ പ്രവർത്തികൾ നടന്നതായി കാണുന്നില്ല |
| 3 | 42/23 വുഡ് ലാന്റ് എസ്റ്റേറ്റ് കുടിവെള്ള പദ്ധതി | ഈ പ്രവർത്തിക്ക് LSGD/KPTMCPTY/82289/21-22 തി. 30.10.2021ആയി 500000രൂപക്ക് സാങ്കേതീകാനുമതി ലഭിക്കുകയും തുടർന്ന് ഉബൈദ് ടി .എന്ന കരാറുകാരനുമായി കരാർ ഉടമ്പടി ചമച്ച് 29.12.2021ന് പ്രവർത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്.എന്നാൽ തുടർ പ്രവർത്തികൾ നടന്നതായി കാണുന്നില്ല |

| | | |
|---|---|---|
| 4 | 37/23 വൈ.എം.സി.എ പ്രഭാകരൻ വീടിന് സമീപം ഡ്രെയിനേജ് | ഈ പ്രവർത്തിക്ക് LSGD/KPTMCPTY/88477/21-22 തി. 23.10.2021ആയി 300000രൂപക്ക് സാങ്കേതീകാനുമതി ലഭിക്കുകയും തുടർന്ന് ജി അബ്രഹാം എന്ന കരാറുകാരനുമായി കരാർ ഉടമ്പടി ചമച്ച് 16.12.2021ന് പ്രവർത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്.എന്നാൽ തുടർ പ്രവർത്തികൾ നടന്നതായി കാണുന്നില്ല |

മുകളിൽ പറഞ്ഞ പ്രവർത്തികൾ കൂടാതെ നഗരസഭാ ടൗൺഹാൾ പ്രാരംഭ പ്രവർത്തികൾ എന്ന 33/23 പ്രൊജക്റ്റും , 54/23 കൗൺസിൽ ഹാൾ നവീകരണവും അനുബന്ധ പ്രവൃത്തികളും എന്ന രണ്ട് പ്രവൃത്തികളും ആരംഭിക്കാതെ കിടക്കുന്നതായി സുലേഖ പത്രികയിൽനിന്നും മനസ്സിലാവുന്നു.ഈ പ്രവർത്തിയുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കുന്നതിനായ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 41/21.2.2024 ന് മറുപടി ലഭ്യമാക്കിയില്ല.ഈ പ്രവർത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതും പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-60 പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട്

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2) , 8 ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബല്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. (ചട്ടം-10) നഗരകാര്യ ഡയറക്ടറിൽ നിന്നും പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതുമാണ് എന്ന് ( ചട്ടം-11) (1)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് കൽപ്പറ്റ നഗരസഭയിൽ നിർവ്വഹിക്കുന്നുണ്ടോ എന്ന് 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതോടൊപ്പം പെൻഷൻ ഫണ്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ 12-02-2024 - ന് 2/2024 പ്രകാരം ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകുകയുണ്ടായി. പ്രസ്തുത അന്വേഷണകുറിപ്പിന് 13-03-2024 തീയതിയിൽ മറുപടി ലഭ്യമാക്കുകയുണ്ടായി.

<u>റഗുലർ പെൻഷൻ</u>

നഗരസഭയുടെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക എല്ലാ മാസവും റെഗുലർ പെൻഷൻ ഫണ്ടിനത്തിൽ മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നുണ്ട്. 01.04.1990 -ന് നിലവിൽ വന്ന നഗരസഭ 1996 നവംബർ മാസം മുതലാണ് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിവരുന്നത്. നിലവിൽ കൽപ്പറ്റ നഗരസഭയിൽ നിന്നും റഗുലർ വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്ന 14 പേരുണ്ട്. 1996-97 വർഷം മുതൽ 2013-14 വർഷം വരെ കലായളവിലെ പെൻഷൻ ഫണ്ടിന്റെ ഓഡിറ്റ് നടത്തി (റിപ്പോർട്ട് നമ്പർ - എൽ.എഫ്.ഡബ്ല്യൂ/ഇ3-557/14, തീയതി : 13.11.2014) ഈ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

2013-14 -ന് ശേഷം 2022-23 വരെ മുനിസിപ്പൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഓടുക്കിയ തുകയുടെയും നാളിതുവരെ വിതരണം ചെയ്ത പെൻഷൻ തുകയുടെയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നാളിതുവരെ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഒടുക്കിയ തുക | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക | 2014-15 സാമ്പത്തിക വർഷം മുതൽ 2022-23 വരെ റഗുലർ പെൻഷൻ നൽകുന്നതിന് നഗരസഭയ്ക്ക് ചെലവായ തുക |
|---|---|---|---|
| 2013-14 വരെ | 8862515 | | 2407557 |
| 2014-15 | 1754771 | | 667126 |
| 2015-16 | 1435293 | | 930729 |
| 2016-17 | തുക ഒടുക്കിയിട്ടില്ല. | | 1345311 |
| 2017-18 | -ടി- | | 1814580 |
| 2018-19 | -ടി- | | 1928637 |

| | | | |
|---|---|---|---|
| 2019-20 | -ടി- | | 2073134 |
| 2020-21 | -ടി- | | 1995423 |
| 2021-22 | -ടി- | | 1783171 |
| 2022-23 | -ടി- | 714787 | 3454779 |
| ആകെ | 12052579 | | 19400447 |

മേൽപറഞ്ഞ റഗുലർ പെൻഷൻ നൽകുന്നതിന് നഗരസഭയ്ക്ക് ചെലവായ തുകയ്ക്ക് പുറമെ ഡി.സി.ആർ.ജി., പെൻഷൻ കമ്മ്യൂട്ടേഷൻ എന്നീ ഇനങ്ങൾക്ക് തഴെ പറയും പ്രകാരം നഗരസഭ തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | ഡി.സി.ആർ.ജി. | കമ്മ്യൂട്ടേഷൻ | ഉത്സവ ബത്ത | പെൻഷൻ കടിശ്ശിക | പെൻഷൻ പരിഷ്കരണ കടിശ്ശിക |
|---|---|---|---|---|---|
| 2013-14 വരെ | 1274756 | 1443793 | 12055 | 191927 | 172024 |
| 2014-15 | | | 4350 | | |
| 2015-16 | | 748318 | 4350 | 346643 | |
| 2016-17 | 700000 | | 6960 | 96026 | 203080 |
| 2017-18 | 579063 | 620979 | 8000 | 543579 | |
| 2018-19 | 758160 | 1044803 | 9000 | | |
| 2019-20 | 271320 | 452880 | 9000 | | |
| 2020-21 | | | 11000 | | |
| 2021-22 | 2317893 | 3216115 | 14000 | 255395 | 42905 |
| 2022-23 | 2251340 | | 15000 | 67421 | |
| ആകെ | 8152532 | 7526888 | 93715 | 1500991 | 418009 |

പെൻഷൻ ഫണ്ട് ഒടുക്ക് രജിസ്റ്റർ പെൻഷൻ വിതരണ രജിസ്റ്റർ എന്നിവ നഗരസഭ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. പെൻഷൻ ഫണ്ട് സംബന്ധിച്ച് രജിസ്റ്ററുകൾ നഗരസഭ രൂപീകരിച്ച കാലം മുതൽ നാളിതുവരെ പെൻഷൻ ഫണ്ടിൽ ഒടുക്കിയ/വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

നഗരസഭ പെൻഷൻ ഫണ്ട് വിതരണത്തിനായി യൂണിയൻ ബാങ്ക് കൽപ്പറ്റ ശാഖയിൽ അക്കൗണ്ട് (അക്കൗണ്ട് നമ്പർ: 5203610222774208 ) സൂക്ഷിച്ച വരുന്നുണ്ട്. ആയതിന്റെ 2022-23 സാമ്പത്തിക വർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 374152 |
| പലിശ | 15316 |
| സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക | 714787 |
| തനത് ഫണ്ടിൽ നിന്ന മുൻകൂർ | 3483676 |
| ആകെ | 4587931 |
| ചെലവ് | 3454779 |
| നീക്കിയിരിപ്പ് | 1133152 |

മേൽ പറഞ്ഞ അക്കൗണ്ട മുഖേനയല്ലാതെ ₹23,33,761/- നഗരസഭ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

<u>കണ്ടിജന്റ് പെൻഷൻ ഫണ്ട്</u>

ജി.ഒ. (പി) 96/1997 ത.ഭ.വ തീയതി, 3-5-1997 ഉത്തരവിലൂടെ നിലവിൽ വന്ന 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയ്സ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് ചട്ടം 1,7 (2) എന്നിവയനുസരിച്ച് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. നഗരസഭയിൽ നിലവിൽ കണ്ടിജന്റ് വിഭാഗത്തിൽ ജോലി ചെയ്തുവരുന്നവരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കി വരുന്നതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി നഗരസഭ ട്രഷറി ടി.എസ്.ബി. അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട് (അക്കൗണ്ട് നമ്പർ: 5201036440716). പ്രസ്തുത അക്കൗണ്ടിന്റെ 2022-23 സാമ്പത്തിക വർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 893921 |
| പലിശ വരവ് | 15913 |

| | |
|---|---|
| വിഹിതം വരവ് | 2999532 |
| ആകെ | 3909366 |
| ചെലവ് | 3127799 |
| നീക്കിയിരിപ്പ് | 781567 |

കണ്ടിജന്റ് പെൻഷൻ ഫണ്ടിന്റെ ട്രഷറി ടി.എസ്.ബി. അക്കൗണ്ടിന്റെ മേൽ പറഞ്ഞ കണക്കുകൾ പ്രകാരം നീക്കിയിരിപ്പ് ₹7,81,567/- ആണ്. എന്നാൽ വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് ബി - 2 ഷെഡ്യൂൾ ഇയർമാർക്കഡ് ഫണ്ട്സ് - അക്കൗണ്ട് ഹെഡ് 311700100 Pension Fund For Contigent Staff) പ്രകാരം (-)₹1,17,29,322/- കണ്ടിജന്റ് പെൻഷൻ ഫണ്ടിനത്തിൽ ബാധ്യത രേഖപ്പെടുത്തിയിട്ടുള്ളത്. കണ്ടിജന്റ് പെൻഷൻ ഫണ്ടിന്റെ അക്കൗണ്ടിലെ നീക്കിയിരിപ്പും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും തമ്മിലുള്ള വ്യത്യാസത്തിന് നഗരസഭ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| പെൻഷൻ ചെലവ് | 3127799 |
| ഡി.സി.ആർ.ജി. | 1007781 |
| കമ്മ്യൂട്ടേഷൻ | 2166048 |
| ഉത്സവ ബത്ത | 21000 |

പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നഗരസഭ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി പെൻഷനുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോളനികളിൽ ടോയ്ലറ്റ് നിർമാണം - പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| പ്രോജക്ട് | 32/23 വിവിധ കേളനികളിൽ കക്കൂസ് നിർമാണം | ഫണ്ട് | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുക |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 598000 |
| എസ്റ്റിമേറ്റ് | 2021/44193 | സാങ്കേതികാനുമതി | 17200/2021-22 |
| DSR | 2016, Cost Index 32.04 | കരാർ | 058/21-22/ 16.11.2021 |
| കരാറുകാരൻ | ശ്രീ.ലത്തീഫ് A.P | അളവ് ബുക്ക് | 220/2021-22, 223/2021-22, |
| ചെലവ് | 254451 | ബിൽ | 59623/29.03.2023 |
| പി.എ.സി | 533312.81 | നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |

ഈ പ്രോജക്ടിൽ രണ്ട് പാർട്ട് ഉൾപ്പെടുന്നു. ആദ്യ പാർട്ടിൽ അംബിലേരി അംഗനവാടിക്കും രണ്ടാം പാർട്ടിൽ ഉഡലായി അംഗനവാടിക്കും ടോയ്‌ലറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനാണ്. രണ്ട് നിർമാണ പ്രവൃത്തികൾക്കും 32 ഇനങ്ങൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. രണ്ട് എസ്റ്റിമേറ്റിലെയും ഇനം 14 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്‌ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ് , ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോട്ടിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിന് ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി ഇപ്പോൾ ഉപയോഗിക്കാറില്ല. ഫ്ലോട്ടിങ്ങ് കോട്ട് ഉപയോഗിച്ച

പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. മാത്രമല്ല. സാധാരണയായി ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്‌ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് പേജ് 10 ൽ 2.3 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 18 പ്രകാരം DSR കോഡ് 11.36 പ്രകാരം ഇതേ പ്രതലത്തിൽ വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 19 ൽ ഇതേ പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു. സൈറ്റ് പരിശോധനയിൽ 13.1.1 കോഡ് പ്രകാരമുള്ള പ്ലാസ്റ്ററിങ്ങാണ് നിർവഹിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയ്യുന്ന വിധത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

**1) പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി.**

തെറ്റായ കോഡ് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കേണ്ടതാണ്.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|
| 80.99 @ 282.83 = 22906.4 | 80.99 @ 228.36 = 18494.87 | 4411.53 |

2) എസ്റ്റിമേറ്റ് രണ്ടാം പാർട്ടിൽ ഉൾപ്പെട്ട ഗുഡലായി അംഗനവാടിയുടെ പ്രവൃത്തി നിർവഹണം നടത്തിയിട്ടില്ല എന്ന് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി, സൈറ്റ് പരിശോധിച്ച് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ വർക്ക് അവാർഡ് ചെയ്യുകയും സൈറ്റ് കൈമാറുകയും ചെയ്ത ശേഷം പ്രവൃത്തി നിർവഹിക്കാതിരുന്നത് ഗുരുതര വീഴ്ച്ചയാണ്. പ്രവൃത്തി നിർവഹണം നടത്താതിരുന്നത് എന്ത് കാരണത്താൽ എന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല.

3) **പ്രവൃത്തി വൈകി പൂർത്തിയാക്കി**

കരാർ പ്രകാരം പ്രവൃത്തി പൂർത്തികരണ തിയ്യതി 31.03.2022 ആണ്. എന്നാൽ പ്രവൃത്തി സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചില്ല എന്ന് വ്യക്തമാവുന്നു. അളവ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ മെഷർമെന്റ് റെക്കോർഡ് ചെയ്യുന്നത് 17.01.2023 നും അവസാന മെഷർമെന്റ് രേഖപ്പെടുത്തുന്നത് 23. 03. 2023 തിയ്യതിയിലുമാണ്. പ്രവൃത്തി പൂർത്തീകരണ തിയ്യതിക്ക് ശേഷം വളരെ വൈകിയാണ് വർക്ക് ആരംഭിക്കുന്നത് എന്ന് വ്യക്തമാവുന്നു. പൂർത്തീകരണ സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ കത്ത് നൽകുകയോ, മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്യുകയോ , നഗരസഭ കൗൺസിൽ സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ , അർഹമായ പിഴ ഈടാക്കാതെയാണ് ബിൽ നൽകിയത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. പിഴ ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട പിഴയുടെ വിവരം താഴെ കൊടുക്കുന്നു.

| പൂർത്തികരണ വിവരം | ഈടാക്കേണ്ട പിഴ |
|---|---|
| പൂർത്തികരണ തിയ്യതി 31.03.2022<br>പൂർത്തീകരണ കാലയളവ് : 4.5 മാസം<br>പൂർത്തീകരിച്ച തിയ്യതി 23.03.2023 | 01.04.2022 – 30.06.2022 @ 1 % Of PAC = 5333<br>01.07.2022 – 30.09.2022 @ 2% Of PAC = 10666<br>01.10.2022 – 31.12.2022 @ 2 % Of PAC = 10666<br>01.01.2023 – 23.03.2023 @ 2 % Of PAC = 9718 (For 82 Days)<br>ആകെ ഈടാക്കേണ്ട ഫൈൻ: 36383 |

26/19.02.2024 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറിൽ ചുമത്തുന്നു. 40794.53 രൂപ (4411.53 + 36383 ) ഈടാക്കേണ്ടതാണ്.

## 3-2 തലാരംകുന്ന് കേളനിയിൽ ടോയ്ലറ്റ്- പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

ഈ പ്രോജക്ടിൽ തലാരംകുന്ന് കേളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്, കുടിവെള്ള കിണർ അഭിവൃദ്ധിപ്പെടുത്തൽ എന്നീ സംവിധാനങ്ങൾ ഒരുക്കുന്നതിനാണ്. റിവൈസ്ഡ് എസ്റ്റമേറ്റ് ഇനം 13 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്‌ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ് , ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് DSR ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോട്ടിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിനും വെള്ളം ഊർന്നിറങ്ങാതിരിക്കാനും ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി ഇനം ഇപ്പോൾ

ഉപയോഗിക്കാറില്ല. ഫ്ലോട്ടിങ്ങ് കോട്ട് ഉപയോഗിച്ച പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്‌ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് 202/2021-22പേജ് 20 ൽ 2.35 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 16 പ്രകാരം DSR കോഡ് 11.36 പ്രകാരം ഇതേ പ്രതലത്തിൽ വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 17 ൽ അവശേഷിച്ച പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയ്യുന്ന വിധത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സൈറ്റ് പരിശോധനയിൽ സാധാരണയായി ചെയ്യുന്ന പ്ലസാറ്ററിങ്ങ് മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം പ്ലാസ്റ്ററിങ്ങിന് 13.1.1. കോഡ് മാത്രമെ നൽകേണ്ടതുള്ളൂ. അധിക ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|
| 77.67 @ 282.83 = 21967.41 | 77.67 @ 228.36 = 17736.72 | 4230.68 |

ഓഡിറ്റ് എൻക്വയറി 56/21.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക 4230.68 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-3 കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് – പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| പ്രോജക്ട് | 46/23 കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് നിർമാണം | ഫണ്ട് | TSP |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 300000 |
| എസ്റ്റിമേറ്റ് | 2022/12012 | സാങ്കേതികാനുമതി | 84465/2021-22 |
| DSR | 2018, Cost Index 36.44 | കരാർ | 120/21-22/ 04.03.2022 |
| കരാറുകാരൻ | ശ്രീ. ഹംസ. സി.ടി | അളവ് ബുക്ക് | 177/2021-22, |
| ചെലവ് | 224700 | ബിൽ | 31725/23.06.2022 |
| പി.എ.സി | 239612.6 | നിരക്ക് | 10.5 % Below |

ഈ പ്രോജക്ടിൽ കോട്ടാഞ്ചിറ കേളനിയിൽ ടോയ്ലറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എസ്റ്റമേറ്റ് ഇനം 14 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്‌ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ്, ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോട്ടിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിന് ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി ഇപ്പോൾ ഉപയോഗിക്കാറില്ല. ഫ്ലോട്ടിങ്ങ് കോട്ട് ഉപയോഗിച്ച പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്‌ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് 177/2021-22പേജ് 14 ൽ 2.5 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 16 പ്രകാരം DSR കോഡ് 11.41.2 പ്രകാരം ഇതേ പ്രതലത്തിൽ വിട്രിഫൈഡ് വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 17 ൽ അവശേഷിച്ച പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയ്യുന്ന വിധത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സൈറ്റ് പരിശോധനയിൽ സാധാരണയായി ചെയ്യുന്ന പ്ലസാറ്ററിങ്ങ് മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം പ്ലാസ്റ്ററിങ്ങിന് 13.1.1. കോഡ് മാത്രമെ നൽകേണ്ടതുള്ളൂ. അധിക ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|

| | | |
|---|---|---|
| 51.85 @ 388.79 = 20158.76 | 51.85 @ 316.06 = 16387.71 | 3771.05 |
| (എസ്റ്റിമേറ്റിന്റെ 10.5 % കുറവ് നിരക്കിൽ നഷ്ടം 3375.08) | | |

ഓഡിറ്റ് എൻക്വയറി 57/21.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അധികം നൽകിയ തുക 3375.08 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-4 ബഡ്സ് സ്കൂൾ മുറ്റം ഇൻറർലേക്ക് വിരിക്കൽ – എർത്ത് വർക്കിന് അധിക നിരക്ക് നൽകി

ബഡ്സ് സ്കൂൾ മുറ്റം ഇൻറർലോക്ക് പ്രവൃത്തികൾക്കായി സൈറ്റ് ലെവലിങ്ങ് ചെയ്യുന്നതിനായി മണ്ണ് എടുക്കുന്നതിന് ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായും അധികം നിരക്ക് നൽകിയതായും കാണുന്നു. മോർഡ് ഡാറ്റ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇന്റർലോക്ക് വിരിക്കുന്നതിനായി നിലം ഒരുക്കുന്നതിന് കേവലം 15 സെന്റീ മീറ്റർ മാത്രം ആഴത്തിൽ മണ്ണ് എടുത്ത് സ്ഥലം നിരപ്പാക്കുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത്. എന്നാൽ കൾവർട്ട്, പാലം പോലുള്ള വലിയ നിർമിതികൾക്ക് ആഴത്തിലുള്ള മണ്ണ് നീക്കം ചെയ്യാനായി ഉപയോഗിക്കുന്ന നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

MORD ഡാറ്റ പ്രകാരമുള്ള പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/M3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/M3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/M3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. (അടിസ്ഥാന നിരക്ക് എന്നാൽ കോസ്റ്റ് ഇൻഡക്സ് പരിഗണിക്കാതെയുള്ള നിരക്ക് ) മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളൂ എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയത് അധിക ചെലവ് വരുത്തിയതായി വ്യക്തമാവുന്നു.

നഗരസഭ എഞ്ചിനീയറിങ്ങ് വിങ്ങിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധ നടത്തി. സൈറ്റ് ലെവലിങ്ങ് ചെയ്യുന്നതിന് ഉയർന്ന നിരക്ക് നൽകേണ്ട ആവശ്യകത വരുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. മാത്രമല്ല, നിലവിൽ ഇന്റർലോക്ക് വിരിച്ചിരുന്ന മുറ്റത്ത് , നിലവിലുണ്ടായിരുന്ന പേവിങ്ങ് ബ്ലോക്ക് പൊട്ടിയതിനാൽ ആയത് മാറ്റി, .8mm കനത്തിലുള്ള കട്ട വിരിക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ സൈറ്റ് ലെവലിങ്ങ് നടത്തിയ പ്രതലത്തിലാണ് വീണ്ടും ലെവലിങ്ങ് നടത്താനായി 11.1.1.1 കോഡ് പ്രകാരമുള്ള നിരക്ക് നൽകിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം നടത്തേണ്ടതും ഇത്തരം വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer – Mord ) | അധികം |
|---|---|---|---|---|
| 330/23 – ബഡ്സ് സ്കൂൾ മുറ്റം ഇന്റർലോക്ക്<br>അടങ്കൽ : 300000 (തനത് ഫണ്ട്)<br>Estimate Id : 105958/2022<br>Cost Index 36.44%, DSR 2018<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>പി.എ.സി : 253814.4<br>കരാറുകാരൻ – നൗഫൽ. കെ.കെ<br>കരാർ : 35/2022-23/18.01.2023<br>ചെലവ് : 299370<br>വൗച്ചർ : 22201375/31.03.2023 | 24.45m3 | 18815.74<br>@ 769.56/M3<br>(എസ്റ്റമേറ്റ് നിരക്ക് ) | 2054.97<br>(അനുവദിക്കാവുന്ന നിരക്ക് 84.048/M3) | 16760.77 |

ഓഡിറ്റ് എൻക്വയറി 58/21.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തെറ്റായ ഡാറ്റ നൽകിയതിനാൽ അധികം നൽകിയ തുക

16760.77 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-5 അർബൻ പി.എച്.സി മുറ്റം ഇൻറർലേക്ക് വിരിക്കൽ- എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു.

അർബൻ പി.എച്.സി മുറ്റം ഇൻറർലേക്ക് പ്രവൃത്തികൾക്കായി സൈറ്റ് ലെവലിങ്ങ് , ഡ്രയിൻ ഫൗണ്ടേഷൻ എന്നിവക്ക് മണ്ണ് എടുക്കുന്നതിന് ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. മോർഡ് ഡാറ്റ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഡ്രയിനിനേജ് ഫൗണ്ടേഷനായി 30 മീറ്റർ നീളത്തിൽ ഒരു മീറ്റർ വീതിയിൽ .5 മീറ്റർ ആഴത്തിലും ഇന്റർലോക്ക് വിരിക്കുന്നതിനായി 20 മീറ്റർ നീളത്തിൽ ആറ് മീറ്റർ വീതിയിൽ .3 മീറ്റർ ആഴത്തിലും മണ്ണ് എടുക്കുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത്. .3 മുതൽ .5 മീറ്റർ വരെ ആഴത്തിലുള്ള മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തിക്ക് സൂക്ച്ചറുകൾക്ക് നിൽകുന്ന നിരക്ക് നൽകിയത് ക്രമപ്രകാരമല്ല.

MORD ഡാറ്റ പ്രകാരമുള്ള പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/M3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/M3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/M3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളൂ എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയതായി വ്യക്തമാവുന്നു.

ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം നടത്തേണ്ടതും ഡ്രയിനേജ് പോലുള്ള വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer-Mord ) | അധികം |
|---|---|---|---|---|
| 354/23 – അർബൻ പി.എച്ച്.സി മുറ്റം ഇന്റർലോക്ക്<br>അടങ്കൽ : 697000 (696178-M.GNR,<br>822 തനത് ഫണ്ട്)<br>Estimate Id : 105807/2022<br>Cost Index 36.44%<br>നിരക്ക് : ഐറ്റം നിരക്ക്<br>പി.എ.സി : 482935.85<br>കരാറുകാരൻ - സുരേഷ് ബാബു. ടി<br>കരാർ : 103/2022-23/16.02.2023<br>ചെലവ് : 562860<br>BRN നമ്പർ : 93622/18.03.2023 | 52.077m3 | 32782.47<br>(അനുവദിച്ച നിരക്ക് 629.5/ M3, 18.2 ബിലോ)<br>(എസ്റ്റമേറ്റ് നിരക്ക് 769.56/ M3) | 3580.29<br>(അനുവദിക്കാവുന്ന നിരക്ക് 84.048/M3)<br>(18.2% ബിലോയിൽ അനുവദിക്കാവുന്ന നിരക്ക് 68.75/M3) | 29202 |

ഓഡിറ്റ് എൻക്വയറി 23/19.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. തെറ്റായ ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക 29202 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-6 കോട്ടാഞ്ചിറ കുടിവെള്ള പദ്ധതി - മോട്ടോറിന് അധിക നിരക്ക് നൽകി

കുടിവെള്ള പദ്ധതിയുടെ പൈപ് ലൈൻ നീട്ടുന്നതിനാണ് പ്രോജക്ട്. എസ്റ്റിമേറ്റിൽ വിതരണ ലൈൻ സ്ഥാപിക്കുന്നതിനും , മോട്ടോർ സ്ഥാപിക്കുന്നതിനും, ടാപ്പുകൾ ഫിറ്റ് ചെയ്യുന്നതിനും, പ്ലാറ്റ് ഫോം നിർമാണത്തിനുമാണ് തുക

വകയിരുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| പ്രോജക്ട് | 34/23 കോട്ടാഞ്ചിറ കുടിവെള്ള പദ്ധതി | അളവ് ബുക്ക് | 210/21-22 |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 300000 |
| കരാറുകാരൻ | പി. കെ. ബാബു. | ഫണ്ട് | എഫ്. സി. ഗ്രാന്റ് |
| ചെലവ് | 290247 | വൗച്ചർ | 52200548/06.10.2022 |
| കരാർ | AE/Lsgd//112/21-22/02.03.2022 | Estimate Id | 2022/12372 |
| TS | 84683/2021-22 | Cost Index | 36.44 , DSR 2018 |
| നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | പി.എ.സി | 259148.8 |

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E3 പ്രകാരം മാർക്കറ്റ് റേറ്റ് (ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടില്ല) അടിസ്ഥാനത്തിൽ 7.5 HP സബ്മേർസിബിൾ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കുന്നതിന് 111845 രൂപ വകയിരുത്തിയിട്ടുണ്ട്. ഓപ്പൺ ക്വട്ടേഷൻ ക്ഷണിച്ച് ഭരണ സമിതിയുടെ 13/20.06.2022 തീരുമാന പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത മെലഡി എന്റർപ്രൈസസ് കൽപറ്റ എന്ന സ്ഥാപനത്തിന്റെ 111845 രൂപയുടെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ 30/23.07.2022 ഇൻവോയ്സിൽ 94784 രൂപ മോട്ടോറിന്റെ വിലയും 17061 രൂപ ജി.എസ്.ടിയും ഉൾപ്പെടെയാണ് 111845 രൂപ രേഖപ്പെടുത്തിയിട്ടുള്ളത്.

2. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ 210/2021-22 അളവ് ബുക്കിൽ മോട്ടോറിന്റെ വില 111845 ഉൾപ്പെടെ പി.എ.സി തുകയായ 259148.8 രൂപയിൽ പ്രവൃത്തി മൂല്യം പരിമിതപ്പെടുത്തുകയും ജി.എസ്.ടി ഇനത്തിൽ 31097 രൂപ ഉൾപ്പെടുത്തി ആകെ തുക കണക്കാക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിനായി ജി.എസ്.ടി ഉൾപ്പെടുന്ന മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയുടെ തുക, ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് ചെയ്താണ് ബിൽ തയ്യാറാക്കേണ്ടിയിരുന്നത് . ഇപ്രകാരം 13421 രൂപ (111845x12/100) കരാറുകാരന് അധികം നൽകിയത് അംഗീകരിക്കുന്നില്ല.

18% ജി.എസ്.ടി തുക ഉൾപ്പെടുന്ന ഇൻവോയ്സ് അടിസ്ഥാനമാക്കി മാർക്കറ്റ് റേറ്റ് പരിഗണിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയാണ് തയ്യാറാക്കുന്നത്. എന്നാൽ , ആകെ പ്രവൃത്തി മൂല്യത്തോട് വീണ്ടും 12% ജി.എസ്.ടി കൂട്ടി ബിൽ തയ്യാറാക്കിയത് കരാറുകരാന് അധിക തുക നൽകാൻ ഇടയാക്കിയതായി ശ്രദ്ധയിൽ പെടുത്തുന്നു.

4. എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ വിപുലീകരണമാണ് എന്ന് എസ്റ്റിമേറ്റിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ ആയത് സംബന്ധിച്ച യാതൊരു വിവരവും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ കുടിവെള്ള പദ്ധതിയുടെ മറ്റ് ഘടകങ്ങളുടെ വിവരം ലഭ്യമല്ല. പദ്ധതിയുടെ സോഴ്സ്, കിണറിലെ ജല ലഭ്യത, പമ്പിങ് മെയിൻ, പമ്പ് ഹൗസ്, വൈദ്യുതീകരണം എന്നിവ പൂർത്തിയാക്കിയതാണോ എന്ന് വ്യക്തമല്ല. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രോജക്ട് ഫയലിന്റെ അനിവാര്യതയാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

5. നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതായിട്ടാണ് എസ്റ്റിമേറ്റിൽ നിന്ന് വ്യക്തമാവുന്നത്. എന്നാൽ നിലവിലുള്ള മോട്ടോർ എന്ത് ചെയ്തു എന്ന വിവരം വർക്ക് ഫയലിലോ, അളവ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 22/16.02.2024 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി ഉൾപ്പെടുന്ന ഒബ്സർവ്ഡ് ഡാറ്റയുടെ തുക ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തതിനാൽ അധികം നൽകിയ 13421 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-7 പ്രവർത്തി വൈകി പൂർത്തീയാക്കി - കാലതാമസത്തതിന് പിഴ ഈടാക്കിയില്ല.

തലാരം കുന്ന് കോളനിയിൽ പൊതു ടോയ്ലറ്റ് സംവിധാനം ഒരുക്കൽ , പൊതു കിണറിന് അത്യാവശ്യ റിപ്പയർ പ്രവൃത്തികൾ നിർവഹിക്കുന്നതിനുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ട്.

| | | | |
|---|---|---|---|
| പ്രോജക്ട് | 35/23 തലാരംകുന്ന് കോളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്,കുടിവെള്ള കിണർ അഭിവൃദ്ധിപ്പെടുത്തൽ. | അടങ്കൽ | 500000 |
| ഫണ്ട് | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | കരാർ | AE/LSGD/KPTMCPLTY/100/21-22 തി. 05.01.2022 |

| | | | |
|---|---|---|---|
| അളവ് ബുക്ക് | 215/21-22 , 202/21-22 | ചെലവ് | 478737 BRN656711/.17.10.2022) |
| കരാറുകാരൻ | ശ്രീ.ലത്തീഫ് അല്ലിപ്പാറ | എസ്റ്റിമേറ്റ് ഐ.ഡി | 2021/81513 |
| TS | 47401/21-22 | നിരക്ക് | 4% കുറവ് |
| പി.എ.സി | 423601.91 | DSR | 2018, Cost Index 36.44 |

പ്രവൃത്തി കാരാർ കാലവധിക്കുള്ളിൽ പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാവുന്നു. കാരാറുകാരൻ സമയം നീട്ടി നൽകാൻ ആവശ്യപ്പെട്ടുകയോ, നിർവഹണ ഉദ്യോഗസ്ഥൻ സമയം നീട്ടി നൽകാൻ ശുപാർശ ചെയ്യുകയോ, കൗൺസിൽ സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. മാത്രമല്ല , അർഹമായ പിഴ ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ, താഴെ പറയുന്ന വിധം പിഴ ഈടാക്കേണ്ടതുണ്ട്.

| പൂർത്തീകരണ വിവരം | ഈടാക്കേണ്ട പിഴ |
|---|---|
| പൂർത്തീകരണ തിയ്യതി : 31.03.2022<br>പൂർത്തീകരിച്ച തിയ്യതി : 23.9.2022<br>(MB 202/21-22 Page 32)<br>പൂർത്തീകരണ കാലയളവ് : 3 മാസം | 01.04.2022 – 30.06.2022 @ 1% Of PAC = 4236.01<br>01.07.2022 – 23.09.2022 @ 2% Of PAC (85 Days) = 8001.33<br>ആകെ = 12237.34 |

പിഴ ഈടാക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/16.2.2024 ) മറുപടി ലഭ്യമാക്കിയില്ല.വൈകി പൂർത്തിയാക്കിയതിന് പിഴ ഇനത്തിൽ 12237.34 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-8 ചെറിയ പടപുരം കേളനിയിൽ ടോയ്ലറ്റ് – പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| പ്രോജക്ട് | 36/23 ചെറിയ പടപുരം കേളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്, കുടിവെള്ള കിണർഅഭിവൃദ്ധിപ്പെടുത്തൽ | ഫണ്ട് | CFC |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ | അടങ്കൽ | 500000 |
| എസ്റ്റിമേറ്റ് | 2021/81518 | TS | 47694/2021-22 |
| DSR | 2016, Cost Index 32.04 | കരാർ | 075/21-22/ 15.12.2021 |
| കരാറുകാരൻ | അഷ്റഫ്. കെ.സി | അളവ് ബുക്ക് | 198/2021-22, 208/2021-22, |
| ചെലവ് | 366298 | ബിൽ | 76581/06.07.2022 |
| പി.എ.സി | 439982.46 | നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |

ഈ പ്രോജക്റ്റിൽ ചെറിയ പടപുരം കേളനിയിൽ ടോയ്ലറ്റ് കോംപ്ലക്സ്, കുടിവെള്ള കിണർഅഭിവൃദ്ധിപ്പെടുത്തൽ സംവിധാനങ്ങൾ ഒരുക്കുന്നതിനാണ്. എസ്റ്റമേറ്റ് ഇനം 14 പ്ലാസ്റ്ററിങ്ങ് വർക്കാണ്. ടോയ്ലറ്റ് കെട്ടിടത്തിന്റെ ബേസ്മെന്റ് ഔട്ടർ വാൾ, ഇന്നർ വാൾ എന്നിവ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് ഡാറ്റ 13.7.2 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. Cement Plastering With Floating Coat എന്ന ഘടകം ഉൾപ്പെടുന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ഫ്ലോറ്റിങ്ങ് കോട്ട് എന്നാൽ പ്ലാസ്റ്ററിങ്ങിന് ശേഷം പ്രതലം മിനുസപ്പെടുത്തുന്നതിന് ഗ്രൗട്ട് അടിക്കുന്ന പ്രവൃത്തിയാണ്. ഇപ്രകാരമുള്ള പ്രവൃത്തി കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കാറില്ല. ഫ്ലോറ്റിങ്ങ് കോട്ട് ഉപയോഗിച്ച പ്രതലത്തിൽ പിന്നീട് പെയിന്റ് അടിക്കാനോ, ഫിനിഷിങ്ങ് കൂടിയതിനാൽ ടൈൽസ് വിരിക്കുന്നതിനോ കഴിയില്ല. ടൈൽസ് വിരിച്ച ചുമരുകളാണ് ടോയ്ലറ്റുകൾക്ക് നൽകാറുള്ളത് . അളവ് ബുക്ക് 198/2021-22പേജ് 18 ൽ 2.2 മീറ്റർ ഉയരത്തിൽ ഇന്നർ വാളും ഔട്ടർ വാളും പ്ലാസ്റ്ററിങ്ങ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മാത്രമല്ല, എസ്റ്റിമേറ്റ് ഇനം 18 പ്രകാരം DSR കോഡ് 11.36 പ്രകാരം ഇതേ പ്രതലത്തിൽ വാൾ ടൈൽ വിരിക്കുന്നതിനും , എസ്റ്റിമേറ്റ് ഇനം 19 ൽ ഇതേ പ്രതലത്തിൽ DSR കോഡ് 13.60.1 പ്രകാരമുള്ള വാൾ പെയിന്റ് ചെയ്തതായും കാണുന്നു.

വാൾ ടൈൽ വിരിക്കുകയും പിന്നീട് അവശേഷിക്കുന്ന ചുമർ ഭാഗം പെയിന്റ് ചെയ്യുകയും ചെയ്യുന്ന വിധത്തിൽ

തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13.1.1 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സൈറ്റ് പരിശോധനയിൽ സാധാരണയായി ചെയ്യുന്ന പ്ലസ്റ്ററിങ്ങ് മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം പ്ലാസ്റ്ററിങ്ങിന് 13.1.1. കോഡ് മാത്രമെ നൽകേണ്ടതുള്ളൂ. അധിക ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക - DSR 13.7.2 | നൽകാവുന്ന തുക – DSR 13.1.1 | അധികം |
|---|---|---|
| 77.09 @ 282.83 = 21803.36 | 77.09 @ 228.36 = 17604.27 | 4199.09 |

55/21.02.2024 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ 4199.09 രൂപ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 12/02/24-18/02/24 | റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കുന്നു |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| എന്റെ ഗൃഹം | CDS/ 308/2009 | 41630000 | 16115695 | 4564777 | 1921357 | 11550918 |
| Solid Waste Manage- Ment | KURDFC/ ULB/ 386/2012 | 849600 | 169920 | 42480 | 0 | 127440 |

ലൈഫ് ഭവന പദ്ധതിയുടെ വായ്പയുടെ വിവരം വായ്പ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ സംബന്ധിച്ച കണക്കുകൾ സൂക്ഷിച്ച രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയതിനാൽ വായ്പ സംബന്ധിച്ച കണക്കുകൾ വാർഷിക കണക്കുകളും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 4-4 സ്ഥിര നിക്ഷേപം

സ്ഥിര സിക്ഷേപം ഇല്ല, എന്നാൽ, ഇക്വിറ്റി ഷെയർ ആയി ₹ 10,00,000 രൂപ നിക്ഷേപം ഉണ്ട്.

### 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

### 4-6 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത

റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 26 | 1999-2000 | 4-70(എ) | അധികദൂരം കൺവേയൻസ് ചാർജ്ജിനായി കണക്കാക്കിയതിൽ നഷ്ടം | നടപടി തുടരുന്നു. |
| 1998-99 | 40 | 1999-2000 | 4-70(ബി) | മിനി സ്റ്റേഡിയം സ്ഥലം വാങ്ങിയതിൽ ക്രമക്കേടുകൾ | നടപടി തുടരുന്നു. |
| 1998-99 | 42(B) | 1999-2000 | 4-70(സി) | കൃത്രിമമായി ചെലവ് പെരുപ്പിച്ച് കാണിച്ചു | നടപടി തുടരുന്നു. |
| 1997-98 | 37 | 2001-02 | VI-10(Ii) | വസ്തുനികുതി പുനർ നിർണ്ണയം - 1997-98 – അപാകതകൾ - നഷ്ടം 5,664 രൂപ | നടപടി തുടരുന്നു. |
| 1997-98 | 32(A) | 2001-02 | VI-10(Ii) | വസ്തുനികുതി നിർണ്ണയം - കുടിശ്ശിക ഈടാക്കാത്തത് നഗരസഭയ്ക്ക് നഷ്ടം | നടപടി തുടരുന്നു. |
| 99-00 | 34, 18(3) | 2004-05 | 3-12(111) (7)(1) | മരാമത്ത് ബില്ലുകളിൽ അധിക ചെലവ് | നടപടി തുടരുന്നു. |
| 99-00 | 23(4) | 2004-05 | 3-12(111) (7) (2) | ടാറിംഗ് കരാറുകാർ ലാഭകരമായി തീർപ്പാക്കി | നടപടി തുടരുന്നു. |
| 2000-01 | 3-9 | 2007-08 | 4.12.1 | ലക്ഷം ഭവന പദ്ധതിക്ക് ഹഡ്കോ അനുവദിച്ച തുക ചെലവ് ചെയ്തതിലെ അപാകതകൾ | നടപടി തുടരുന്നു. |
| 2013-14 | - | 2013-14 | 5.2.14 | സെപ്റ്റ് വിഷൻ ഇന്ത്യ-ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീപങ്കാളികൾ | നടപടി തുടരുന്നു. |
| 2014-15 | - | 2014-15 | അധ്യായം 2 | നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല | നടപടി തുടരുന്നു. |
| 2015-16 | 3-19 | 2016-17 | 9.1 | ഗ്യാസ് ക്രിമിറ്റോറിയം - പ്രവർത്തനക്ഷമമായില്ല | നടപടി തുടരുന്നു. |
| 2017-18 | 2-15 | 2018-19 | 1-2 | ബി ഒ ടി ആന്വിറ്റി | നടപടി തുടരുന്നു. |
| 2018-19 | 3-5 | 2019-20 | 3-12(1) | തെരുവു വിളക്ക് പരിപാലനം | നടപടി തുടരുന്നു. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 269957267 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 230177972 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 124220.49 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3192026 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 40794.53 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4230.68 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 3375.08 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 16760.77 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 29202 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 13421 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 12237.34 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 4199.09 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 124220.49 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 489450 | സജീവൻ . പി.ടി, പ്രിൻസിപ്പൽ, GVHSS, കൽപറ്റ |
| 1-25-1 | 291900 | ജംഷീദ് ചെമ്പൻതൊടിക , ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-36 | 2174153 | ഡോ. ശ്രീകുമാർ മുകുന്ദൻ, സൂപ്രണ്ട്, ജനറൽ ആശുപത്രി, കൽപറ്റ |
| 1-38 | 52972 | ഡോ. ജയരാജ് . കെ, സീനിയർ വെറ്റിനറി സർജൻ |
| 1-54 | 183551 | ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 3192026 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജു. വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, സുൽത്താൻ ബത്തേരി നഗരസഭ | വെട്ടിക്കാട്ടിൽ, ചെറ്റപ്പാലം പി.ഒ, പുൽപ്പള്ളി, വയനാട് ജില്ല, 673579 |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1992-93<br>1993-94 | എൽ.എഫ്.ഡബ്ല്യു.ഇ2.181/2009 തീയതി.03.03.2009 | 5 |
| 1994-95 | എൽ.എഫ്.ഡബ്ല്യു.പി1.633/2008 തീയതി.15.4.2009 | 3 |
| 1995-96 | എൽ.എഫ്.ഡബ്ല്യു.പി2.724/2008തീയതി.15.4.2009 | 2 |
| 1996-97 | എൽ.എഫ്.ഡബ്ല്യു.ഇ2.204/2009 തീയതി. 03.03.2004 | 14 |
| 1997-98 | എൽ.എഫ്.ഡബ്ല്യു.ഇ4.43/2015 തീയതി 21.03.2015 | 4 |
| 1998-99 | എൽ.എഫ്.ഡബ്ല്യു.ഇ4.278/2013 തീയതി.16.5.2013 | 26 |
| 1999-00 | എൽ.എഫ്.ഡബ്ല്യു.ഇ4.303/2013 തീയതി.8.7.2013 | 20 |
| 2000-01 | എൽ.എഫ്.ഡബ്ല്യു.ഇ4.302/2013 തീയതി.08.07.2013 | 35 |
| 2001-02<br>(Plan) | എൽ.എഫ്.ഡബ്ല്യു.പി1.342/2004/27.03.2006 | 4 |
| 2001-02 | എൽ.എഫ്.ഡബ്ല്യു.ഇ4.604/2013/25.08.2014 | 9 |
| 2002-03 | എൽ.എഫ്.ഡബ്ല്യു.പി7-.463/2007 തീയതി. 18.11.2008 | 24 |
| 2003-04 | എൽ.എഫ്.ഡബ്ല്യു.ഇ2.759/2009 തീയതി.15.1.10 | 22 |
| 2004-05 | എൽ.എഫ്.ഡബ്ല്യു.ഇ2.562/2009 തീയതി.2.1.2010 | 11 |
| 2005-06 | എൽ.എഫ്.ഡബ്ല്യു.ഇ2.562/2009 തീയതി.11.2.2010 | 14 |
| 2006-07 | എൽ.എഫ്.ഡബ്ല്യു.ഇ4.473/2013 തീയതി.24.7.2013 | 17 |
| 2007-08 | എൽ.എഫ്.ഡബ്ല്യു.ഇ2.859/2012 തീയതി.21.11.2012 | 33 |
| 2008-09 | എൽ.എഫ്.ഡബ്ല്യു.ഇ2.97/2010 തീയതി.2.2.2012 | 44 |
| 2009-10 | എൽ.എഫ്.ഡബ്ല്യു.ഇ2.858/2012 തീയതി.06.05.2013 | 31 |
| 2010-11 | എൽ.എഫ്.ഡബ്ല്യു.ഇ2.932/2009 തീയതി.12.5.2013 | 29 |
| 2011-12 | എൽ.എഫ്.ഡബ്ല്യു.ഇ4.1036/2014 തീയതി.24.3.2015 | 22 |
| 2012-13 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം1-21/2015 തീയതി. 3.5.2016 | 8 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.1.866/15 തീയതി23.8.2016 | 25 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.1.426/16 തീയതി 30.12.2019 | 32 |
| 2015 -16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.2-70/2017 തിയതി 7.02.2017 | 28 |
| 2016-17 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം2 622/17തീയതി 10.05.2019 | 40 |
| 2017-18 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-എം2-931/18(1)തീയതി 22.06.2020 | 36 |
| 2018-19 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.3- 1014/19തിയതി 22.06.2020 | 49 |
| 2019-20 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-എം.3- 214/22തിയതി 28.05.2022 | 30 |
| 2020-21 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-എം.3- 423/22തീയതി 23.06.2022 | 70 |
| 2021-22 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-എം.3- 170/23തീയതി 29.03.2023 | 30 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 30-06-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kalpetta Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kalpetta Municipality for the year 2022-2023

**Date: 19/03/2024**

**Senior Deputy Director**
**District Office Wayanad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kalpetta Municipality for the Year 2022-2023 .

**1.Major Observations**

1.The closing balance figure for the year 2021-2022 and Opening balance figure of the current year do not match .

2.The accuracy of the municipal fund cannot be ensured as the valuation process of assets has not completed yet.

**2.Other Observations**

1,The outstanding grant amounts as per B4 Shedule do not match with the balances against the bank/treasury accounts in which they are deposited

2.Grant amounts as per the Appropriation Control Register do not match the AFS figure.

3.All the schedules as per accounting rules are not included in the annual accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

# Abstract of Annual Financial Statements

**Kalpetta Municipality**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 61680779.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5606911.00 |
| 140000000 | Fee & User Charges | I-4(b) | 9590457.00 |
| 150000000 | Sale & Hire Charges | I-5(b) | 816543.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 339366430.00 |
| 171000000 | Interest Earned | I-8 | 871323.00 |
| 180000000 | Other Income | I-9 | 136326.00 |
| | **Total Income** | | **418068769.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 50601954.00 |
| 220000000 | Administrative Expenses | I-11(b) | 13324494.00 |
| 230000000 | Operations & Maintenance | I-12(b) | 8789864.00 |
| 240000000 | Interest & Finance Charges | I-13 | 1924706.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 221837458.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 14191407.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 15123633.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 1475394.00 |
| 272000000 | Depreciation | I-17(a) | 9880080.00 |
| | **Total Expenditure** | | **337148990.00** |
| | **Gross Surplus / Deficit of income over Expenditure** | | **80919779.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -60214285.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **141134064.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |



Digitally signed by Ali Asu
Date: 2023.08.01 14:59:4
Reason: Approval
Location: Kerala

# Kalpetta Municipality
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 434355970.21 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | -11729322.00 |
| 312000000 | Reserves | B-3 | 349044328.00 |
| | **Total Reserve & Surplus** | | **771670976.21** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18636475.00 |
| | **Total Grants, Contributions for Specific Purposes** | | **18636475.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 11635878.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **11635878.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 12191412.99 |
| 350000000 | Other Liabilities | B-9 | 501306.80 |
| | **Total Current Liabilities and Provisions** | | **12692719.79** |
| | **TOTAL LIABILITIES** | | **814636049.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 480672339.00 |
| 411000000 | Accumulated Depreciation | B-11 | -43614612.00 |
| 412000000 | Capital Work in Progress | B-11 | 206332549.00 |
| | **Total Fixed Assets** | | **643390276.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1000000.00 |
| | **Total Investments** | | **1000000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 948257.00 |
| 431000000 | Sundry Debtors (Receivables) | B-15 | 63180274.00 |
| 450000000 | Cash and Bank Balance | B-17 | 99910089.00 |



Digitally signed by Ali Asu
Date: 2023.08.01 14:59:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-15 | 5044.00 |
| 460000000 | Loans, Advances and Deposits | B-18 | 6202109.00 |
| | **Total Current Assets, Loans and Advances** | | **170245773.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **814636049.00** |

# Kalpetta Municipality
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 58487478.00 |
| Cash | Cash | RP-40(a) | 1643316.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 14322544.00 |
| 130000000 | Rental income from Panchayat Properties | RP-3 | 128482.00 |
| 140000000 | Fees & User Charges | RP-4 | 6752687.00 |
| 150000000 | Sale & Hire Charges | RP-5 | 801299.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 104707484.00 |
| 171000000 | Interest Earned | RP-8 | 871323.00 |
| 180000000 | Other Income | RP-9 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 77747682.00 |
| | **Non Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 54805648.00 |
| 340000000 | Deposits Received | RP-27 | 2106220.00 |
| 350000000 | Other Liabilities | RP-29 | 7624738.00 |
| 460000000 | Loans, Advances and Deposits | RP-41 | 89160.00 |
| | **Grand total** | | **330088061.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 7586208.00 |
| 220000000 | Administrative Expenses | RP-11 | 4931048.00 |
| 230000000 | Operations & Maintenance | RP-12 | 6065628.00 |
| 240000000 | Interest & Finance Charges | RP-13 | 3349.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 67116859.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 20123021.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 13701846.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 1763394.00 |
| 350000000 | Other Liabilities | RP-29 | 27782007.00 |



Digitally signed by Ali Asu
Date: 2023.08.01 14:59:5
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-37 | 4744132.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 7038028.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 1128269.00 |
| 330000000 | Secured Loans | RP-25 | 2006317.00 |
| 340000000 | Deposits Received | RP-27 | 211221.00 |
| 350000000 | Other Liabilities | RP-29 | 51300463.00 |
| 410000000 | Fixed Assets | RP-31 | 11624624.00 |
| 412000000 | Capital work in Progress | RP-33 | 286058.00 |
| 460000000 | Loans, Advances and Deposits | RP-41 | 1765500.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 97838144.00 |
| Cash | Cash | RP-40(b) | 2071945.00 |
| | **Grand Total** | | **330088061.00** |



SENIOR DEPUTY DIRECTOR
DISTRICT AUDIT OFFICE,WAYANAD